ISSN-0971-8397

# യോജന

മേയ് 2015 | ഒരു വികസനപത്രിക | ₹ 10


## വിനോദ സഞ്ചാര മേഖല


അടിസ്ഥാന സൗകര്യങ്ങളും വിനോദ സഞ്ചാര വികസനവും
മനോജ് ദീക്ഷിത്

വിനോദസഞ്ചാര മേഖലയിലെ സംരംഭകത്വം
പ്രൊഫ. ജി. ആഞ്ജനേയ സ്വാമി

മെഡിക്കൽ ടൂറിസം – ഇന്ത്യയിലെ സാധ്യതകൾ
ഡോ. ഹരിഹരൻ

ബിതാർകനിക ദേശീയോദ്ധ്യാനം:
പരിസ്ഥിതി വിനോസഞ്ചാര മാതൃക
മധുമിത ദാസ്, ബനി ചാറ്റർജി

# ഡിജിറ്റൽ ഇന്ത്യ

ഇന്ത്യയിലെ തൊഴിൽ പരിശീലനത്തെകുറിച്ചുള്ള വിശദാംശങ്ങൾ കൂടുതൽ ആളുകലിൽ എത്തിക്കാൻ സഹായകമായ ഒരു പുതിയ വെബ്സൈറ്റ് അടുത്ത നാളിൽ ആരംഭിച്ചിട്ടു്. വദ്ധേ:/്/ിര്ോശ.റഴല.ശി എന്ന ഈ പോർട്ടൽ തൊഴിൽ മന്ത്രാലയത്തിലെ എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംങ്ങ് ഡയറക്ടറേറ്റ് ജനറൽ ആണ് വികസിപ്പിച്ചിരിക്കുന്നത്. ഗവൺമെന്റ് പദ്ധതികളുടെ പ്രകടനവും വിതരണവും നിരീക്ഷിക്കുന്നതിന് ഇത് സഹായകരമാകും.

ആദ്യഘട്ടത്തിൽ എൻസിവിടി- എംഐഎസ് പോർട്ടൽ, പ്രധാനപ്പെട്ട എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംങ്ങ് ഡയറക്ടറേറ്റ് ജനറലിനു കീഴിലുള്ള പദ്ധതികൾക്ക് ഇ – ഗവേണൻസ് സംവിധാനമാണ് നല്കിയത്. രാജ്യത്ത് എത്ര സ്ഥാപനങ്ങളിൽ ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതിയും അതിനുള്ള പ്രായോഗിക പരിശീലനവും ക്രാഫ്റ്റ്സ്മാൻ ഇൻസ്ട്രക്റ്റർ പരിശീലന പദ്ധതിയും നടക്കുന്നു, അതിന്റെ വിശദാംശങ്ങൾ, അവിടെ എത്ര സീറ്റുകൾ ലഭ്യമാണ് തുടങ്ങിയ വിവരങ്ങളാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത്. 11000 വ്യവസായ പരിശീലന സ്ഥാപനങ്ങൾ (ഐടിഐ), അവയുടെ അംഗീകാരം തുടങ്ങിയ വിവരങ്ങൾ സൈറ്റിൽ ലഭ്യമാണ്. ഈ ഐടിഐകളിൽ പ്രവേശനം നേടി കഴിഞ്ഞ ഓഗസ്റ്റ് 14 മുതൽ പരിശീലനം ആരംഭിച്ചിരിക്കുന്ന 10 ലക്ഷം വിദ്യാർത്ഥികളുടെ വിവരങ്ങളും ഈ പോർട്ടലിലു്. വിദ്യാർത്ഥികൾക്ക് അവരുടെ ഹാൾടിക്കറ്റ്, ഇ – സർട്ടിഫിക്കറ്റ് തുടങ്ങിയവ ഈ പോർട്ടലിൽ നിന്ന് നേരിട്ട് പ്രിന്റ് എടുക്കാം.

തൊഴിൽ ദാതാക്കൾക്ക് ഇ-സർട്ടിഫിക്കറ്റുകൾ പോർട്ടലിൽ പരിശോധിച്ച് അതിന്റെ നിയമസാധുത ഉറപ്പാക്കാം. ഒരു ഹെൽപ്പ് ഡസ്ക്കും ഇതിനായി ആരംഭിച്ചിട്ടു്. ആ നമ്പരിൽ വിളിച്ചാൽ സംശയങ്ങൾക്ക് മറുപടി ലഭിക്കും.

തൊഴിൽ പരിശീലന സൗകര്യങ്ങൾ, തൊഴിലവസരങ്ങൾ, അപ്രന്റിഷിപ്പ്, മന്ത്രാലയത്തിന്റെ സേവനങ്ങൾ തുടങ്ങിയ വിവരങ്ങളും ഉപദേശങ്ങളുമാണ് ഈ സൈറ്റ് നല്കുന്നത്.

വികസിപ്പിച്ചുകൊിരിക്കുന്ന അടുത്ത ഘട്ടത്തിൽ കേന്ദ്രസഹായത്തോടെ ഇൻസ്ട്രക്ടർ പരിശീലനം നടത്തുന്ന സ്ഥാപനങ്ങളെ കുറിച്ചും അപ്രന്റിഷിപ്പിനെ കുറിച്ചും, അവിടങ്ങളിലെ പ്രവേശന നടപടികളെ കുറിച്ചുമുള്ള വിവരങ്ങൾക്കൊപ്പം, ഈ കോഴ്സുകൾക്ക് രാജ്യത്തുള്ള ഇൻസക്ടർമാരുടെ കേന്ദ്രീകൃത ഡേറ്റാ ബേസും പൊതുജനങ്ങൾക്കു ലഭ്യമാക്കും. ആധാർ കാർഡുമായും നാഷണൽ കരിയർ സർവീസുമായും ബന്ധപ്പെടുത്തിയാവും എംപ്ലോയ്മെന്റ് ആൻഡ് ട്രെയിനിംങ്ങ് ഡയറക്ടറേറ്റ് ജനറൽ പോർട്ടൽ പ്രവർത്തിക്കുക.

മേയ് 2015

വാല്യം 43 | ലക്കം 10

# യോജന

ചീഫ് എഡിറ്റർ:
**ദീപിക കച്ചൽ**

**മലയാളം പതിപ്പ്**

സീനിയർ എഡിറ്റർ:
**ഡോ. നീതു സോണ എം.**




ഈ ലക്കത്തിൽ

## വിനോദസഞ്ചാര മേഖല

**മലയാളം പതിപ്പ്** : റ്റി.സി 25/139, ഗവൺമെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001, ഫോൺ : 0471 – 2323826
ഇ-മെയിൽ : yojanamal50@yahoo.co.in, yojanamalayalam@gmail.com

**വെബ്സൈറ്റ്** : www.yojana.gov.in
**ഇ-മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:

അഡ്വർടൈസിങ് ആന്റ് സർക്കുലേഷൻ മാനേജർ, ഈസ്റ്റ് ബ്ലോക്ക് – 4, ലെവൽ – 7, ആർ.കെ.പുരം, ന്യൂഡൽഹി – 110066, ഫോൺ : 26105590

വരിസംഖ്യ ഒരു വർഷം ₹ 100/-, രണ്ടു വർഷം ₹ 180, മൂന്നുവർഷം ₹ 250/-

യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.

യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ. പി.ജി ധോപെ

യോജന മേയ് 2015




# ലേഖനങ്ങൾ ക്ഷണിക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

## ലേഖനങ്ങൾ

**വിദഗ്ദ്ധരിൽ നിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

**വിലാസം:**

**പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം – 695 001**

**ഫോൺ നമ്പർ : 0471 – 2323826**

**ഇ–മെയിൽ:**

yojanamalayalam@gmail.com,yojanamal50@yahoo.co.in

യോജന
● മേയ് 2015 ● വാല്യം 43 ● ലക്കം പത്ത്

# ഉള്ളടക്കം

## വിനോദസഞ്ചാര മേഖല

7 അടിസ്ഥാന സൗകര്യങ്ങളും വിനോദ സഞ്ചാര വികസനവും
മനോജ് ദീക്ഷിത്

12 വിനോദസഞ്ചാര മേഖലയിലെ സംരംഭകത്വം
പ്രൊഫ. ജി. ആഞ്ജനേയ സ്വാമി

17 മെഡിക്കൽ ടൂറിസം – ഇന്ത്യയിലെ സാധ്യതകൾ
ഡോ. ഹരിഹരൻ

22 വിദ്യാഭ്യാസ ടൂറിസം ഇന്ത്യയിൽ
അർച്ചനാ കുമാരി, ദിവ്യാൻഷു കുമാർ

27 ബിതാർകനികദേശീയോദ്യാനം: പരിസ്ഥിതി വിനോദ സഞ്ചാര മാതൃക
മധുമിത ദാസ, ബനി ചാറ്റർജി

32 അതിരുകളില്ലാത്ത ഉല്ലാസ പറുദീസ
ഫ്രാങ്കോ ലൂയിസ്

37 നിതി ആയോഗും വികസന വെല്ലുവിളികളും: ഒരു പഠനം
ഡോ. ഐസി.കെ. ജോൺ

43 വിവരാവകാശ നിയമം: പതിറ്റാണ്ടുകൾ നീണ്ട അവകാശ പോരാട്ടങ്ങൾ
അഡ്വ. ഡി.ബി. ബിനു

48 മേക്ക് ഇൻ ഇന്ത്യയുടെ പ്രസക്തി
കസ്തൂരി ചക്രവർത്തി

54 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

**ജൂൺ 2015**

**ബദൽ വൈദ്യശാസ്ത്രം**

# നാം സഞ്ചരിക്കുന്ന ഇടങ്ങൾ

ഈ ലോകം ഒരു വലിയ പുസ്തകമാകുന്നു. യാത്രചെയ്യാത്തവർ ആ പുസ്തകത്തിലെ ഒരു താൾ മാത്രം വായിക്കുന്നവരും. ഇത് ദൈവശാസ്ത്ര ചിന്തകനായ സെന്റ് അഗസ്റ്റിന്റെ വാക്കുകളാണ്. യാത്രയുടെ യഥാർത്ഥ ആത്മാവ് ഈ വാക്കുകളിലുണ്ട്. ഭൂമിശാസ്ത്രപരമായ വൈവിധ്യം കൊണ്ട് യാത്രികരെ ആവേശം കൊള്ളിക്കുന്ന രാജ്യമാണ് ഇന്ത്യ. അതുകൊണ്ടു തന്നെ ഇവിടേയ്ക്ക് യാത്ര ചെയ്യാൻ ലോകമെമ്പാടുമുള്ള യാത്രികർക്ക് നിരവധി കാരണങ്ങളും ഉണ്ട്. പ്രകൃതി സൗന്ദര്യം, ചരിത്ര സ്മാരകങ്ങൾ, പൈതൃകം, വൈവിധ്യമാർന്ന നിറങ്ങൾ, സംസ്കാരങ്ങൾ, രുചികൾ, തീർത്ഥാടന കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം വിനോദ യാത്രാ സങ്കേതം എന്ന നിലയിൽ ഇന്ത്യയുടെ സാധ്യതകൾ വർധിപ്പിക്കുന്നു. ഈ അടുത്ത നാളുകളിലായി വിദ്യാഭ്യാസം, മെഡിക്കൽ ടൂറിസം, സാഹസികത, ഗ്രാമീണ പരിസ്ഥിതി ടൂറിസം തുടങ്ങിയ മേഖലകൾ ഇന്ത്യയുടെ വിനോദയാത്ര വ്യവസായത്തിൽ പുതിയ മാനങ്ങൾ കൂട്ടിച്ചേർത്തിരിക്കുന്നു. അന്താരാഷ്ട്ര തലത്തിൽ മാത്രമല്ല, പ്രാദേശിക വിനോദ യാത്രാ മേഖലയിൽ പോലും പുതിയ ഉയരങ്ങളിലേയ്ക്കും ചക്രവാളങ്ങളിലേയ്ക്കും ഇന്ത്യ വളർന്നിരിക്കുന്നു. ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ വിനോദ സഞ്ചാര മേഖല നല്കിയിരിക്കുന്ന വിഹിതം 6.6 ശതമാനമാണ്.

ഗവൺമെന്റിന്റെ നയങ്ങൾ മേഖലയുടെ വളർച്ചയ്ക്കായി ഒരു ചട്ടക്കൂട് രൂപീകരിച്ചിട്ടുണ്ട്. പുതിയ ഗവൺമെന്റിന്റെ കാഴ്ച്ചപ്പാട് 2016 –17 ൽ ഇവിടേയ്ക്കുള്ള വിദേശ സഞ്ചാരികളുടെ വരവ് ഒരു ശതമാനം വർധിപ്പിക്കണം എന്നാണ്. അതിനായി വിസ നിയമങ്ങളിൽ പോലും ഇളവ് അനുവദിച്ചിരിക്കുന്നു. 40 രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് ഇവിടെ എത്തിയശേഷം അവരുടെ വിസ മുദ്ര ചെയ്താൽ മതി. മറ്റ് 106 രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർക്കു കൂടി ഈ സൗകര്യം ലഭ്യമാക്കാൻ നടപടികൾ പുരോഗമിക്കുന്നു. മൊബൈൽ ആപ് വഴി രാജ്യത്തെ പ്രധാന ടൂർ ഓപ്പറേറ്റർമാരുടെയും, നിലവാരമുള്ള ഹോട്ടലുകളുടെയും, മറ്റ് ആതിഥേയ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമാക്കാനുള്ള നീക്കവും ശരിയായ ദിശയിലേയ്ക്കുള്ള മുന്നേറ്റമാണ്. സ്വദേശ് ദർശൻ, നാഷണൽ മിഷൻ ഫോർ പിൽഗ്രിമേജ് റിജുവനേഷൻ ആൻഡ് ഓഗ്മെന്റേഷൻ ഡ്രൈവ്, തീർത്ഥാടന കേന്ദ്രങ്ങളുടെ സൗന്ദര്യവത്ക്കരണം ലക്ഷ്യമാക്കിയുള്ള പ്രസാദ് തുടങ്ങിയ പദ്ധതികൾ 145 കോടി വരുന്ന രാജ്യത്തെ എല്ലാ വിശ്വാസി സമൂഹങ്ങളെയും ലക്ഷ്യമാക്കിയാണ് 2016 –17 കാലത്ത് നടപ്പാക്കുന്നത്. ഇതു കൂടാതെ ഹുണർ സി റോസ്ഗാർ തക്, ഹുണർ സൈക്ക തുടങ്ങിയ പദ്ധതികൾ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്തിരിക്കുന്നവയാണ്.

എന്നാൽ ഈ പദ്ധതികൾക്ക് വിഭവങ്ങളും സാമ്പത്തിക മൂല്യവും നല്കി, അവയെ സമൂഹത്തിന്റെയും വ്യക്തികളുടെയും ഉയർച്ചയ്ക്കായി ചൂഷണം ചെയ്യേണ്ടത് ദീർഘദൃഷ്ടിയും വിദൂര വീക്ഷണവുമുള്ള മികച്ച സംരംഭകരുടെ ഉത്തരവാദിത്തമാണ്. ടൂറിസം വ്യവസായവും, അതിൽ തന്നെ ഗതാഗതം, താമസ സൗകര്യം, ഭക്ഷണം, യാത്ര, വിനോദം തുടങ്ങി അതിന്റെ എല്ലാ അനുബന്ധ മേഖലകളും വൻ മുന്നേറ്റത്തിനുള്ള സാധ്യതകളാണ് വാഗ്ദാനം ചെയ്യുന്നത്.

അതിഥി ദേവോ ഭവ എന്ന ഉദാത്തമായ ആർഷ സങ്കല്പം യാത്രക്കാരന് അതിഥിയുടെ ആദരവും, സമൂഹത്തിന് ആതിഥേയന്റെ ഉത്തരവാദിത്തവും നല്കുന്നു. ഭാവിയിൽ ഇവിടുത്തെ പൊതു സമൂഹത്തിന് ടൂറിസത്തിൽ ഒരേ സമയം സേവന ദാതാവിന്റെയും അതോടൊപ്പം ഗുണഭോക്താവിന്റെയും ഇരട്ട റോൾ ആയിരിക്കും ഉണ്ടാകാൻ പോകുന്നത്. സമൂഹത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുമുള്ള യഥാർത്ഥ മാർഗ്ഗമായി ടൂറിസം പരിണമിക്കും.

ഇന്ത്യയിലെ ടൂറിസത്തിന്റെ ഭാവി വളരെ ശോഭനമാണ്. പക്ഷെ അതിന് നാം വളരെ മുന്നോട്ടു പോകണം. തത്വചിന്തകനായ ലാവൊ സു പറഞ്ഞ പോലെ, ആയിരം കാതങ്ങളുള്ള യാത്രയും ഒരു കാൽ വയ്പിലൂടെയാണ് തുടങ്ങുക. അതെ, ഇന്ത്യ ഇപ്പോൾ വിനോദസഞ്ചാര മേഖലയിൽ കൈവരിച്ചിരിക്കുന്ന വളർച്ചയിലൂടെ ആ ഒരു ചുവടുവയ്പ് നടത്തി കഴിഞ്ഞിരിക്കുന്നു.

# അടിസ്ഥാന സൗകര്യങ്ങളും വിനോദസഞ്ചാര വികസനവും



മനോജ് ദീക്ഷിത്

**ന**മ്മുടെ വിനോദസഞ്ചാര കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരങ്ങൾ, അനുബന്ധ നിരക്കുകൾ, അവിടേയ്ക്കുള്ള ഗതാഗതം, അവിടുത്തെ താമസ സൗകര്യങ്ങൾ തുടങ്ങി നാം ഏർപ്പെടുത്തിയിരിക്കുന്ന വൈവിധ്യമാർന്ന സേവനങ്ങൾ എന്നിവ ഇവിടെ എത്തുന്ന വിനോദസഞ്ചാരികൾ ഉപയോഗപ്പെടുത്തുമ്പോഴാണ് വിനോദസഞ്ചാരം ഒരു സങ്കീർണമായ ഉപഭോക്തൃ അനുഭവമായി മാറുന്നത്. അതുമാത്രമല്ല, സഞ്ചാരികളുടെ ലക്ഷ്യസ്ഥാനമായ രാജ്യത്തിന്റെ സാമ്പത്തിക രാഷ്ട്രീയ അവസ്ഥകൾ, പ്രകൃതിയുമായി ബന്ധപ്പെട്ട ഘടനാപരമായ പ്രത്യേകതകൾ തുടങ്ങിയവയും വിനോദസഞ്ചാരമെന്ന അനുഭവത്തെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിക്കുന്നുണ്ട്. എങ്ങിനെയാണ് വിനോദസഞ്ചാരികളുടെ ലക്ഷ്യ രാജ്യത്തെ വിവിധ ഘടകങ്ങൾ സഞ്ചാരികളുടെ യാത്രയെ സ്വാധീനിക്കുന്നത്?

ഉത്പ്പന്ന അനുഭവം എന്ന നിലയിലുള്ള സേവന ഘടനയുടെ പങ്ക് ആദ്യം അംഗീകരിച്ചത് സ്മിത്താണ്. ലക്ഷ്യരാജ്യത്തെ അതിസൂക്ഷ്മ സാഹചര്യങ്ങളിലാണ് സേവന ഘടന അടങ്ങിയിരിക്കുന്നത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. വിനോദസഞ്ചാര കേന്ദ്രത്തിലെ അതിസൂക്ഷ്മ സാഹചര്യങ്ങളുടെ തലം, ഉപയോഗം, സാങ്കേതിക വിദ്യയുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും അഭാവം തുടങ്ങിയവ സന്ദർശകരുടെ യാത്രാ അനുഭവത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. സഞ്ചാരികളിൽ ഒരു വിനോദസഞ്ചാര കേന്ദ്രത്തിന്റെ മൊത്തം പ്രതിഛായ രൂപപ്പെടുന്നത് അവരുടെ സന്ദർശനത്തിനു ശേഷമാണ്. എന്നാൽ അതിൽ പ്രധാന പങ്ക് വഹിക്കുന്നത് അടിസ്ഥാന സൗകര്യങ്ങളായിരിക്കും.

നല്ല റോഡുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, വൈദ്യുതി വിതരണം, അഴുക്കുചാലുകൾ, കുപ്പിവെള്ളം തുടങ്ങിയ അനുബന്ധ ഘടകങ്ങളില്ലാതെ വിനോദസഞ്ചാര ആസൂത്രണവും വികസനവും സാധ്യമല്ല. അതിനാൽ മേൽ സൂചിപ്പിച്ച എല്ലാ അംശങ്ങളും ഒരു വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്ക് സഞ്ചാരികളെ ആകർഷിക്കുന്ന അടിസ്ഥാന ഘടകങ്ങളാകുന്നു. അതിനാൽ അടിസ്ഥാന സൗകര്യങ്ങളുടെ വ്യാപ്തി വിനോദസഞ്ചാര മേഖലയുടെ വികസനത്തെ സ്വാധീനിക്കുന്ന അവശ്യ ഘടകമാകുന്നു.

**ഇന്ത്യയിലെ അടിസ്ഥാന ഘടകങ്ങളും വിനോദസഞ്ചാരവും**

ഗതാഗത, സാമൂഹിക, പാരിസ്ഥിതിക സൗകര്യങ്ങൾ പ്രാദേശിക തലത്തിൽ ഒരു പ്രത്യേക

ലക്ഷ്യ സ്ഥാനത്ത് കേന്ദ്രീകരിക്കുന്നതാണ് വിനോദസഞ്ചാരത്തിനുള്ള അടിസ്ഥാന ഘടകങ്ങൾ. അവ:

**ഗതാഗത സൗകര്യങ്ങൾ**: സന്ദർശിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തേയ്ക്ക് വിദേശത്തുനിന്നോ സ്വദേശത്തു നിന്നോ എത്തിച്ചേരാനുള്ള സൗകര്യങ്ങൾ, ഉദാഹരണത്തിന് പ്രധാന റോഡുകൾ, വിമാനത്താവളം, റെയിൽവെ സ്റ്റേഷൻ തുടങ്ങിയവ.

**സാമൂഹിക സൗകര്യങ്ങൾ**: സന്ദർശകർക്കു താമസിക്കാനുള്ള മുറികൾ, പ്രദർശനങ്ങൾക്കും മറ്റുമുള്ള സംവിധാനങ്ങൾ, സന്ദർശകരെ ആകർഷിക്കാനുള്ള പരിപാടികൾ, സേവനങ്ങൾ എന്നിവയാണിത്. അതായത് ടൂറിസ്റ്റ് കേന്ദ്രങ്ങളോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള നിലവാരമുള്ള ഹോട്ടലുകൾ, കൺവൻഷൻ സെന്ററുകൾ, സ്റ്റേഡിയങ്ങൾ, ഗാലറികൾ.

**പാരിസ്ഥിതിക സൗകര്യങ്ങൾ**: ദേശീയ ഉദ്യാനങ്ങൾ, മറൈൻ പാർക്കുകൾ, സന്ദർശന സൗകര്യത്തോടുകൂടിയ റിസർവ് വനങ്ങൾ തുടങ്ങിയവ.

**സഹകരണ സൗകര്യങ്ങൾ**: ടൂറിസ വിപണിയും അതിലെ വില്പന സാധ്യതകളും ഉൾപ്പെടുന്ന പ്രാദേശികവും ദേശീയവുമായ വിനോദസഞ്ചാര, ട്രാവൽ ഏജൻസികളുടെ ശൃംഖല.

ഇവിടെ വിനോദസഞ്ചാര മേഖലയിൽ 78 ശതമാനം മൂലധന നിക്ഷേപവും നടത്തിയിരിക്കുന്നത് സ്വകാര്യ സംരംഭകരാണ്. അന്താരാഷ്ട്ര വിമാനത്താവളങ്ങൾ, വൻകിട ഹോട്ടലുകൾ എന്നിങ്ങനെ മിക്കതും സ്വകാര്യമേഖലയാണ് ഒരുക്കിയിരിക്കുന്നത്. എന്നാൽ റോഡ്, റെയിൽ, തുറമുഖങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ എല്ലാം പൂർണമായും പൊതു മേഖലയുടേതാണ്. കൺവൻഷൻ സെന്ററുകൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയും പൊതുമേഖലയുടെ സ്വത്താണ്.

ലോകത്തിലെ ഏറ്റവും മികച്ച 10 വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പട്ടികയിലാണ് കൊണ്ടെ നാസ്റ്റ് ഇന്ത്യയെ ഉൾപ്പെടുത്തിയിരിക്കുന്നത്. ലോകത്തിൽ ഇതുപോലെ വൈവിധ്യമാർന്ന വിനോദ സഞ്ചാര സ്ഥലങ്ങൾ ഉള്ള മറ്റൊരു രാജ്യം ഉണ്ടാവില്ല. പർവതങ്ങൾ, കാടുകൾ, ചരിത്രം, സാഹസിക വിനോദസഞ്ചാരം, മെഡിക്കൽ ടൂറിസം (ആയുർവേദവും മറ്റ് ഇന്ത്യൻ ചികിത്സാ രീതികളും ഉൾപ്പെടെ), ആദ്ധ്യാത്മിക വിനോദസഞ്ചാരം, കടലോര വിനോദസഞ്ചാരം (ഏറ്റവും ദൈർഘ്യമേറിയ കടൽ തീരമുള്ളത് ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തിയിലാണ്). മറ്റ് ഏത് രാജ്യത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളെയും അപേക്ഷിച്ച് വളരെ വൈവിധ്യമാർന്ന കാഴ്ച്ച സ്ഥലങ്ങളാണ് ഇന്ത്യയിലുള്ളത്. ഓരോ സ്ഥലങ്ങളിലും പ്രത്യേക സംസ്കാരം, ഉത്സവങ്ങൾ, വേഷങ്ങൾ, ചരിത്ര സ്മാരകങ്ങൾ, ആത്മീയ പ്രബുദ്ധത എന്നിവയാണ് കാണുക.

എന്നാൽ 1990 കൾ മുതൽ ഇന്ത്യയിലെ വിനോദ സഞ്ചാര വ്യവസായം അത്രയങ്ങു മെച്ചമെന്നു പറയാവുന്ന അവസ്ഥയിലല്ല. ഇന്ത്യൻ സമ്പദ് വ്യവസ്ഥ അല്പം മന്ദഗതിയിലാണെങ്കിലും ലോകത്തിലെ ഇതര രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ വേഗത്തിലാണ് അതിന്റെ മുന്നേറ്റം. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വാർഷിക വളർച്ചാനിരക്ക് 5 ശതമാനമാണ്. അവധി ആഘോഷിക്കാനായി വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് യാത്രകൾ പോകുന്നവരുടെ എണ്ണത്തിലും ഗണ്യമായ വർധന കാണുന്നുണ്ട്. ഇന്ത്യയുടെ വിനോദസഞ്ചാര വ്യവസായത്തിന്റെ സാധ്യതകൾ അനന്തമാണ്. വരും വർഷങ്ങളിൽ ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തു പകരുമെന്നതിൽ സംശയമില്ല.

പല പ്രശ്നങ്ങളും രാജ്യത്തെ അലട്ടുന്നുണ്ടെങ്കിലും ഇന്ത്യക്ക് ഏറ്റവും കൂടുതൽ വിദേശ നാണ്യം നേടിത്തരുന്ന രണ്ടാമത്തെ വ്യവസായ മേഖലയാണ് വിനോദസഞ്ചാരം. ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 6.6 ശതമാനം സംഭാവന വിനോദസഞ്ചാര മേഖലയുടേതാണ്. രാജ്യത്ത് 2012 ൽ 39.5 ദശലക്ഷം തൊഴിലവസരങ്ങളാണ് അത് സൃഷ്ടിച്ചത്. കഴിഞ്ഞ അഞ്ചു വർഷമായി വിനോദ സഞ്ചാരികളുടെ വരവ് 16 ശതമാനം കണ്ട് വർധിച്ചിട്ടുണ്ട്. അടുത്ത പത്തു

വർഷത്തിനുള്ളിൽ അത് 12 ശതമാനം കൂടി വർധിക്കും. 2013 ൽ ടൂറിസം മേഖല രാജ്യത്തെ സമ്പദ് വ്യവസ്ഥയ്ക്ക് നല്കിയ സംഭാവന 63,160 കോടി രൂപയാണ്. അഞ്ചു ദശ ലക്ഷം വിദേശ യാത്രക്കാർ ഇക്കാലയളവിൽ ഇന്ത്യ സന്ദർശിച്ചു. ഇന്ത്യയിൽ നിന്നുള്ള വിനോദ സഞ്ചാരികളാകട്ടെ 500 ദശ ലക്ഷവും.

ഇന്ത്യൻ ടൂറിസം മേഖലയുടെ വളർച്ച ചെറുതല്ല എന്നാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ സംഖ്യയിലും വലിയ വളർച്ചയാണ്. ആഘോഷങ്ങളും ഉത്സവങ്ങളും ഇന്ത്യയിൽ എക്കാലത്തും ഉണ്ട്. ഉത്തരേന്ത്യയിൽ അത് കുംഭമേളയും കേരളത്തിൽ ഓണവും മറ്റും എല്ലാ വർഷവും ഓരോ സീസണുകളിലും വിദേശികളെ ഇങ്ങോട്ടേയ്ക്ക് ആകർഷിക്കുന്നു.

അനന്തമായ സാധ്യതകൾ ഉണ്ടായിരുന്നിട്ടും പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗൃഹീതമായിട്ടും നമ്മുടെ പല സംസ്ഥാനങ്ങളും പ്രത്യേകിച്ച് വടക്കു കിഴക്കു സംസ്ഥാനങ്ങൾ, ലക്ഷദ്വീപ്, ഛത്തിസ്ഗഡ് തുടങ്ങിയവ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ വളരെ പിന്നിലാണ്. കാരണം വിനോദസഞ്ചാര സൗകര്യങ്ങളുടെ അഭാവം തന്നെ.

വേൾഡ് ട്രാവൽ ആൻഡ് ടൂറിസം കൗൺസിലിന്റെ ഒരു റിപ്പോർട്ടു പ്രകാരം 2014 ൽ ഇന്ത്യൻ സമ്പദ് വ്യവസ്ഥ വിനോദ സഞ്ചാര മേഖലയിൽ നിന്നു പ്രതീക്ഷിക്കുന്ന വളർച്ച 7.3 ശതമാനമാണ്.

രാജ്യാന്തര ഓഡിറ്റിങ് സ്ഥാപനമായ ഡിലോയിറ്റിന്റെ അഭിപ്രായമനുസരിച്ച് 2017 ൽ ഇന്ത്യൻ വിനോദ സഞ്ചാര മേഖല 42.8 ദശലക്ഷം ഡോളറിന്റെ നേട്ടം കൈവരിക്കും. പ്രതികൂല സാഹചര്യങ്ങളും വെല്ലുവിളികളും ധാരാളം ഉണ്ടെങ്കിലും, രാജ്യം ഈ ലക്ഷ്യപ്രാപ്തിക്കായി കഠിനാധ്വാനം നടത്തുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അതനുസരിച്ചുള്ള വികസനങ്ങൾ നടക്കുന്നുമുണ്ട്. ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുമ്പോഴും ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ചാനിരക്ക് രേഖപ്പെടുത്തിക്കൊണ്ട് സുരക്ഷിതമായി നിലനില്ക്കുന്നു എന്നാണ് ഡിലേയ്റ്റ് റിപ്പോർട്ട്. ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റർമാർ,വിമാനക്കമ്പനികൾ, കപ്പൽ കമ്പനികൾ തുടങ്ങി എണ്ണമറ്റ പങ്കാളികൾ ചേർന്ന് നമ്മുടെ വിനോദസഞ്ചാര വ്യവസായത്തെ മുന്നിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുന്നു. അതാണ് ഈ വളർച്ചയ്ക്കു കാരണം.

രാജ്യത്ത് ദീർഘകാലാടിസ്ഥാനത്തിൽ മൂലധന നിക്ഷേപത്തിന് ആഗ്രഹിക്കുന്നവർക്കുള്ള ഏറ്റവും വലിയ സാധ്യതയാണ് വിനോദസഞ്ചാര മേഖല. ഇന്ത്യയിലെ ഈ സാധ്യത മനസിലാക്കി രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി ഹോട്ടൽ ശൃംഖലകൾ ഈ അവസരം മുതലെടുക്കാൻ തിരക്കു കൂട്ടുന്നുണ്ട്. ഈ രംഗത്ത് ഏറ്റവും ഭാവിയുള്ളത് മെഡിക്കൽ ടൂറിസത്തിനാകയാൽ ബഹുകോടി ഡോളർ ലക്ഷ്യം വച്ച് ലോകോത്തര സൗകര്യങ്ങളാണ് ഇവിടെ സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നത്.

2013 ൽ ഇന്ത്യയിലെത്തിയ വിദേശ സഞ്ചാരികളുടെ കണക്ക്.(ദശലക്ഷ പ്രകാരം)

| | | | | |
|---|---|---|---|---|
| 1. | യുഎസ്എ | - | 1.085 | (15.58 %) |
| 2. | യുകെ | - | 0.809 | (11.62 %) |
| 3. | ബംഗ്ലാദേശ് | - | 0.525 | (7.53%) |
| 4. | ശ്രീലങ്ക | - | 0.262 | (3.72 %) |
| 5. | റഷ്യ | - | 0.259 | (3.72 %) |
| 6. | കാനഡ | - | 0.225 | (3.66 %) |
| 7. | ജർമ്മനി | - | 0.252 | ( 3.62 %) |
| 8. | ഫ്രാൻസ് | - | 0.248 | (3.56 %) |
| 9. | മലേഷ്യ | - | 0.243 | (3.48 %) |
| 10. | ജപ്പാൻ | - | 0.220 | (3.16 %) |
| 11. | ഓസ്ട്രേലിയ | - | 0.219 | (3.14 %) |
| 12. | ചൈന | - | 0.175 | (2.51 %) |
| 13. | സിംഗപ്പൂർ | - | 0.14 | (2.05 %) |
| 14. | തായ്‌ലൻഡ് | - | 0.117 | (1.68 %) |
| 15. | നേപ്പാൾ | - | 0.114 | (1.63 %) |

(സ്രോതസ്: വിനോദ സഞ്ചാര മന്ത്രാലയം 2013 ലെ ടൂറിസം സ്ഥിതിവിവരക്കണക്കുകൾ).

താമസ സൗകര്യങ്ങൾ, യാത്രാസൗകര്യ

ങ്ങൾ, വിനോദോപാധികൾ തുടങ്ങിയവയാണ് ഏതൊരു വിനോദ സഞ്ചാര കേന്ദ്രത്തിന്റെയും പ്രധാന ഘടകങ്ങൾ. ഈ ഘടകങ്ങളുടെ ദേശീയവും അന്തർദേശീവുമായ നിലവാരമാണ് ആ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ മൂല്യം അളക്കുന്നതും സഞ്ചാരികളെ അങ്ങോട്ടേയ്ക്ക് ആകർഷിക്കുന്നതും.

ഇന്ത്യയിൽ ഈ വ്യവസായത്തിന്റെ പെട്ടെന്നുള്ള വികസനം ഒരു കൊടുങ്കാറ്റു പോലെയായിരുന്നു. യഥാർത്ഥത്തിൽ ഈ മേഖലയിൽ നിന്നുള്ള വരുമാനം കോടിക്കണക്കിനു ഡോളറിന്റേതാണ്. ഇന്ത്യയ്ക്ക് ഏറ്റവും വിദേശ നാണ്യം നേടിത്തരുന്നതും ഈ മേഖലയിൽ നിന്നുള്ള വരുമാനമത്രെ.

**റോഡുകൾ റെയിലുകൾ**

ഇന്ത്യയിൽ ഇനിയും നല്ല റോഡുകൾ ഇല്ല എന്നതാണ് സത്യം. രാജ്യത്തെ 12 ശതമാനം റോഡുകൾ മാത്രമെ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നുള്ളു. ഇത് വിദേശ ടൂറിസ്റ്റുകളുടെ വരവിനെ ബാധിക്കുന്നു. യൂറോപ്പിൽ നിന്നുള്ള സഞ്ചാരികൾക്കിഷ്ടം റോഡുമാർഗ്ഗമുള്ള യാത്രകളാണ്. നേരെ മറിച്ചാണ് ഇന്ത്യക്കാർ. അവർ റോഡു മാർഗ്ഗമുള്ള യാത്രയ്ക്കു മുമ്പ് മൂന്നു വട്ടം ചിന്തിക്കും. മാത്രവുമല്ല, നമ്മുടെ രാജ്യത്തെ അച്ചടക്കമില്ലാത്ത ഡ്രൈവിങ്ങും അപകടങ്ങൾ വിളിച്ചു വരുത്തുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടക്കുന്നത് ഇന്ത്യയിലാണ്. റെയിൽ പാതകളുടെ കാര്യമെടുത്താൽ 41 ശതമാനം ട്രാക്കുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്.

**ഉൾനാടൻ ജല ഗതാഗതം**

നദികൾ, കനാലുകൾ, കായലുകൾ, തോടുകൾ തുടങ്ങിയ സ്രോതസുകളിലായി ഇന്ത്യയ്ക്ക് ഏകദേശം 14,500 കിലോ മീറ്റർ ഉൾനാടൻ ജലപാതയുണ്ട്. ഈ ഉൾനാടൻ ജലപാതകളിലൂടെ 2006 –07 ൽ നാം 2.82 ദശലക്ഷം ടൺ ചരക്കാണ് നീക്കം ചെയ്തത്. ഇന്ന് ഇത് ഗംഗ, ഭഗീരഥി, ഹൂഗ്ലി നദികളിൽ മാത്രമായി നിയന്ത്രിച്ചിരിക്കുന്നു. ബ്രഹ്മപുത്ര, ബരക്ക്, ഗോവയിലെ നദികൾ, കേരളത്തിലെ കായലുകൾ, മുംബൈയിലെ ജലപാതകൾ, കൃഷ്ണ ഗോദാവരി മേഖലയിലെ നദികൾ തുടങ്ങിയ സാധ്യതകൾ ഇനിയും ചൂഷണം ചെയ്യപ്പെടാതെ കിടക്കുന്നു. യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ച് ഈ ജലപാതകളിലൂടെ വൻ തോതിൽ ഗതാഗതം നടത്താവുന്നതാണ്. കുറെയെല്ലാം യാത്രക്കാരും ചരക്കുകളും ഇതുവഴി കടന്നു പോകുന്നെങ്കിലും അതു സംബന്ധിച്ച കൃത്യമായ കണക്കുകൾ ഇല്ല.

**വിമാനത്താവളങ്ങൾ**

ഇന്ത്യയിൽ 46 വിമാനത്താവളങ്ങളുണ്ട്. രാജ്യത്തിന്റെ ഇതര ഭാഗങ്ങളുമായി ബന്ധമില്ലാത്തവയാണ് ഇവയിൽ മിക്കതും. അതിനാൽ പല വിമാനയാത്രകൾക്കും ട്രെയിൻ യാത്രയെക്കാൾ കൂടുതൽ സമയം ചെലവാക്കേണ്ടിയിരിക്കുന്നു. ഉദാഹരണത്തിന് ആഗ്രയിൽ നിന്ന് വരണാസിയിലേയ്ക്കോ ജയപ്പൂരിലേയ്ക്കോ വിമാനത്തിൽ വരണമെങ്കിൽ ആദ്യം ഡൽഹിക്കു പോയി അവിടെ നിന്ന് അടുത്ത വിമാനം പിടിക്കണം.

ഈ വിനോദസഞ്ചാര വിപ്ലവത്തിന്റെ അവസരങ്ങൾ മുതലെടുക്കാൻ ഇന്ത്യക്ക് സാധിക്കുന്നില്ലെങ്കിൽ, നാം നമ്മെത്തന്നെ പഴിച്ചാൽ മതി. വളരെ ചെറിയ ചില സംരംഭങ്ങൾ മാത്രം മതി നമുക്ക് ഈ വ്യവസായത്തിൽ മുന്നേറാനും ഇതിന്റെ ആനുകൂല്യങ്ങൾ നേടാനും. വിമാനത്താവളങ്ങൾ, റെയിൽ ഗതാഗതം, റോഡ് ഗതാഗതം, ഹോട്ടലുകളിൽ നല്ല പരിശീലനം ലഭിച്ച ജീവനക്കാർ, ഷോപ്പിംങ് മാളുകൾ, യാത്രാ സൗകര്യങ്ങൾ, മെഡിക്കൽ ടൂറിസം, വിദ്യാഭ്യാസ ടൂറിസം, സുസ്ഥിര വികസന മാനദണ്ഡങ്ങൾ തുടങ്ങിയ മേഖലകളിലാണ് നമുക്ക് അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഉള്ളത്. നികുതി ഇളവുകൾ, വിദേശ നിക്ഷേപങ്ങൾക്ക് ഏകജാലക സൗകര്യം, ഭൂമി വാടകയ്ക്ക് നല്കൽ, ബാങ്കുകളിൽ നിന്നു കുറഞ്ഞ പലിശയ്ക്ക് ദീർഘകാല വായ്പ തുടങ്ങിയവ വഴി ഇങ്ങോട്ടേയ്ക്ക് കൂടുതൽ സ്വകാര്യ സംരംഭകരെ ആകർഷിക്കാൻ സാധിക്കും. ഇതിലൂടെ മാത്രമെ ഈ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ സാധിക്കുകയുള്ളു. പക്ഷെ വളരെ സൂക്ഷിച്ചുള്ള ഒരു സമീപനം ആവശ്യമാണെന്നു മാത്രം. ദേശീയ പാതകളും റെയിൽ പാതകളും വിമാനത്താവളങ്ങളും നിർമ്മി

ക്കുന്നതിൽ മാത്രമല്ല ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസന പ്രശ്നങ്ങൾ. അവസാന നിമിഷത്തിലാണ് നാം ഇത്തരം പ്രശ്നങ്ങൾ തിരിച്ചറിയുന്നത്, അപ്പോൾ അവ കൈകാര്യം ചെയ്യുന്നതിൽ പരാജയം സംഭവിക്കുന്നു. ഇതു പരിഹരിക്കാത്തിടത്തോളം കാലം നമ്മുടെ വിദേശ ടൂറിസ്റ്റുകളുടെ സംഖ്യ പരമാവധി 5–6 ദശലക്ഷത്തിൽ ഒതുങ്ങും. കേന്ദ്ര ടൂറിസ മന്ത്രാലയം വിനോദസഞ്ചാര മേഖലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമാണ് നിർദ്ദേശിച്ചിട്ടുള്ളത്. അപ്പോൾ ശരിയായ ദിശയിൽ തന്നെയാണ് മുന്നേറ്റം.

**മാർഗ്ഗ നിർദ്ദേശങ്ങൾ:**

സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളും ടൂറിസം കേന്ദ്രങ്ങൾ രൂപകല്പന ചെയ്യുന്നതിന് കലാകാരന്മാരെ നിയോഗിക്കുക. വിനോദസഞ്ചാരവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് ഏക ജാലക സമ്പ്രദായം ഏർപ്പെടുത്തുക. വൻ പദ്ധതികളെ ജെന്റമുമായി ബന്ധപ്പെടുത്തുക.

ഇന്റർനെറ്റ് കണക്ടിവിറ്റി, ചവറ്റു കൊട്ടകൾ, വിവരങ്ങൾ ലഭ്യമാക്കാനുള്ള സംവിധാനം, പൊതു ശൗചാലയങ്ങൾ, വാഹനപാർക്കിംങ് സൗകര്യങ്ങൾ എല്ലായിടത്തും രാജ്യത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള ഭൂപടങ്ങൾ, സിഡികൾ, പോസ്റ്ററുകൾ, കലണ്ടറുകൾ തുടങ്ങിയവ ലഭ്യമാക്കണം. സൗരോർജ്ജ വെളിച്ചമാണ് പരമാവധി പ്രയോജനപ്പെടുത്തേണ്ടത്.

ജലലഭ്യത കുറഞ്ഞ മേഖലകളിൽ ജലധാരകളും മറ്റും ഒഴിവാക്കുക. വൻ തോതിലുള്ള വൈദ്യുത ദീപാലങ്കാരങ്ങളും വേണ്ട. പദ്ധതി തുടങ്ങുന്നതിനു മുമ്പേ തന്നെ വേണ്ടത്ര ശുദ്ധ ജല ലഭ്യത ഉറപ്പാക്കുക. ചുരുങ്ങിയത് അഞ്ചു വർഷക്കാലത്തെ എങ്കിലും മുൻകൂട്ടി ബഡ്ജറ്റ് തയാറാക്കി അതനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുക.

വഴിയോരത്തുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ ഓരോ 50 കിലോമീറ്ററുകൾക്കും ഇടയിൽ സ്ഥാപിക്കുക. നിലവിലുള്ള സൗകര്യങ്ങൾ എല്ലാ സംസ്ഥാനങ്ങളും മെച്ചപ്പെടുത്തുക. എല്ലാ സംസ്ഥാനങ്ങളും വിനോദസഞ്ചാരത്തിനു മാത്രമായി ഒരു മാസ്റ്റർ പ്ലാൻ തയാറാക്കുക.

ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങൾക്ക് ഐക്യരാഷ്ട്ര സഭയുടെ നിബന്ധകൾ ഏർപ്പെടുത്തുക. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സുഗമമായ നടത്തിപ്പിന് പൊതു – സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക. കഴിയുന്നത്ര സ്ഥലങ്ങളിൽ മഴവെള്ള ശേഖരണവും അതിന്റെ പുനരുപയോഗവും നടപ്പാക്കുക.

ഇന്ത്യയിലെ ടൂറിസം മേഖല ഒരു കുതിപ്പിന് ഒരുങ്ങുകയാണ്. ടൂറിസം ഇന്ന് കടുത്ത മത്സരത്തിന്റെ മേഖലയാകുന്നു. മുന്നിലെത്തുന്നവർക്ക് അവരുടെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലായി അതു മാറുകയും ചെയ്യും. ചൈന, തായ്‌ലന്റ്, മലേഷ്യ, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ വിനോദ സഞ്ചാര സൗകര്യങ്ങൾ ഒരുക്കുന്നതിനായി വൻതുകകളാണ് മുടക്കുന്നത്. അതുവഴി കൂടുതൽ വിനോദസഞ്ചാരികളെ ആ രാജ്യങ്ങളിലേയ്ക്ക് ആകർഷിക്കാൻ അവർക്കു സാധിക്കുന്നുമുണ്ട്. ഇന്ത്യയാകട്ടെ ഇപ്പോഴും നയരൂപീകരണത്തിലാണ്. ടൂറിസം ഇനിയും രാജ്യത്തിന്റെ മുഖ്യ അജണ്ടയായി മാറിയിട്ടില്ല. എന്നാൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിൽ മുഖ്യമന്ത്രിയായിരിക്കെ അദ്ദേഹം വിനോദസഞ്ചാര മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുകയും അതിൽ വൻ വിജയം നേടുകയും ചെയ്തിരുന്നു.

ആളുകൾക്ക് എളുപ്പത്തിൽ എത്തിച്ചേരാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കാതിരുന്നാൽ എത്ര ആകർഷകമായ സംവിധാനങ്ങൾ ഒരുക്കിയാലും ഒരു പ്രയോജനവും ഇല്ല. ഇന്ത്യയിലെ ആസൂത്രണ വിദഗ്ധർ ഇക്കാര്യം മറക്കാൻ പാടില്ല. ഇത് എത്ര വേഗമോ അത്ര നല്ലത്. റോഡുകളും റെയിൽപാളങ്ങളും നിർമ്മിക്കുന്നതുകൊണ്ട് ടൂറിസ്റ്റുകൾക്കു മാത്രമല്ല പ്രയോജനം. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും ഇത് ഊർജ്ജം പകരും.

**ലക്നൗവിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം സ്റ്റഡീസ് ഡയറക്ടറാണ് ലേഖകൻ**

# വിനോദസഞ്ചാര മേഖലയിലെ സംരംഭകത്വം

പ്രൊഫസർ ജി. ആഞ്ജനേയസ്വാമി

**സാ**മ്പത്തിക ശാസ്ത്രജ്ഞന്മാരുടെയും നയ ശില്പികളുടെയും സാമ്പത്തിക വികസനത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ അന്തിമമായി എത്തിച്ചേരുന്നത് വ്യക്തികളുടെ ആന്തരികത്വരയിലും സംരംഭകത്വ അഭിനിവേശങ്ങളിലും ആണ്. വിഭവങ്ങളുടെ ലഭ്യതയും സാദ്ധ്യതകളും, ഒരു സംരംഭകന്റെ കരവിരുതിലൂടെ അനുയോജ്യമായി ഉപയോഗപ്പെടുത്തുന്നതുവരെ, സ്വയം ഒരു ഉല്പന്നമാകുന്നില്ല. അതിനാൽ സംരംഭകനെ മാത്രമെ പരിണാമകാരിയും ചാലകശക്തിയുമായി വിശേഷിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. സംരംഭകരുടെ സവിശേഷതകൾ ദർശനവും പ്രതിഭയും മുന്നേറാനുള്ള ശേഷിയും ആകുന്നു. ശൂന്യതയിൽ അവസരങ്ങൾ കണ്ടെത്താനും അവയെ സാമൂഹ്യനന്മയ്ക്കുവേണ്ടി ഉപയോഗപ്പെടുത്താനും അവർ പ്രാപ്തരാണ്. അവർ വിഭവങ്ങൾക്ക് മൂല്യവർദ്ധന പകർന്നുകൊടുക്കുന്നു. ജോർജ്ജ് ഗ്ലൈഡറെ ഉദ്ധരിച്ചുകൊണ്ട് പറയട്ടെ – "നഷ്ടസാദ്ധ്യതകളെ വകവയ്ക്കാതെ സമ്പത്ത് സൃഷ്ടിക്കുന്ന വ്യക്തികളുടെ രചനാത്മകതയും ധീരതയുമാണ് നമ്മുടെ പുരോഗതിയുടെയും ജീവിതമാർഗ്ഗത്തിന്റെയും അടിത്തറ."

### വിനോദസഞ്ചാര മേഖലയിലെ സംരംഭകത്വവും സാമ്പത്തിക വികസനവും

മ്യർ – ബാൾസ്വിൻ ചൂണ്ടിക്കാണിക്കുന്നു – "സാമ്പത്തിക പരിതോവസ്ഥ എത്രമാത്രം അനുയോജ്യമായിരുന്നാലും വികസനം തികച്ചും സ്വാഭാവിക പ്രതിഭാസമായി അനുവൃതമാകുന്നില്ല, അതിന് ഒരു ചാലകശക്തിയുടെ സാന്നിദ്ധ്യം അനിവാര്യമാണ്. അതാകട്ടെ സംരംഭകത്വവും. ഇപ്പോൾ വിനോദസഞ്ചാരം ഒരു വ്യവസായം വിലയിരുത്തപ്പെടാവുന്ന രീതിയിൽ വളർന്ന് മുന്നേറുകയാണ്. ആഗോളവ്യാപകമായ വളർച്ചയാണ് ദൃശ്യമാകുന്നത്. വ്യത്യസ്ത സേവന മേഖല വ്യവസായങ്ങളിൽ ഏറ്റവും ആശ്രയ യോഗ്യമായ രീതിയിൽ ടൂറിസം മേഖല വളരുന്നു. വിനോദസഞ്ചാര മേഖല ചുരുങ്ങിയ മൂലധനം കൊണ്ട് അനായാസമായി വികസിപ്പിക്കാൻ സാദ്ധ്യതയുള്ള ഒന്നാണ്.

ഭാവനാ പൂർണ്ണമായ സംരംഭകത്വത്തിലൂടെ വിപുലമായ സേവനങ്ങൾ രൂപപ്പെടുത്തുവാനും പ്രദാനം ചെയ്യാനും ഈ മേഖലക്ക് പ്രാപ്തിയുണ്ട്. വ്യവസായത്തിന്റെ വിഭിന്ന മേഖലകളിൽ ലാഭദായകമായ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയുന്നതാണ്. ഗതാഗതം, താമസവും ഭക്ഷണവും, വിനോദയാത്രകൾ, കരകൗശലവസ്തുക്കളുടെ നിർമ്മാണവും വിപണനവും, കലാപരിപാടികൾ, എക്സിബിഷൻ, കോൺഫറൻസുകൾ, പാർക്കുകൾ ഇവയെല്ലാം വിനോദസഞ്ചാര സേവനത്തിന്റെ ഭാഗമാണ്.

### വിനോദസഞ്ചാര മേഖലയിലെ നൂതന ഉല്പന്നങ്ങൾ

ഈ മേഖലയുടെ വളർച്ചയും സുസ്ഥിരതയും പുതുപുത്തൻ ഉല്പന്നങ്ങൾ പ്രദാനം ചെയ്യാനുള്ള കെല്പിനെ ആശ്രയിച്ചിരിക്കുന്നു. രാഷ്ട്രത്തിന് ഏറെ പ്രയോജനകരമായ സേവന മേഖലയാണെന്ന ബോദ്ധ്യം ഉണ്ടെങ്കിലും വിനോദസഞ്ചാര മേഖലയുടെ പുരോഗതിക്കുവേണ്ടി നാം കൈക്കൊണ്ടിട്ടുള്ള നടപടികൾ ഒട്ടുംതന്നെ തൃപ്തികരമല്ല എന്ന് പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞ ഏതാനും ദശകങ്ങളിൽ പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി, വികസിപ്പിക്കുവാൻ

നമുക്ക് കഴിഞ്ഞിട്ടില്ല. വിനോദസഞ്ചാര മേഖലയിലെ റോഡ്, ടെലികമ്മ്യൂണിക്കേഷൻ, ഗതാഗതം തുടങ്ങിയ ഇതരമേഖലകളിൽ ഉണ്ടായിട്ടുള്ള വളർച്ചയും വിനോദസഞ്ചാരത്തിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങളുടെ വരുമാനത്തിലുണ്ടായിട്ടുള്ള വളർച്ചയും, നിലവിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ കൂടുതൽ സമ്മർദ്ദത്തിലാക്കുന്നതാണ് ഇപ്പോഴത്തെ അവസ്ഥ. അതിനാൽ പുതിയ വിനോദസഞ്ചാര കേന്ദ്രങ്ങളും സേവനങ്ങളും വികസിപ്പിക്കുന്നതിന് മുൻഗണന നൽകപ്പെടേണ്ടതുണ്ട്. ഈ മേഖലയുടെ കുതിപ്പിന് സഹായകരമായ ചില ഉദ്യമങ്ങളാണ് ഇവിടെ പ്രതിപാദിക്കപ്പെടുന്നത്.

**തനിമയും നിഗൂഢതകളും ഉള്ള കേന്ദ്രങ്ങളുടെ വികസനം**

പാശ്ചാത്യനാടുകളിൽ പരിസരങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്ന വിചിത്രവും തനിമയുള്ളതുമായ സ്ഥലങ്ങളെ ആവേശപൂർവ്വം പ്രോത്സാഹിപ്പിക്കാറുണ്ട്. എന്നാൽ നമ്മുടെ രാജ്യത്ത് ഇങ്ങനെയുള്ള കേന്ദ്രങ്ങൾ കണ്ടെത്തി വിപണിയിൽ എത്തിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന്, ആസ്സാമിലെ ഹഫ്‌ലോൺഗിന് സമീപമുള്ള ജതിംഗ എന്ന സ്ഥലത്തേക്ക് വിദൂരസ്ഥലങ്ങളിൽ നിന്നും സെപ്റ്റംബർ നവംബർ മാസങ്ങളിൽ പക്ഷികൾ പറന്നെത്തി, പ്രത്യേക പർവ്വതനിരകളിൽ തട്ടി, സ്വയം ജീവനൊടുക്കുന്ന ഒരു നിഗൂഢ പ്രതിഭാസം കാണപ്പെടുന്നുണ്ട്. അതുപോലെ ആന്ധ്രാപ്രദേശിലെ കുർണൂൽ ജില്ലയിൽ മഹാനദിയുടെ ഭാഗമായ ഒരു ജലാശയത്തിൽ മുഴുവൻ വർഷവും ജലവിതാനം ഒരേ നിലയിൽ കാണപ്പെടുന്നുണ്ട്. 1.5 മീറ്റർ അല്ലെങ്കിൽ 5 അടി താഴ്ചയാണ് സ്ഥായി ആയി കാണപ്പെടുന്നത്. കണ്ണുനീർ പോലെ തെളിഞ്ഞ ജലമാണ്. ഇതിലേക്ക് വെള്ളം പ്രവേശിക്കുന്നത് എങ്ങനെ എന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുമില്ല. വളരെ അതിശയകരമായ ഒരു ദൃശ്യമാണ് ഇത്. മറ്റൊന്ന് രാജസ്ഥാനിലുള്ള ഭൻഗഡ് കോട്ടയാണ്. പ്രേതബാധയുള്ള ഒരു സ്ഥലമായി ഇതിനെ കണക്കാക്കി വരുന്നു. ഈ കാരണത്താൽ ഇൻഡ്യയിൽ മാത്രമല്ല, ലോകമെമ്പാടും അറിയപ്പെടുന്ന ഒരു സ്ഥലമാണിത്. 1613-ൽ മാധവ്സിംങ്ങ് എന്ന രാജാവാണ് ഈ കോട്ട നിർമ്മിച്ചത്. ഈ കോട്ടക്കടുത്ത് ബാബ ബാലുനാഥ് എന്ന ഒരു സന്യാസി ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ വസതിയെക്കാൾ ഉയരമുള്ള ഒരു പാർപ്പിടവും സമീപപ്രദേശത്ത് നിർമ്മിക്കരുതെന്ന് അദ്ദേഹം ശഠിച്ചിരുന്നു. മറ്റൊരു കെട്ടിടത്തിന്റെ നിഴൽ അദ്ദേഹത്തിന്റെ വീടിൽ പതിഞ്ഞാൽ, കോട്ട ഇടിഞ്ഞുവീഴും എന്ന് വിശ്വസിപ്പിക്കാനും അദ്ദേഹം ശ്രമിച്ചിരുന്നു. ഇതിന്റെ പരിസരപ്രദേശങ്ങളിൽ മേൽക്കൂര ഇല്ലാത്ത നിരവധി വീടുകൾ ഇപ്പോഴും കാണാൻ കഴിയും. പ്രസ്തുത കോട്ടയിൽ രാത്രി കാലങ്ങളിൽ കഴിച്ചുകൂട്ടുന്നതിന് ആരെയും അനുവദിക്കാറില്ല. അവിടേക്ക് രാത്രിയിൽ കടന്നുപോയിട്ടുള്ള ആരെയും പിന്നീട് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും വിശ്വസിക്കപ്പെടുന്നു.

മഹാരാഷ്ട്രയിലെ ശനി സിഗ്നാപൂർ ഇതുപോലെ മറ്റൊരു കേന്ദ്രമാണ്. ഈ ഗ്രാമത്തിലെ വീടുകൾക്ക് ഒന്നിനുപോലും വാതിലുകൾ ഇല്ല. വീടുകൾ തുറന്ന് കിടക്കും. ഗ്രാമങ്ങളിലെ വീടുകളിൽ നിന്ന് ആരെങ്കിലും മോഷണം നടത്തിയാൽ ശനിദേവൻ അവർക്ക് ക്രൂരമായ ശിക്ഷ നൽകുമെന്നതാണ് പരമ്പരാഗത വിശ്വാസം. സമകാലീന സമൂഹത്തിലും ഈ വിശ്വാസം ചോദ്യം ചെയ്യപ്പെടുന്നില്ല എന്നതാണ് ആശ്ചര്യകരമായ കാര്യം.

വിനോദസഞ്ചാര പരിശ്രമങ്ങളുടെ മേഖലയിൽ വ്യത്യസ്തവും ഔത്സുക്യജനകവുമായ ഇത്തരം ലക്ഷ്യസ്ഥാനങ്ങൾ ഏറെ സാദ്ധ്യതകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. ഈ വിഭവസാദ്ധ്യതകൾ ഉപയോഗപ്പെടുത്തുകയാണ് സംരംഭകത്വം. ഇത്തരം സ്ഥലങ്ങളിൽ സുഗമമായി എത്തിച്ചേരുന്നതിനും അവിടങ്ങളിൽ താമസസൗകര്യം ഉൾപ്പടെയുള്ള സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നതിനും സർവ്വോപരി ഹൃദ്യമായ ഉല്പന്ന രൂപകല്പന നടത്തുവാനും ശ്രമിക്കേണ്ടതാണ്. വിപുലമായി അറിയപ്പെടാത്ത ഇത്തരം കേന്ദ്രങ്ങളെ, അവയെ ചുറ്റിപ്പറ്റി നിൽക്കുന്ന നിഗൂഢതകളെയും നാടോടികഥകളെയും സമ്മിശ്രണം ചെയ്ത്

അതിനെ ഒരു വലിയ ക്യാൻവാസിലേക്ക് സന്നിവേശിപ്പിക്കാനും അനന്യ സാദ്ധ്യതയായി വിപണനം ചെയ്യാനും കഴിയണം. ജിജ്ഞാസയെ അഭിസംബോധനം ചെയ്യുക എന്നതാണ് വിനോദസഞ്ചാരത്തിന്റെ അടിസ്ഥാന പ്രയത്നം. ദേശീയ/സംസ്ഥാനതലങ്ങളിൽ പാരമ്പര്യേത വിനോദ സഞ്ചാരം വികസിപ്പിക്കാൻ സമുചിതമായ ഒരു മാർഗ്ഗം കൂടിയാണ് ഇതിലൂടെ ഉരുത്തിരിയുന്നത്.

### അല്പമാത്രമായി അറിയപ്പെടുന്ന ലക്ഷ്യസ്ഥാനങ്ങളുടെ ഉന്നമനം

ഇൻഡ്യയുടെ വലിപ്പവും വൈവിധ്യവും കണക്കിലെടുക്കുമ്പോൾ, വിനോദസഞ്ചാര ഭൂപടത്തിൽ ഉൾപ്പെടുത്താൻ യോഗ്യതയുള്ള ആകർഷണീയവും അനന്തസാദ്ധ്യതകൾ ഉള്ളതുമായ എത്രയോ ലക്ഷ്യസ്ഥാനങ്ങൾ നിലവിലുണ്ട്. ആന്ധ്രാപ്രദേശ് നെല്ലൂർ ജില്ലയിലെ പുലിക്കാട്ട് തടാകവും പക്ഷിസങ്കേതവും പ്രകൃതിസൗന്ദര്യം നിറഞ്ഞുതുളുമ്പുന്ന കർണ്ണാടകത്തിലെ മൂപ്പനെ, പറമ്പിക്കുളത്തെ എക്കോ ടൂറിസം സ്പോട്ട്, തമിഴ്നാട് തേനി ജില്ലയിലെ മേഘമല തുടങ്ങിയവ വിനോദസഞ്ചാരികൾക്ക് ഹരം പകരാൻ കെല്പുള്ളവയാണെങ്കിലും സഞ്ചാരികൾക്കിടയിൽ ഏറെ ചർച്ച ചെയ്യപ്പെടാറില്ല. ദക്ഷിണേന്ത്യയിൽ എല്ലാ വർഷവും മഞ്ഞുപെയ്യുന്ന ലംഭാസിംഗി എന്ന സ്ഥലം ആന്ധ്രയിലെ വിശാഖപട്ടണത്തിന് സമീപത്തുണ്ട്. ഇതുപോലെ നിരവധി ആകർഷണീയമായ സ്ഥലങ്ങൾ നമ്മുടെ രാജ്യത്ത് ശ്രദ്ധിക്കപ്പെടാതെ കിടക്കുന്നുണ്ട്.

### അപ്രാപ്തമല്ലാത്ത ടൂറിസം

ഉല്പാദക മേഖലയിലുള്ളവർ വിഭിന്ന ശേഷിയുള്ളവരെ ലക്ഷ്യമിട്ട് പ്രത്യേക ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാറുണ്ട്. എന്നാൽ സേവന മേഖലയിലുള്ളവർ, പ്രത്യേകിച്ച് വിനോദസഞ്ചാര മേഖലയിലുള്ളവർ, ഇത്തരം പരിശ്രമങ്ങളിൽ ഏർപ്പെട്ടുകാണുന്നില്ല. എല്ലാ രാജ്യങ്ങളിലെയും എല്ലാ ഉല്പാദക മേഖലകളും സർവ്വതലസ്പർശിയായ വളർച്ചയ്ക്കുവേണ്ടി അശ്രാന്തപരിശ്രമം നടത്തുമ്പോൾ ടൂറിസം മേഖല വിഭിന്നശേഷിയുള്ളവരോട് വേണ്ടത്ര പ്രതിബദ്ധത പുലർത്തുന്നില്ല. നല്ല നല്ല സ്ഥലങ്ങൾ സന്ദർശിക്കാൻ, സൂക്ഷ്മമായി മനസ്സിലാക്കുവാൻ, ആഴത്തിൽ അനുഭവിക്കുവാൻ എല്ലാവർക്കും ആഗ്രഹമുണ്ട് - അത് അടിസ്ഥാന പരമായ ഒരു ജന്മവാസന തന്നെയാണ്.

ലോകജനസംഖ്യയിലെ ഒരു വലിയ വിഭാഗമായ, 600 ദശലക്ഷത്തോളം വരുന്ന വിഭിന്നശേഷിയുള്ള ജനങ്ങളുടെ പ്രത്യേക ആവശ്യങ്ങൾ ചിട്ടയായ രീതിയിൽ ശ്രദ്ധിക്കപ്പെടുന്നില്ല എന്നത് നിരാശാജനകമാണ്. തുല്യതയുടെയും സാമൂഹ്യ നീതിയുടെയും ഉല്ലംഘനം ഒരുവശത്ത് നടക്കുന്നതോടൊപ്പം, വൻ നിക്ഷേപത്തിനും അതിലൂടെ പുതിയ ഉല്പന്നങ്ങളും വികസനവും യാഥാർത്ഥ്യവൽക്കരിക്കാനുള്ള ബൃഹത്തായ അവസരം മറുവശത്ത് നഷ്ടപ്പെടുന്നുമുണ്ട്. സുഗമ വിനോദസഞ്ചാരത്തിനുള്ള യൂറോപ്യൻ ശൃംഖല (ENAT) എന്ന സംഘടന സുഗമ വിനോദസഞ്ചാരത്തെ വിവക്ഷിക്കുന്നത് അടിസ്ഥാനസൗകര്യങ്ങളുടെ സൃഷ്ടി, പരിഷ്കരണം എന്ന രീതിയിലാണ്: ലക്ഷ്യസങ്കേതങ്ങളിൽ എത്തിച്ചേരുന്നതിലുള്ള തടസ്സങ്ങളുടെ ദൂരീകരണം, ക്ലേശരഹിതമായ ഗതാഗതം, എല്ലാ അനുബന്ധ സേവനങ്ങളുടെയും ഗുണമേന്മ, എല്ലാ പ്രവർത്തനങ്ങളിലും സന്ദർശകർക്ക് പങ്കാളിത്തം, സൗകര്യങ്ങളെല്ലാം മുൻകൂറായി ബുക്ക് ചെയ്യാനുള്ള ആയാസരഹിതമായ സംവിധാനങ്ങൾ. ഇന്റർനെറ്റ് സൗകര്യം വന്നതോടുകൂടി ഓൺ-ലൈൻ ആസൂത്രണവും ബുക്കിംങ്ങും എല്ലാ വിഭാഗത്തിൽ പെട്ടവർക്കും ലഭ്യമാക്കുന്നുണ്ട്. എന്നാൽ യാത്രാ ഇടത്താളവളങ്ങളിലും അന്തിമലക്ഷ്യസ്ഥാനത്തും മതിയായ സൗകര്യങ്ങൾ ഇപ്പോഴും ലഭ്യമാകുന്നില്ല എന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

### ദരിദ്രവിഭാഗങ്ങളോട് ആഭിമുഖ്യം

സ്ഥലങ്ങൾ കാണാൻ, ജനങ്ങളുമായി ഇടപഴകാൻ, പ്രകൃതി സൗന്ദര്യം ആസ്വദിക്കാൻ, വ്യത്യസ്ത ആഹാര രുചിഭേദങ്ങൾ അനുഭവിച്ചറിയാൻ തുടങ്ങിയ വാസനകൾ മനുഷ്യസഹജമാണ്. ഇതിന് സാമ്പത്തിക നിലവാരമോ ഏത് പ്രദേശക്കാരനാണ് എന്നതോ, ലിംഗ-പ്രായഭേദമോ

ബാധകമല്ല. എന്നാൽ അറിഞ്ഞോ അറിയാതെയോ, ഇൻഡ്യൻ ടൂറിസം വളർന്ന് വന്നത് സമ്പത്തും പ്രബുദ്ധതയുമുള്ള നഗരവാസി വിഭാഗങ്ങളിൽ മാത്രം കേന്ദ്രീകൃതമായിട്ടാണ്. ഈ പ്രവണത തുടരുകയാണെങ്കിൽ, 'മുൻപന്തിയിലുള്ളവരുടെ, അവരാൽ സംഘടിപ്പിക്കപ്പെടുന്ന അവർക്കു വേണ്ടിയുള്ള ഒരു പരിപാടി എന്ന് ആരെങ്കിലും ചൂണ്ടിക്കാണിച്ചാൽ, അത് സ്വാഭാവികം മാത്രമായിരിക്കും.

ഗതാഗതം, പാർപ്പിട സൗകര്യങ്ങൾ, മറ്റ് സേവനങ്ങൾ ഉൾപ്പെടുന്ന വിനോദ സഞ്ചാര മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഗണ്യമായി വികസിച്ചിട്ടുണ്ടെങ്കിലും ഗ്രാമീണ അർദ്ധനഗര പ്രദേശങ്ങളിൽ വസിക്കുന്ന ഇൻഡ്യൻ സമൂഹത്തിന്റെ ഒരു വലിയ വിഭാഗത്തിന് ഇപ്പോഴും സഞ്ചാരാനുഭവങ്ങൾ അന്യമാണ് എന്നത് നിർഭാഗ്യകരമാണ്. ഉല്പാദനമേഖലയുടെ ഉല്പന്നങ്ങൾ വിദൂര ഉൾനാടുകളിൽ എത്തിച്ചേരുമ്പോഴും ടൂറിസം സേവനങ്ങൾ സർവ്വതലസ്പർശി ആകുന്നില്ല എന്നത് വിധി വൈപരീത്യം തന്നെയാണ്. സി.കെ. പ്രഹ്ലാദന്റെ പ്രശസ്തമായ മാർഗ്ഗദർശനം, പിരമിഡിന്റെ അടിത്തട്ടിലാണ് സാദ്ധ്യതകൾ കൂടുതൽ എന്നതാണ്. ഈ തത്വം വിരൽ ചൂണ്ടുന്നത് ഗ്രാമീണതലത്തിൽ ടൂറിസം മേഖലക്കുള്ള, ഇനിയും കണ്ടെത്തിയിട്ടില്ലാത്ത, അനന്തസാദ്ധ്യകളിലേക്കാണ്. മനോഭാവ വ്യതിയാനം, ചെലവ് ലഘൂകരിച്ചുകൊണ്ടുള്ള യാത്രാപദ്ധതികൾ വികസിപ്പിക്കൽ, ഗ്രാമീണരുടെ പങ്കാളിത്തവും ഇഴുകിചേരലും ഒക്കെയാണ് ദരിദ്രവിഭാഗങ്ങളെ അകമഴിഞ്ഞ് സ്വാഗതം ചെയ്യുന്നതിലേക്കുള്ള നടപടികൾ. നിലവിലുള്ള ഗ്രാമീണ സഞ്ചാരപദ്ധതികളിൽ മുഖ്യമായും ആത്മീയ തീർത്ഥാടന കേന്ദ്രങ്ങളാണ് ഉൾപ്പെട്ടിരിക്കുന്നത്. ഇതര ലക്ഷ്യസ്ഥാനങ്ങൾ നഷ്ടപ്പെടുകയാണ്. നഷ്ടപ്പെടുന്നത് ഭീമമായ ഒരു വിപണിയാണ് എന്ന് തിരിച്ചറിയേണ്ടതുണ്ട്.

**സ്കൂൾ-കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള വിനോദസഞ്ചാര പാക്കേജുകൾ**

പ്രമുഖ ടൂർ ഓപ്പറേറ്റർമാരും ടൂർ പോർട്ടലുകളും പ്രദർശിപ്പിക്കുന്ന ഉല്പന്നമിശ്രണങ്ങൾ പരിശോധിച്ചാൽ സ്കൂൾ - കോളേജ് വിദ്യാർത്ഥികളുടെ പ്രത്യേക ആവശ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടില്ല എന്ന ദുരൂഹയാഥാർത്ഥ്യം ബോദ്ധ്യപ്പെടുന്നതാണ്. വർത്തമാനകാലത്ത്, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഹ്രസ്വകാല വിനോദസഞ്ചാര - പഠനയാത്രകൾ നിയമേന സംഘടിപ്പിക്കാറുണ്ട് എന്ന് എല്ലാവർക്കും അറിവുള്ളതാണ്. രാജ്യത്തിന്റെ വലിപ്പം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, വർഷം തോറും വർദ്ധിച്ചുവരുന്ന വിദ്യാർത്ഥികളുടെ എൻറോൾമെന്റ് നിരക്ക് എന്നിവ പരിശോധിച്ചാൽ, വിദ്യാഭ്യാസ ടൂറിസത്തിന്റെ വിപണി എത്ര വലുതാണെന്ന് മനസ്സിലാക്കാവുന്നതാണ്. ഈ മേഖലയും സംഘടിതമായ ഇടപെടലിനു വേണ്ടി കാത്തിരിക്കുകയാണ്. ഈ വിപണിയിൽ ഇപ്പോൾ വ്യാപരിക്കുന്നത്, അസംഘടിതമേഖലയിലെ ഒറ്റയാൻമാരാണ്. അവരാകട്ടെ ഒട്ടും ശാസ്ത്രീയമായ രീതിയിലല്ല ഇത് കൈകാര്യം ചെയ്തുവരുന്നതും. യാത്രകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഒരു മുൻഗണനാ വിഷയവും അല്ല. ലാർജി ജലവൈദ്യുതി പദ്ധതിയിലെ ജലനിഷ്ക്രമണത്തിന്റെ ഫലമായി ബിയാസ് നദിയിൽ ജലവിതാനം അവിചാരിതമായി ഉയരുകയും ഹൈദ്രാബാദിൽ നിന്നും വിനോദയാത്രയിൽ ഏർപ്പെട്ടിരുന്ന 24 എൻജിനീയറിംങ്ങ് വിദ്യാർത്ഥികൾക്ക് ജീവഹാനി സംഭവിക്കുകയും ചെയ്ത ദുരന്ത സംഭവം നമ്മുടെ സ്മരണയിലുണ്ട്. കൂടാതെ ചൂഷണത്തിന്റെയും വഞ്ചനയുടെയും അനുഭവകഥകളും ധാരാളമായി പുറത്ത് വരുന്നുണ്ട്. സാധാരണഗതിയിൽ വിദ്യാർത്ഥി പ്രതിനിധികളോട് ചർച്ച ചെയ്ത്, അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരാണ് യാത്രകൾ ആസൂത്രണം ചെയ്തുവരുന്നത്. എന്നാൽ കുറ്റമറ്റ യാത്രാപരിപാടികൾ, യാത്രാക്രമം, മിതവും ഫലപ്രദവുമായ ചെലവ് രീതികൾ, അവിചാരിത സന്ദർഭങ്ങളിൽ സ്വീകരിക്കേണ്ട സാഹചര്യാനുസൃതഭേദഗതികൾ തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ അദ്ധ്യാപകർക്ക് വേണ്ടത്ര നിപുണത ഉണ്ടായിരിക്കില്ല. പല സ്ഥലങ്ങളിലും യാത്രകൾ മുടങ്ങി വലയുന്ന വിദ്യാർത്ഥിസമൂഹത്തെയും, താറുമാറായ യാത്രപദ്ധതികളുടെ ഫലമായി മാനസിക സംഘർഷം

അനുഭവിക്കുന്ന കുട്ടികളെയും നാം പലപ്പോഴും നേരിട്ട് കാണാറുള്ളതാണല്ലോ.

**മനുഷ്യനിർമ്മിതമായ ടൂറിസം വിഭവങ്ങൾക്ക് പ്രോത്സാഹനം**

ഇൻഡ്യയുടെ പൂർവ്വ-പശ്ചിമ അതിർത്തികളിൽ ആയിരത്തിൽപരം കിലോമീറ്ററുകൾ ദൈർഘ്യമുള്ള സമുദ്രതീരം നിലവിലുണ്ടെങ്കിലും സമുദ്രതീര ടൂറിസത്തെക്കുറിച്ച് അധികം ഒന്നും കേൾക്കാറില്ല. പശ്ചിമതീരത്ത് ഗോവയിലും പൂർവ്വതീരത്ത് പുരിയിലും ഉള്ള സമുദ്രതീരങ്ങളെ ഒഴിവാക്കിയാൽ അന്തർദേശീയ തലത്തിൽ അറിയപ്പെടുന്ന, നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന ബീച്ചുകൾ ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. വ്യത്യസ്ത നിലവാരത്തിലുള്ള നിരവധി ബീച്ചുകൾ ഉണ്ടെങ്കിലും അവയൊക്കെ പ്രാദേശികമായി മാത്രം അറിയപ്പെടുന്നവയാണ്. നാമമാത്രമായ നിക്ഷേപത്തിലൂടെ അന്തർദേശീയ നിലവാരത്തിലേക്ക് വികസിപ്പിച്ചെടുക്കാവുന്ന അരഡസനിലധികം സങ്കേതങ്ങൾ രാജ്യത്തുണ്ട്. ഇതൊടൊപ്പം ടൂറിസ്റ്റ് ആകർഷണമായ ജലവിനോദങ്ങളെയും വികസിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

തീം പാർക്കുകളും അമ്യൂസ്മെന്റ് പാർക്കുകളും മനുഷ്യനിർമ്മിതമായ ആകർഷണ കേന്ദ്രങ്ങളാണ്. എല്ലാ പ്രായത്തിലും രുചിഭേദങ്ങളിലും പെടുന്ന ജനങ്ങളെ ആകർഷിക്കാൻ ഇവയ്ക്ക് കെല്പുണ്ട്. എന്നാൽ വൻ മൂലധനനിക്ഷേപത്തിലൂടെ മാത്രമെ ഇത് സാധിക്കുകയുള്ളൂ. ഡിസ്നിലാൻഡിനോട് തുല്യതയുള്ള ഒരു തീംപാർക്കിനായി എത്രകാലം കാത്തിരിക്കേണ്ടിവരും എന്നത് അതിശയത്തോടെ മാത്രമാണ് നാം ഇപ്പോൾ ആലോചിക്കാറുള്ളത്.

ഹോളിവുഡിന്റെ ഭാവനയ്ക്കനുസരിച്ച് ഉയരുവാൻ അമേരിക്കയിലെ യൂണിവേഴ്സൽ സ്റ്റുഡിയോകൾക്ക് സാധിച്ചിരിക്കുന്നു. എന്നാൽ തുല്യ ചരിത്രവും വ്യാപ്തിയുമുള്ള മുംബൈ ബോളിവുഡിന് അനുപൂരകമായി വികസിക്കുവാൻ മുംബൈ, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിലെ സ്റ്റുഡിയോകൾക്ക് എത്രയോ കാതം മുന്നേറേണ്ടിയിരിക്കുന്നു എന്നത് ചിന്തനീയമാണ്. ഈ ദിശയിലേക്കുള്ള ഏത് ഉദ്യമങ്ങളും ശ്രദ്ധിക്കപ്പെടുന്ന സംഭവവികാസമായിരിക്കും. രാജ്യത്ത് നിലനിൽക്കുന്ന സിനിമ അഭിനിവേശം അത്രയേറെയാണ്. ഹൈദരാബാദിലെ റമോജി ഫിലം സിറ്റി വളരെ അധികം പ്രശംസ അർഹിക്കുന്നു. ബോംബെയിലും ചെന്നൈയിലും സമാനമായ വികസനം ഉണ്ടാകട്ടെ.

**കർമ്മനിരതരാകാനുള്ള സമയം**

വിനോദസഞ്ചാര വ്യവസായത്തിന്റെ കാഴ്ചപ്പാടിൽ അളവറ്റ സാദ്ധ്യതകൾ വാഗ്ദാനം ചെയ്യുന്നവയാണ് ഇവിടെ വിവരിക്കപ്പെട്ട പുത്തൻ ബിസിനസ്സ് ആശയങ്ങൾ. തുറന്ന മനസ്സോടെ ടൂറിസത്തെ രണ്ട് കൈകളും നീട്ടി സ്വീകരിക്കുന്ന അതിഥി ദേവോ ഭവ എന്ന ഭാരതീയ സങ്കല്പത്തെ പുണരുന്ന സംസ്കാരവും സംരംഭകത്വ ത്വരയും കൂടിച്ചേർന്നാൽ മാത്രമേ ലഭ്യമായ വിഭവങ്ങളെ സമർത്ഥമായി പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കുകയുള്ളൂ. ഉല്പന്നങ്ങളുടെ രൂപകല്പനയിലൂടെ, പ്രാപ്തത സുനിശ്ചിതമാക്കുന്നതിലൂടെ, അടിസ്ഥാന സേവനങ്ങൾ സുലഭമാക്കുന്നതിലൂടെ, ടൂറിസ്റ്റ് സൗഹൃദ അന്തരീക്ഷം ആവിർഭവിക്കുന്നതാണ്. ഓരോ ചെറിയ പ്രദേശത്തിനും അതിന്റേതായ സൗന്ദര്യം ഉണ്ട്. അതിനെ പ്രത്യേകമായി എടുത്ത് കാണിച്ച് വിപണനം നടത്താനുള്ള കഴിവ്, കല എന്നതാണ് സംരംഭ കൗശലം. പാരമ്പര്യേതര ടൂറിസം ഉല്പന്നങ്ങൾക്ക് ഊന്നൽ നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ദേശീയ / സംസ്ഥാന ടൂറിസം പ്രോത്സാഹന വികസന ശ്രമങ്ങളിൽ അതിന് മുൻഗണന ലഭിക്കണം.

**പോണ്ടിച്ചേരി സെൻട്രൽ യൂണിവേഴ്സിറ്റിയിലെ സ്കൂൾ ഓഫ് മാനേജ്മെന്റ് ടൂറിസം വിഭാഗം പ്രഫസറാണ് ലേഖകൻ**

# മെഡിക്കൽ ടൂറിസം – ഇന്ത്യയിലെ സാധ്യതകൾ

ഡോ. ഹരിഹരൻ

**ഒ**ഴിവുസമയത്ത് ചെറിയ ഇടവേളയിൽ വിനോദത്തിനും ഉല്ലാസത്തിനുമായി നാം ജീവിക്കുന്ന സ്ഥലങ്ങളിൽ നിന്ന് ദൂരെ ഏതെങ്കിലും സ്ഥലം സന്ദർശിക്കുന്നതിനെയാണ് പരമ്പരാഗതമായി വിനോദസഞ്ചാരമെന്ന് നിർവചിക്കുന്നത്. എന്നാൽ, കഴിഞ്ഞ കുറെ നാളുകളായി ടൂറിസം എന്ന വാക്ക് വിശ്രമം അല്ലെങ്കിൽ ഉല്ലാസം എന്ന അർത്ഥത്തിൽ മാത്രം ഒതുങ്ങുന്നില്ല. കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ആരോഗ്യ അവബോധവും അടിസ്ഥാന സൗകര്യങ്ങളും പുരോഗമിക്കുകയും ആതുരശുശ്രൂഷാ മേഖലയിൽ മറ്റെന്നത്തേക്കാളുപരി വൈദഗ്ധ്യം വളർച്ച പ്രാപിക്കുകയും ചെയ്തത് മെഡിക്കൽ ടൂറിസം എന്ന പേരിൽ ഒരു മേഖല വികസിക്കുന്നതിന് കാരണമായി. ആരോഗ്യം, ടൂറിസ വ്യവസായം എന്നീ മേഖലകളിലെ വൻ വളർച്ചയുടെ അടിസ്ഥാനത്തിൽ ട്രാവൽ ഏജൻസിയും മാധ്യമങ്ങളും ചേർന്നാണ് ഈ പേര് ചെയ്തത്. ലോകമെമ്പാടുമുള്ള എല്ലാ രാജ്യങ്ങളിൽ നിന്നും ആളുകൾ ദന്ത സംബന്ധവും ശസ്ത്രക്രിയാ സംബന്ധവും മറ്റുമായ ചികിത്സകൾക്കും ഒപ്പം വിനോദസഞ്ചാരത്തിനും അവധിക്കാലങ്ങൾ ചെലവഴിക്കാനും ഇന്ത്യയിൽ എത്താറുണ്ട്. ഇന്ത്യയിൽ മെഡിക്കൽ ടൂറിസമേഖല വിദേശികളെ ആകർഷിക്കുന്നത് വിവിധ കാരണങ്ങളാലാണ്. കാരണം ഇവിടെ ആധുനിക വൈദ്യശാസ്ത്രത്തിനൊപ്പം പരമ്പരാഗത, ബദൽ ചികിത്സാ മേഖലകളും സർവസാധാരണമാണ്. അവയെ താഴെ പറയും പ്രകാരം തരം തിരിക്കാം.

**ആധുനിക/അലോപ്പതി വൈദ്യശാസ്ത്രം:** ഉള്ളിൽ കഴിക്കാനുള്ള മരുന്നുകൾ കൊണ്ടുള്ള ചികിത്സകൾ കൂടാതെ സന്ധി പുനസ്ഥാപനം, അവയവങ്ങൾ മാറ്റി വയ്ക്കൽ, രോഗ നിർണയ പരിശോധനകൾ, സൗന്ദര്യ ശസ്ത്രക്രിയകൾ, വിവിധ സ്പെഷ്യാലിറ്റി ചികിത്സകൾ, വന്ധ്യതാ ചികിത്സ, രക്തസംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ തുടങ്ങിയവയും ഇന്ത്യയിൽ വളരെ ചെലവു കുറഞ്ഞ തോതിൽ നടക്കുന്നു. ഇതു കൂടാതെ പല്ലു മാറ്റി വയ്ക്കൽ, ദന്ത സംബന്ധമായ മറ്റു ചികിത്സകൾ, മുടി മാറ്റിവയ്ക്കൽ, അധികരോമവളർച്ച തടയൽ, സ്പാ, സൗന്ദര്യസംവർധക ചികിത്സകൾ എന്നിവയും ഇവിടെ കുറഞ്ഞ ചെലവിൽ നടത്താം.

**ആയുർവേദം:** ബിസി 600 മുതൽ ഇന്ത്യയിൽ നിലവിലുള്ള വളരെ പ്രത്യേകതകൾ ഉള്ള ആരോഗ്യ സംരക്ഷണ രീതിയാണ് ആയുർവേദം. ശരീരത്തിലെ വാത, പിത്ത, കഫങ്ങളുടെ അവസ്ഥകൾ പരിശോധിച്ച് അവയെ സന്തുലിതമാക്കി നിർത്തിക്കൊണ്ട് പ്രകൃതിയോടു ചേർന്നു നിന്ന് രോഗങ്ങൾ ശമിപ്പിക്കുന്ന ചികിത്സാ ശാഖയാണ് ആയുർവേദം. രോഗമുക്തിക്കും പുനരുജ്ജീവനത്തിനുമുള്ള ഈ സ്വാഭാവിക രീതി അടുത്ത കാലത്തായി വളരെ ജനകീയമായിട്ടുണ്ട്.

**യോഗ:** സംസ്കൃത പദമായ യോഗിൽ നിന്നാണ് യോഗയുടെ ഉത്ഭവം. ദൈവവുമായുള്ള ഐക്യം എന്നാണ് വാക്കിന്റെ അർത്ഥം. മനസിനെയും ശരീരത്തെയും ആത്മാവിനെയും ഐക്യപ്പെടുത്തി അത് അനുഭവിക്കാനുള്ള ശാരീരികവും ആത്മീയവുമായ ശാസ്ത്രീയ പരിശീലനമാണ് യോഗാ. യോഗായും ധ്യാനവും ജീവിത രീതിയാക്കിയിട്ടുള്ള രാജ്യം എന്നാണ് ഇന്ത്യ അറിയപ്പെടുന്നത്.

ഹോമിയോപ്പതി, പ്രകൃതിചികിത്സ, ധ്യാനവും സംഗീത ചികിത്സയും, സുഗന്ധ ചികിത്സ, പ്രാണിക് ഹീലിങ്ങ്, റെക്കി എന്നിവയാണ് മറ്റുള്ള ബദൽ ചികിത്സാരീതികൾ. ഇന്ത്യയിലെന്നല്ല, ലോകത്തിൽ പോലും ഇപ്പോൾ ഏറ്റവും വേഗത്തിലും വ്യാപകവുമായി വളർച്ച രേഖപ്പെടുത്തുന്ന വ്യവസായ രംഗമാകുന്നു മെഡിക്കൽ ടൂറി

സം മേഖല. ഇൻഷുറൻസ് പരിരക്ഷ ഇല്ലാത്തവരുടെയും ശമ്പളത്തിൽ നിന്ന് വൻ തുക കുടിശിക ഇനത്തിൽ അടയ്ക്കാനുള്ളവരുടെയും സംഖ്യ അനുദിനം പെരുകുമ്പോൾ, വിദേശ രാജ്യങ്ങളിലെ ഈ ഗണത്തിൽപെടുന്ന അനേകർ ഇന്ത്യ പോലുള്ള രാജ്യങ്ങളിൽ കുറഞ്ഞചെലവിൽ നടത്താവുന്ന ചികിത്സ തെരഞ്ഞെടുക്കുന്നു. താരതമ്യേന ചെലവു കുറഞ്ഞതാണ് ഇന്ത്യയിലെ മെഡിക്കൽ ടൂറിസം രംഗം അല്ലെങ്കിൽ ചികിത്സാ മേഖല. ഇവിടെയുള്ള ആശുപത്രികളിൽ പേര് രജിസ്റ്റർ ചെയ്ത് ദീർഘകാലം കാത്തിരിക്കേണ്ടതില്ല, മാത്രവുമല്ല, വിദഗ്ധ പരിശീലനം ലഭിച്ചവരുടെയും ഈ മേഖലയിലെ പ്രശസ്തരുടെയും സേവനം ഇവിടെ ലഭിക്കുകയും ചെയ്യുന്നു. ലോകമെമ്പാടും നിന്നുമുള്ളവർക്ക് ഇവിടെ മെഡിക്കൽ ടൂറിസ രംഗത്തെ നടപടിക്രമങ്ങൾ വളരെ ലളിതവുമാണ്. ഇന്ത്യയിൽ മെഡിക്കൽ ടൂറിസം അതിവേഗത്തിൽ വളരുന്നതിനുള്ള എല്ലാ ഭൗതിക സാഹചര്യങ്ങളും ഇന്നുണ്ട്. മിക്ക വിദേശരാജ്യങ്ങളിലും ലഭിക്കുന്ന വിദഗ്ധചികിത്സയുടെ ചെലവിന്റെ ഒരംശം മാത്രം ചെലവഴിച്ചാൽ അത്ര തന്നെ നിലവാരമുള്ള ചികിത്സ ഇവിടെ അവർക്ക് ലഭിക്കുകയും ചെയ്യുന്നു. ഒപ്പം ദൃശ്യഭംഗി ആസ്വാദനവും ഉല്ലാസ യാത്രകളും പ്രത്യേക ചെലവില്ലാതെ നടക്കുകയും ചെയ്യും.

മെഡിക്കൽ ടൂറിസം കൂടാതെ, ലോകത്തിൽ ഏറ്റവും കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന രാജ്യം കൂടിയാണ് ഇന്ത്യ. ഇന്ത്യയുടെ മുദ്രാവാക്യം തന്നെ അതിഥി ദേവോ ഭവ എന്നാണ്, അതായത് അതിഥി ഈശ്വരനു തുല്യം. ഇവിടെ അതിഥികളായി വരുന്ന എല്ലാവർക്കും എല്ലാവിധ മികച്ച സേവനങ്ങൾ, അത്യാധുനിക ഉപകരണങ്ങൾ , വിദഗ്ധ ചികിത്സകൾ, വിനോദ വേളകൾ, ചെലവു കുറഞ്ഞ ചികിത്സകളും നിർദ്ദേശങ്ങളും ഇവിടെ ലഭിക്കുന്നു. ചികിത്സക്കായി പണമടച്ച്, പേരും രജിസ്റ്റർ ചെയ്ത് ഇവിടെ കാത്തുനില്ക്കേണ്ടതുമില്ല. അതിനാൽ ആഫ്രിക്ക, അറബി രാജ്യങ്ങൾ, അഫ്ഗാനിസ്ഥാൻ, ഇറാഖ്, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നാണ് ഏറ്റവുമധികം വിദേശികൾ ചികിത്സ തേടി ഇന്ത്യയിൽ വന്നിട്ടുള്ളത്. യൂറോപ്പിൽ നിന്നും വടക്കേ അമേരിക്കൻ രാജ്യങ്ങളിൽ നിന്നുമുള്ള വിനോദ സഞ്ചാരികളുടെ ചികിത്സ തേടിയുള്ള ഒഴുക്കും ഒട്ടും കുറവല്ല.

ഇന്ന് എത്രയോ വിദേശികളാണ് ആൻജിയോപ്ലാസ്റ്റി, ഹൃദയ ശസ്ത്രക്രിയകൾ, സന്ധിമാറ്റിവയ്ക്കൽ, തിമിര ശസ്ത്രക്രിയ, കിഡ്നി, കരൾ തുടങ്ങിയ അവയവ മാറ്റിവയ്ക്കൽ, ക്യാൻസർ ചികിത്സ എന്നിവയ്ക്കായി ഇന്ത്യയിൽ വിവിധ ആശുപത്രികളിൽ എത്തുന്നത്. ആധുനിക സംവിധാനങ്ങൾ ഉള്ള നമ്മുടെ ആശുപത്രികളിലെ നിലവാരമുള്ള ഈ ചികിത്സാ സംവിധാനം മൂലം ഇൻഷുറൻസ് വിപണി മാത്രമല്ല, ഇവിടുത്തെ ഔഷധ നിർമ്മാണ വ്യവസായവും വളർച്ചയുടെ കുതിപ്പിലാണ്. വിനോദ സഞ്ചാര മന്ത്രാലയവും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയവുമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഗവൺമെന്റ് സംവിധാനങ്ങൾ. വൈദ്യശുശ്രൂഷാരംഗത്തെ ആധുനിക സൗകര്യങ്ങളും രാജ്യത്തെ അസാധാരണമായ പ്രകൃതി സൗന്ദര്യവും കൊണ്ട് മെഡിക്കൽ ടൂറിസ മേഖലയിലെ സ്വർഗ്ഗമായി ഇന്ത്യ മാറിയിരിക്കുന്നു എന്നാണ് ഇന്ത്യൻ മെഡിക്കൽ ഹെൽത്ത് ടൂറിസം സർവീസ് സെക്ടർ നെറ്റ്‌വർക്ക്, സസ്റ്റൈനബിൾ ഇൻഡസ്ട്രിയൽ നെറ്റ്‌വർക്ക്, മൈക്രോ റീജിയണൽ എൻവിറോൺമെന്റൽ പ്ലാനിംഗ് തുടങ്ങിയ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ പറയുന്നത്. രാജ്യത്തെ സോഫ്റ്റ്‌വെയർ വ്യവസായരംഗം കഴിഞ്ഞാൽ ഏറ്റവും വലിയ വിജയ കഥ മെഡിക്കൽ ടൂറിസ വ്യവസായമായിരിക്കും. കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും മക്കിൻസിയും പ്രവചിക്കുന്നത് അത്യാസന്ന ഭാവിയിൽ ഇന്ത്യയുടെ ആരോഗ്യ വിപണിയുടെ 3–5 ശതമാനം വരെ അധിക വരുമാനം നേടാൻ തക്ക വിധത്തിൽ ഈ വ്യവസായം വളർച്ച നേടും എന്നത്രെ. ഇന്ത്യൻ മെഡിക്കൽ ടൂറിസം വ്യവസായം 30 ശതമാനമാണ് വാർഷിക വളർച്ച രേഖപ്പെടുത്തുന്നത്. പശ്ചിമേഷ്യ, മധ്യപൂർവ ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് തുടങ്ങിയ മേഖലകളിൽ നിന്നുള്ള രോഗികളാണ് ഇവിടേക്ക് കൂടുതലായി വന്നുകൊണ്ടിരിക്കുന്നത്. ശൈശവ ദശയിലായിരുന്നിട്ടും ഈ മേഖലയിലെ മറ്റ് വൻ ശക്തികളായ ഗ്രീസ്, ദക്ഷിണാഫ്രിക്ക, ജോർദാൻ, മലേഷ്യ, ഫിലിപ്പീൻസ്, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളെ പിന്നിലാക്കിയാണ് ഇന്ത്യയുടെ ഈ വളർച്ച എന്ന വസ്തുത

പ്രത്യേകം ചൂണ്ടിക്കാട്ടേണ്ടിയിരിക്കുന്നു. ഇന്ത്യയുടെ ദേശീയ ആരോഗ്യ നയത്തിൽ പ്രഖ്യാപിച്ചിരിക്കുന്നത്, വിദേശീയരായ രോഗികൾക്കു നല്കുന്ന ചികിത്സ നിയമപരമായി ഒരു കയറ്റുമതിയും, പൊതുധന വിനിയോഗ പ്രോത്സാഹനം അർഹിക്കുന്ന വിദേശ നാണ്യസമ്പാദന പ്രക്രിയയും ആകുന്നു എന്നാണ്. ഇന്ത്യയിലെ പൊതു സ്വകാര്യ മേഖലയിലെ പഠനങ്ങളുടെ കണക്കനുസരിച്ച് മെഡിക്കൽ ടൂറിസത്തിലൂടെ രാജ്യം നേടുന്ന പ്രതിവർഷ വരുമാനം 1.25 ദശലക്ഷം മുതൽ 2.50 ദശലക്ഷം വരെ യൂറോയാണ്. നടപ്പു സാമ്പത്തിക വർഷം ഇന്ത്യയ്ക്ക് ഈ ഇനത്തിൽ ഒന്നര ദശലക്ഷത്തിലധികം ഡോളർ വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യയുടെ കുതിക്കുന്ന വിദ്യാഭ്യാസ മേഖല കമ്പ്യൂട്ടർ വിദഗ്ധരെയും എൻജിനിയർമാരെയും മാത്രമല്ല പ്രതിവർഷം 20,000 മുതൽ 30,000 ഡോക്ടർമാരെയും നഴ്സുമാരെയും പരിശീലിപ്പിച്ച് രാജ്യത്തിനു നല്കുന്നു. ഈ മേഖലയിലെ നമ്മുടെ വാർഷിക വളർച്ചയും ഏകദേശം 30 ശതമാനമാണ്. അതായത് മെഡിക്കൽ ടൂറിസത്തിലെ അതികായന്മാരായ സിംഗപ്പൂരിനോടും തായ്‌ലണ്ടിനോടുമാണ് നാം ഇപ്പോൾ മത്സരിക്കുന്നത് എന്നർത്ഥം. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 40 ദശലക്ഷം പുതിയ തൊഴിലവസരങ്ങളാണ് ഈ മേഖലയിൽ മാത്രം നമ്മുടെ രാജ്യത്ത് സൃഷ്ടിക്കപ്പെടുക.

ഇതുമായി ബന്ധപ്പെട്ട് വരും വർഷങ്ങളിൽ വൻ വളർച്ചയ്ക്കു സാക്ഷ്യം വഹിക്കാൻ പോകുന്ന മേഖലകൾ:

1. വിപണി: രാജ്യത്തെ പ്രമുഖ ആശുപത്രികൾ മെഡിക്കൽ ടൂറിസ മേഖലയിലെ അവരുടെ സേവനങ്ങൾ ഇന്റർനെറ്റുവഴിയും ആരോഗ്യ രംഗത്തുള്ള വിവിധ ഏജൻസികൾ വഴിയും രോഗീ സന്ദർശനത്തിനായി വിദേശത്തുനിന്ന് വരുന്നവർ വഴി നേരിട്ടും വിപണനം നടത്തുന്നു. ഇതിനായി സമർത്ഥരായ യുവാക്കളെ വിപണന മേഖലയിൽ ആവശ്യം വരും.
2. ഭാഷാവിദഗ്ധർ: ഇംഗ്ലീഷ് വശമില്ലാത്ത യൂറോപ്യൻ, ആഫ്രിക്കൻ, പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്ന് വരുന്ന രോഗികളെ ചികിത്സയുടെ നടപടിക്രമങ്ങൾ പറഞ്ഞ് മനസിലാക്കുന്നതിന് ഈ രാജ്യങ്ങളിലെ ഭാഷയിൽ വൈദഗ്ധ്യമുള്ള പരിഭാഷകരുടെ സേവനം വളരെ കൂടുതലായി വേണ്ടിവരും.
3. ബാക്ക് ഓഫീസ് പ്രവർത്തനം: മെഡിക്കൽ ടൂറിസത്തിൽ ബാക്ക് ഓഫീസ് പ്രവർത്തനങ്ങൾക്ക് നല്ല ആശയ വിനിമയ ശേഷിയും കാര്യപ്രാപ്തിയുമുള്ള യുവാക്കളെ വേണം.
4. മാനേജ്മെന്റ് വിദഗ്ദ്ധർ: അതിശക്തമായ ചികിത്സാ വൈദഗ്ധ്യമാണ് മെഡിക്കൽ ടൂറിസത്തിന്റെ അടിസ്ഥാനമെങ്കിലും അതുപോലെ പ്രാധാന്യമർഹിക്കുന്നതാണ് ഇവിടത്തെ മാനേജ്മെന്റ് വൈദഗ്ധ്യവും. ഇത്തരത്തിലുള്ള പ്രൊഫഷണലുകൾക്ക് ഈ മേഖലയിൽ അനന്തമായ തൊഴിൽ സാധ്യതയാണുള്ളത്.

ഈ മേഖലയിൽ ഇന്ത്യ വിദേശീയരുടെ ഒരു പ്രമുഖ ലക്ഷ്യമാകുന്നത് നമുക്ക് പരമ്പരാഗതമായി ലഭിച്ചിരിക്കുന്ന ആരോഗ്യപരിചരണ വൈദഗ്ധ്യം കൊണ്ടാണ്. ഇന്ന് ഈ മേഖലയിലെ നമ്മുടെ സേവനങ്ങൾ ലോക നിലവാരമുള്ളവയാണ്. ഇന്ത്യയിലെ പല ആശുപത്രികളിലും സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാർ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരാണ്. പക്ഷെ, ഇന്ത്യയിലേയ്ക്ക് ചികിത്സ തേടി വിദേശീയർ വരാനുള്ള പ്രധാന കാരണം സാമ്പത്തികം തന്നെ. ഇവിടെ ചികിത്സ ഇപ്പോഴും ചെലവ് കുറഞ്ഞതാണ്. അതായത് ഇവിടെ എത്തുന്ന രോഗികൾക്ക് ലോകത്തിലെ ഏറ്റവും മികച്ച ചികിത്സ, വളരെ കുറഞ്ഞ ചെലവിൽ ലഭ്യമാകുന്നു.

**മെഡിക്കൽ ടൂറിസത്തിന്റെ പ്രയോജനങ്ങൾ:**

- രാജ്യത്തിനു വിദേശനാണ്യം നേടിത്തരുന്നു.
- വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ചെലവ് കുറവ്
- വിവര കൈമാറ്റത്തിൽ വളർച്ച
- രോഗീശുശ്രൂഷയിൽ മികവ് നേടാൻ സാധിക്കുന്നു
- ആശുപത്രികളുടെ സപ്ലൈചെയിൻ സംവിധാനത്തിൽ വളർച്ച

- വിദേശത്തുള്ള ആശുപത്രികളുമായി സേവന വ്യവസായ പങ്കാളിത്തം
- സാങ്കേതികവിദ്യയുടെയും അറിവിന്റെയും കൈമാറ്റം
- ആഭ്യന്തരവും ബാഹ്യവുമായ ചരക്കുനീക്ക പ്രകടനം
- പുതിയ തൊഴിലവസര സൃഷ്ടി
- അടിസ്ഥാനവിഭവ, മനുഷ്യവിഭവ ശേഷി കളുടെ ഉപയോഗം
- ആരോഗ്യ, വിനോദസഞ്ചാര, മേഖലകളിൽ വികസനത്തിനുള്ള അവസരങ്ങൾ
- പ്രതിശീർഷ വരുമാന വർധന
- ചികിത്സാ മേഖലയിൽ സമഗ്ര ഗവേഷണ ത്തിനും വികസനത്തിനും സാധ്യത
- സാമൂഹ്യ സാംസ്കാരിക അനുഭവങ്ങളും രാജ്യാന്തര ഉപഭോക്തൃ ബന്ധങ്ങളും
- ആഗോള വിപണനവും മെഡിക്കൽ വ്യവ സായ ബന്ധങ്ങളും
- ലോകോത്തര ആരോഗ്യ സേവനം ലഭിക്കുന്ന രാജ്യം എന്ന ബ്രാൻഡ് പ്രതിഛായ
- മത്സരക്ഷമത
- ആശുപത്രികളും ആതിഥേയ വ്യവസായ പങ്കാളികളും തമ്മിൽ ഏകോപനം
- പൊതു മേഖലയും സ്വകാര്യ മേഖലയും തമ്മി ലുള്ള പങ്കാളിത്തം

**രോഗികളുടെ സംതൃപ്തി വെല്ലുവിളികൾ:**

- മെഡിക്കൽ ടൂറിസത്തിന് ഗവൺമെന്റിന്റെ പിന്തുണ കുറവാണ്.
- ഈ മേഖലയിലെ പങ്കാളികൾ - വിമാന കമ്പ നികൾ, ഹോട്ടലുകൾ, ആശുപത്രികൾ - തമ്മിൽ ഏകോപനം ദുർബലമാണ്
- വൃത്തിയില്ലാത്ത രാജ്യം എന്ന ഒരു മോശം അഭിപ്രായം
- ഓരോ ആശുപത്രിയും തോന്നുന്ന രീതിയിൽ പ്രതിഫലം വാങ്ങുന്നു
- തായ്‌ലന്റ്, സിംഗപ്പൂർ, മലേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള വെല്ലുവിളി
- അന്താരാഷ്ട്ര അംഗീകാരത്തിന്റെ അപര്യാ പ്തത മുഖ്യ തടസം
- ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളിൽ മൂല ധന നിക്ഷേപത്തിന്റെ അപര്യാപ്തത
- കൃത്യമായ ഇൻഷുറൻസ് നയങ്ങളുടെ പോരായ്മ
- മേഖലയെ കുറിച്ച് അറിവോ പരിശീലനമോ ഇല്ലാത്ത ഇടനിലക്കാരുടെ ബാഹുല്യം

**ഭാവി പ്രവർത്തനങ്ങൾ:**

- ഇന്ത്യാ ഗവൺമെന്റിന്റെ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയവും ടൂറിസം മന്ത്രാലയവും സംയുക്തമായി ഇതിനുള്ള സംഘത്തെ നിയോഗിച്ച് ഒരുമിച്ച് പ്രവർത്തിക്കണം
- താക്കോൽ സ്ഥാനത്തുള്ള ഉദ്യോഗസ്ഥരുടെ ആലോചനാ യോഗം ചേർന്ന് മേഖലയിലെ വിടവുകളും വെല്ലുവിളികളും ചർച്ച ചെയ്ത് പരിഹാരങ്ങൾ കാണണം
- ഈ മേഖലയിലെ സാധ്യതകൾ വിലയിരു ത്താൻ ഒരു പ്രത്യേക സംഘത്തെ തന്നെ നിയോഗിക്കണം. രാജ്യത്തെ ആരോഗ്യമേഖ ലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നയം രൂപീകരിക്കണം
- വിദേശത്തുനിന്നുള്ള രോഗികൾക്ക് ആശുപ ത്രികൾ തെരഞ്ഞെടുക്കുന്നതിനുള്ള സൗകര്യ ങ്ങൾ ഏർപ്പെടുത്തുകയും നടപടിക്രമങ്ങൾ നിലവാരപ്പെടുത്തുകയും ചെയ്യണം
- ഈ വ്യവസായത്തിന്റെ ഭാവി ശോഭനമാ ക്കാൻ ആശുപത്രികൾക്ക് സ്വന്തംനിലയിൽ അന്താരാഷ്ട്ര അക്രഡിറ്റേഷൻ സമ്പാദിക്ക ണം
- രോഗികൾക്ക് വേഗത്തിൽ ചികിത്സാ സൗക ര്യങ്ങൾ നല്കുക വഴി അവരുടെ കാത്തു നില്പ്പ് ഒഴിവാക്കിക്കൊണ്ട് മത്സരക്ഷമത വർധിപ്പിക്കണം

- മാതൃരാജ്യവുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തണം
- മെഡിക്കൽ ടൂറിസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ശൃംഖല രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം. ഇന്ത്യൻ മെഡിക്കൽ ടൂറിസത്തിന്റെ പ്രാധാന്യം വ്യക്തമാക്കണം
- മെഡിക്കൽ - പാരാമെഡിക്കൽ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെടുത്തി ഗവൺമെന്റ് മുൻകൈയെടുത്ത് പ്രത്യേക പരിശീലനം നല്കണം
- ഇന്ത്യയിലേയ്ക്കു കൂടുതലായി ടൂറിസ്റ്റുകൾ വരുന്ന വിദേശ രാജ്യങ്ങളിലെ ഭാഷകളിൽ പ്രാവീണ്യം സമ്പാദിക്കാൻ പ്രത്യേകം കോഴ്സുകൾ ഏർപ്പെടുത്തണം

**ഉപസംഹാരം**

ചികിത്സയ്ക്കും വിനോദത്തിനുമായി വിദേശ രാജ്യങ്ങൾ സന്ദർശിക്കുന്ന യാത്രാപരിപാടിയാണ് ഇന്ന് മെഡിക്കൽ/ ഹെൽത്ത് ടൂറിസം എന്ന മേഖലയായി വികസിച്ചിരിക്കുന്നത്. ഇന്ന് ആളുകൾ കൂടുതലായി സ്വന്ത രാജ്യം വിട്ട് ചികിത്സാർത്ഥം വിദേശ രാജ്യങ്ങളിൽ എത്തുന്ന ഒരു പ്രവണതയുണ്ട്.

മെഡിക്കൽ ടൂറിസം വിദേശ നാണ്യം നേടാനുള്ള വലിയ സ്രോതസായി മാറിയിരിക്കുന്നു. ചികിത്സയ്ക്കപ്പുറം വിദേശികൾ നടത്തുന്ന യാത്ര, അവർ കഴിക്കുന്ന ഭക്ഷണം എല്ലാം ഇവിടുത്തെ ഗതാഗത, ഹോട്ടൽ, ഭക്ഷ്യനിർമ്മാണ വ്യവസായങ്ങളെ സഹായിക്കുന്നു. മടക്കയാത്രയ്ക്കു മുമ്പായി രോഗികളും അവർക്ക് ഒപ്പം വന്നവരും നടത്തുന്ന ഷോപ്പിംങ്ങും നമ്മുടെ സമ്പദ് വ്യവസ്ഥയ്ക്ക് വലിയ സംഭാവനയാണ് നല്കുന്നത്.

ചുരുക്കത്തിൽ മെഡിക്കൽ ടൂറിസം വിദേശ നാണ്യം നേടിത്തരുന്നതിനു മാത്രമല്ല, നമ്മുടെ രാജ്യത്തെ ഉത്പ്പന്നങ്ങൾ വിദേശങ്ങളിൽ എത്തിക്കാനും അങ്ങിനെ ഇന്ത്യയുടെ പേര് പ്രചരിപ്പിക്കാനും സഹായിക്കുന്നു. അതുവഴി കൂടുതൽ ആളുകൾക്ക് ഇങ്ങോട്ടേയ്ക്കു വരാനുള്ള പ്രേരണ ഉണ്ടാകുന്നു. ഇതാണ് ഏറ്റവും വലിയകാര്യം.

ലോകത്ത് ഇന്ന് ലഭിക്കുന്ന എല്ലാ വിദഗ്ധ ചികിത്സയും വളരെ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുന്നു എന്നതാണ് ഇന്ത്യൻ മെഡിക്കൽ ടൂറിസത്തിന്റെ പ്രത്യേകത. ഇതിനായി പ്രത്യേകം വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരും നഴ്സുമാരും മറ്റ് പാരാ മെഡിക്കൽ പ്രൊഫഷണലുകളും രാജ്യത്തെ വിവിധ ആശുപത്രികളിൽ ഉണ്ട്. അമേരിക്കയിലോ യൂറോപ്പിലോ ലഭിക്കുന്ന അതേ ചികിത്സ ഇവിടെ 25 ശതമാനം കുറഞ്ഞ ചെലവിൽ നാം ലഭ്യമാക്കുന്നു. ഇന്ന് ഇന്ത്യയിലെ മികച്ച ആശുപത്രികളിൽ പ്രതിവർഷം സേവനം തേടിയെത്തുന്ന രോഗികളിൽ 25 ശതമാനം വിദേശികളാണ്. എണ്ണമെടുത്താൽ ഇത് പതിനായിരങ്ങളാണ്. ഇവർ പ്രതിഫലമായി ഇവിടെ നല്കുന്നത് ദശലക്ഷക്കണക്കിന് ഡോളറുകളും.

പക്ഷെ ഈ മേഖലയിൽ ഇടനിലക്കാരായി ധാരാളം വ്യാജന്മാരും പ്രവർത്തിക്കുന്നു എന്നതാണ് ഏറ്റവും വലിയപ്രശ്നം. ഇക്കൂട്ടർ സന്ദർശകരെ സാമ്പത്തികമായും മാനസികമായും ചൂഷണം ചെയ്യുന്നു. ഇവരുടെ കെണിയിൽ പെട്ട് നല്ല ആശുപത്രിയോ മികച്ച ശുശ്രൂഷയോ ലഭിക്കാതെ അസംതൃപ്തരായി അതിഥികൾ മടങ്ങുമ്പോൾ ദുഷ്പേര് ലഭിക്കുന്നത് നമ്മുടെ രാജ്യത്തിന് മൊത്തമാണ്.

അതിനാൽ ഇന്ത്യൻ മെഡിക്കൽ ടൂറിസം രംഗത്ത് വ്യക്തമായ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങളും മാനദണ്ഡങ്ങളും ക്രോഡീകരിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. ഇവിടെ എത്തുന്ന വിദേശികൾക്ക് ഇവിടുത്തെ യാത്രയും ചികിത്സയും ഒരു നല്ല അനുഭവമായി മാറണം. അല്ലെങ്കിൽ നൂറു ദശലക്ഷം സാധ്യതയുള്ള ഈ സൂര്യോദയ വ്യവസായം രാജ്യത്തിന് ഒരു സാമ്പത്തിക ലാഭമോ തൊഴിലവസരങ്ങളോ ലഭ്യമാക്കാതെ കൈമോശം വന്ന അവസരമായി മാറിയേക്കാം. അതു സംഭവിക്കാൻ പാടില്ല.

**വൈദ്യശാസ്ത്ര രംഗത്തെ പ്രഗത്ഭനായ ഡോക്ടറാണ് ലേഖകൻ**

# വിദ്യാഭ്യാസ ടൂറിസം ഇന്ത്യയിൽ

അർച്ചനാ കുമാരി, ദിവ്യാൻഷു കുമാർ

പുരാണകാലം മുതൽ തന്നെ ഇന്ത്യ വിദ്യാഭ്യാസ കാര്യങ്ങളിൽ ദക്ഷിണേഷ്യൻ മേഖലയിലെ പ്രധാന കേന്ദ്രമായിരുന്നു. നളന്ദ, തക്ഷശില, വിക്രംശില തുടങ്ങിയ സർവ്വകലാശാലകൾ വിജ്ഞാനത്തിന്റെ ഉത്തമമാതൃകകളും ആഭ്യന്തര പണ്ഡിതർക്കും വിദേശസഞ്ചാരികൾക്കും ഒരുപോലെ പഠനത്തിനും അറിവു പങ്കുവയ്ക്കുന്നതിനും ഉതകുന്ന കേന്ദ്രങ്ങളുമായിരുന്നു. ഇത്തരത്തിൽ സമ്പന്നമായ പൈതൃകം വിദ്യാഭ്യാസ -വിജ്ഞാനരംഗങ്ങളിൽ ഉണ്ടായിരുന്നിട്ടും വിദ്യാഭ്യാസ ടൂറിസം രംഗത്ത് സാന്നിധ്യം അറിയിക്കാൻ ഇപ്പോൾ ഇന്ത്യ പാടുപെടുകയാണ്. എന്നിരുന്നാലും വിനോദസഞ്ചാര-വിദ്യാഭ്യാസ രംഗങ്ങളിൽ മികച്ച വളർച്ച ദൃശ്യമാകുന്ന സാഹചര്യത്തിൽ ലോകത്തിൽ പൊതുവിലും അയൽരാജ്യങ്ങൾക്ക് പ്രത്യേകിച്ചും ആശ്രയിക്കാവുന്ന വിജ്ഞാന കേന്ദ്രമായി വളരാൻ ഇന്ത്യയ്ക്ക് ശേഷിയുണ്ട്.

ഇക്കാര്യത്തിൽ കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കും മുമ്പ് വിദ്യാഭ്യാസ ടൂറിസം എന്നാൽ എന്താണെന്ന് നമുക്ക് പരിശോധിക്കാം. ഒരു പ്രദേശത്തെ പഠനപ്രക്രിയയിൽ പങ്കാളിയാകുന്നതിന് വേണ്ടി ഒരു സംഘം ആളുകൾ ആ പ്രദേശത്തേക്ക് പോകുന്നതിനാണ് വിദ്യാഭ്യാസ ടൂറിസം അഥവാ എജ്യു ടൂറിസം എന്ന് പറയുന്നത്. വിദ്യാഭ്യാസത്തിനായുള്ള സഞ്ചാരം എന്നത് പുതിയ കാര്യമല്ല. ചില വിദഗ്ദ്ധരുടെ അഭിപ്രായത്തിൽ ടൂറിസം വിപണിയിൽ ഇതിന്റെ സ്വീകാര്യത വർദ്ധിക്കുകയേയുള്ളു. ആഭ്യന്തര രംഗത്തും ആഗോളതലത്തിലും വിദ്യാഭ്യാസരംഗത്ത് രാജ്യത്തിനുള്ള സ്ഥാനം ഇന്ത്യ അംഗീകരിച്ചിട്ടുണ്ട്. ലോകത്തെങ്ങുനിന്നുമുള്ള വിദ്യാർത്ഥികളുടെ പ്രിയ കേന്ദ്രമായി രാജ്യത്തെമാറ്റിയെടുക്കാനുള്ള വഴികൾ നാം ആരാഞ്ഞു വരികയുമാണ്. ഇക്കാര്യത്തിൽ ഇന്ത്യയ്ക്കുള്ള അനുകൂല ഘടകങ്ങൾ ഇവയാണ്.

- ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യ
- ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി ഇന്ത്യ വളരുന്നു
- മറ്റു വികസിത രാജ്യങ്ങളെ അപേക്ഷിച്ച് ഇവിടെ ജീവിത ചെലവ് കുറഞ്ഞിരിക്കുന്നു
- ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളും വിഭവങ്ങളുമുള്ള പല മുൻനിര വിദ്യാഭ്യാസ സ്ഥാപനങ്ങൾ രാജ്യത്തുണ്ട്.
- വികസിത രാജ്യങ്ങൾക്ക് വിദഗ്ദ്ധ മനുഷ്യവിഭവശേഷി സംഭാവന ചെയ്യുന്ന രാജ്യമാണ് ഇന്ത്യ

വിദ്യാഭ്യാസ ടൂറിസത്തിന്റെ അനുകൂല ഘടകങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിന് മുമ്പ് പൗരാണിക കാലത്ത് ഇന്ത്യയെ വിദ്യാഭ്യാസ വിജ്ഞാനകേന്ദ്രമായി മാറ്റാൻ ഇടയാക്കിയ കാര്യങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

**സമ്പന്നമായ മുൻകാലം**

നളന്ദ, തക്ഷശില സർവകലാശാലകളോടൊപ്പം തന്നെ മറ്റ് ചില ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും പൗരാണിക കാലത്ത് ഇവിടെ നിലനിന്നിരുന്നു. ബീഹാറിലെ ഒഡന്താപുരി, ബംഗ്ലാദേശിലെ സോമപുര (ഗുപ്തകാലഘട്ടം മുതൽ മുസ്ലിം അധിനിവേശം വരെ) ബംഗാളിലെ ജഗദ്ദാലാ (പാല കാലം മുതൽ മുസ്ലിം അധിനിവേശം വരെ), നാഗാർജ്ജുനകൊണ്ട (ആന്ധ്രപ്രദേശിൽ), വിക്രംശില (ബിഹാർ), കാശ്മീരിലെ

ശാരദാപീഠം, ഗുജറാത്തിലെ വല്ലഭി (മൈതൃക് കാലം മുതൽ അറബികളുടെ വരവ് വരെ), ഉത്തർപ്രദേശിലെ വാരാണാസി (എട്ടാം നൂറ്റാണ്ട് മുതൽ ആധുനിക കാലം വരെ), തമിഴ്നാട്ടിലെ കാഞ്ചിപുരം, കർണ്ണാടകയിലെ മാന്യഖേത്ത, ഒഡീഷയിലെ പുഷ്പഗിരിയും രത്നഗിരിയും, ശ്രീലങ്കയിലെ ബുദ്ധമതപഠനകേന്ദ്രമായ സുനേത്രാദേവി പിരിവേനാ (AD 1415 ൽ സ്ഥാപിച്ചത്) തുടങ്ങിയവ അവയിൽ ചിലത് മാത്രം.

എന്നാൽ ഇവയിലെല്ലാം ഏറ്റവും തലഉയർത്തി നിന്നത് നളന്ദ സർവകലാശാലയും (AD 427 മുതൽ 1197 വരെ) തക്ഷശില സർവകലാശാലയും (ബി സി അഞ്ചാം നൂറ്റാണ്ട് മുതൽ എഡി അഞ്ചാം നൂറ്റാണ്ട് വരെ) ആണ്. ചാണക്യൻ, ചന്ദ്രഗുപ്തൻ, ചരകൻ എന്നീ മൂന്ന് അതുല്യപ്രതിഭകളുടെ പേരിലാണ് തക്ഷശില അറിയപ്പെടുന്നത്. സാമ്പത്തിക ശാസ്ത്രം, രാഷ്ട്രീയ മീമാംസ എന്നിവ സംബന്ധിച്ച പൗരാണിക ഗ്രന്ഥമായ അർത്ഥശാസ്ത്രം ചാണക്യന്റെ രചനയാണ് എന്നാണ് വിശ്വാസം. ഇന്ത്യയുടെ ചക്രവർത്തിയായിരുന്ന മഹാനായ ചന്ദ്രഗുപ്ത മൗര്യൻ തക്ഷശിലയിൽ പഠിച്ചിരുന്നു. ചരകസംഹിത രചിച്ച ആയുർവേദ പണ്ഡിതൻ ചരകനും ഇവിടുത്തെ വിദ്യാർത്ഥിയായിരുന്നു. സാധാരണയായി 16 വയസിലായിരുന്നു ഒരു വിദ്യാർത്ഥി തക്ഷശിലയിൽ എത്തുന്നത്. വേദങ്ങളും അമ്പെയ്ത്ത്, വേട്ട, ആനയെക്കുറിച്ചുള്ള പഠനം ഉൾപ്പെടെ 18 കലകളും ഇവിടെ പഠിപ്പിച്ചു. നിയമപഠനം, വൈദ്യപഠനം, സൈനികശാസ്ത്രം എന്നിവ ഇതിന് പുറമേയായിരുന്നു. തക്ഷശില വേദപഠനത്തിനുള്ള കേന്ദ്രം മാത്രമായിരുന്നില്ല, ബുദ്ധപാരമ്പര്യത്തിലും ഉന്നതസ്ഥാനം അലങ്കരിക്കുന്നു. ബുദ്ധമതത്തിലെ മഹായാനവിഭാഗം ഇവിടെ രൂപം കൊണ്ടു എന്ന് കരുതപ്പെടുന്നു.

ഒരു കൂരയ്ക്ക് കീഴിൽ വൈവിധ്യമാർന്ന പഠന വിഭാഗങ്ങളെ സമന്വയിപ്പിക്കാനുള്ള സവിശേഷമായ ഈ കഴിവ് ലോകമെങ്ങും നിന്നുള്ള പഠിതാക്കളെ തക്ഷശിലയിലേക്ക് ആകർഷിച്ചു. അക്കാലത്ത് ബുദ്ധമത രാജ്യക്കാർക്ക് ഇന്ത്യ പഠനത്തിനും തീർത്ഥാടനത്തിനും സന്ദർശിച്ചിരിക്കേണ്ട ഒരു കേന്ദ്രമായിരുന്നു. ഇത്തരം മതപഠനം കൂടാതെ മറ്റ് ജനപ്രിയ ഇനങ്ങളിലും ഇവിടെ വൈദഗ്ദ്ധ്യം നൽകിയത് തക്ഷശിലയുടെ യശസ് ഉയർത്തി.

സമാന സാഹചര്യങ്ങളിൽ നളന്ദ സർവകലാശാലയും പുരോഗതി നേടി. മഗധരാജ്യം സമ്പന്നവും വിജ്ഞാന സാമ്രാജ്യവും ആയിരുന്നു. ബുദ്ധമത - ഇതര വിഷയങ്ങളിൽ ഇവിടെ ഒരുപോലെ പ്രാവീണ്യം നൽകി. 1000 മുതൽ 10000 വരെ വിദ്യാർത്ഥികൾ താമസിച്ച് പഠിച്ച സർവകലാശാലയായിരുന്നു നളന്ദ.

ഈ സർവകലാശാലയിലെ പഠന സമ്പ്രദായവും അധ്യാപകരുടെ പാണ്ഡിത്യവും ചൈന, കൊറിയ, ജപ്പാൻ, ടിബറ്റ്, മംഗോളിയ, തുർക്കി, ശ്രീലങ്ക മറ്റ് ചില തെക്കു കിഴക്കേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്ന് വിദ്യാർത്ഥികളെ ആകർഷിച്ചു. ഇവിടുത്തെ പഠനാന്തരീക്ഷം, സമ്പ്രദായം, സവിശേഷ ശില്പഭംഗി, ജീവിതരീതി എന്നിവയെപ്പറ്റി പണ്ഡിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചൈനീസ് പണ്ഡിതനായ ഹുയാൻ സാംഗ് ആണ് ഇക്കാര്യം സമഗ്രമായി രേഖപ്പെടുത്തിയവരിൽ മുമ്പൻ.

ഇന്ത്യയിലെ ലോകപ്രശസ്ത സർവകലാശാലകളെപ്പറ്റി മേൽപറഞ്ഞ കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ഉയർന്നുവരും.

☞ മതം, സംസ്കാരം എന്നിവയിൽ വൈവിധ്യം പുലർത്തിയ ഇന്ത്യ എക്കാലവും മത, സാംസ്കാരിക പഠനത്തിന് പ്രിയ കേന്ദ്രമായിരുന്നു.

☞ തദ്ദേശീയമായ വിഷയങ്ങളിൽ നൈപുണ്യം നേടാനും പുറം നാട്ടുകാർ താല്പര്യം കാട്ടി.

☞ ഈ സർവകലാശാലകളിലെ അധ്യാപകരുടെ പാണ്ഡിത്യവും കഴിവും രാജ്യത്തിനകത്തും പുറത്തും നിന്ന് പഠിതാക്കളെ ആകർഷിച്ചു.

☞ പഠനം മാത്രമല്ല, അന്തരീക്ഷം, പ്രകൃതിയോട് ചേർന്ന പഠനസംവിധാനം എന്നിവയും ആകർഷക കാരണങ്ങളായി.

☞ വിവിധ രാജാക്കന്മാരുടെ കാലഘട്ടങ്ങളിലായി പല നൂറ്റാണ്ടുകൾ നില നിന്നതുമൂലം ഇവയുടെ കീർത്തിയും യശ്ശസും പലമടങ്ങ് വർദ്ധിച്ചു.

**ഇരുണ്ട വർത്തമാനകാലം**

ഇന്ത്യയിൽ വിനോദസഞ്ചാരം വളരെ വലിയ ഒരു വ്യവസായമായി വളർന്നുകഴിഞ്ഞു. ടൂറിസം മന്ത്രാലയത്തിന്റെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 2012-13 ൽ രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ വിനോദസഞ്ചാര മേഖലയുടെ പങ്ക് 6.88 ശതമാനമാണ്. തൊഴിലവസരങ്ങളിൽ 12.36 ശതമാനവും ഈ മേഖല സംഭാവന ചെയ്യുന്നു. 1990 നും 2011 നും ഇടയിൽ ടൂറിസം മേഖലയുടെ ജി ഡി പി 229 ശതമാനമാണ് വർദ്ധിച്ചത്. നടപ്പു ദശകത്തിൽ ഈ മേഖല 7.7 ശതമാനം കണ്ട് വാർഷിക വളർച്ച രേഖപ്പെടുത്തുമെന്നും കണക്കാക്കുന്നു. 2011 ൽ ലോക ട്രാവൽ ആൻഡ് ടൂറിസം കൗൺസിൽ പ്രവചിച്ചത് 2011 നും 2021 നും ഇടയിൽ 8.8 ശതമാനം വാർഷിക വളർച്ചയാണ്. ലോകത്തിലെ വേഗത്തിൽ വളരുന്ന ടൂറിസം വ്യവസായങ്ങൾ ഉള്ള രാജ്യങ്ങളിൽ ഇത് ഇന്ത്യക്ക് അഞ്ചാം സ്ഥാനം നൽകുന്നു.

എന്നാൽ, ഈ അതിവേഗം വളരുന്ന ടൂറിസം രംഗത്ത് വിദ്യാഭ്യാസ ടൂറിസത്തിന്റെ സ്ഥാനം എവിടെയാണ് എന്നതാണ് ചോദ്യം. ഈ ചോദ്യത്തെപ്പറ്റി കൂടുതൽ പഠിക്കുന്നതിന് മുമ്പ് സാമ്പത്തിക സഹകരണ വികസന സംഘടന (OECD)യുടെ 2014 ലെ റിപ്പോർട്ട് പരിശോധിക്കാം.

☞ ലോകമെങ്ങുമുള്ള സർവകലാശാലകളിലെ വിദ്യാർത്ഥികളിൽ 53% ഏഷ്യൻ വിദ്യാർത്ഥികളാണ്. ചൈന, ഇന്ത്യ, കൊറിയ എന്നിവിടങ്ങളിൽ നിന്നുമുള്ളവരാണ് ഇതിലധികവും.

☞ ഉന്നതപഠനത്തിന് പ്രവേശനം നേടുന്നവരിൽ 48% പേർ യൂറോപ്പ് തിരഞ്ഞെടുക്കുന്നു. 21% പേരുള്ള വടക്കൻ അമേരിക്കയും 18% പേരോടെ ഏഷ്യയുമാണ് പിന്നിൽ

☞ കഴിഞ്ഞ മൂന്ന് ദശകങ്ങളിൽ തങ്ങളുടെ രാജ്യത്തിന് പുറത്ത് പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണം കാര്യമായി വർദ്ധിച്ചു. 1975-ൽ 0.8 ദശലക്ഷത്തിൽ നിന്ന് 2012ൽ 4.5 ദശലക്ഷമായി ഉയർന്നു.

വിദ്യാഭ്യാസ ടൂറിസം രംഗത്ത് ഒരു ലക്ഷ്യകേന്ദ്രമായല്ല മറിച്ച് പ്രഭവസ്ഥാനമായാണ് ഇന്ത്യ പ്രവർത്തിക്കുന്നതെന്ന് മേൽപറഞ്ഞ കണക്കുകളിൽ നിന്ന് തെളിയുന്നു. വിദേശ വിദ്യാർത്ഥികളുടെ പ്രിയ കേന്ദ്രമായി യൂറോപ്പ് മാറുവാൻ കാരണം തേടിയാൽ നമുക്ക് കാണാം - അക്കാദമിക്, സാംസ്കാരിക, സാമൂഹ്യ രാഷ്ട്രീയബന്ധങ്ങൾ രാജ്യങ്ങൾക്കിടയിൽ വളർത്താനുള്ള താല്പര്യമാണ് യൂറോപ്യൻ യൂണിയനെ വേറിട്ടു നിർത്തുന്നത്. ഗതാഗത ചെലവുകൾ കുറഞ്ഞതും കാരണമായി. തൊഴിൽ വിപണികൾ അന്താരാഷ്ട്രവൽക്കരിക്കപ്പെട്ടതും രാജ്യാന്തരതൊഴിൽ പരിചയം നേടാൻ വിദ്യാർത്ഥികൾക്ക് താല്പര്യം നൽകി.

ആഗോള വിദ്യാർത്ഥി നീക്കത്തെപ്പറ്റി മറ്റൊരു നിരീക്ഷണവും ഉണ്ട്. അത് അന്തർമേഖലാ - മേഖലാന്തര കുടിയേറ്റത്തിന് ഒരു പാത പിന്തുടരുന്നു. ഒ.ഇ.സി.ഡി. രാജ്യങ്ങളിലെ ഉന്നത പഠനത്തിന്റെ അന്താരാഷ്ട്രവൽക്കരണത്തിന്റെ വളർച്ചയും മേഖലാന്തരതലത്തിലുള്ള വിദ്യാർത്ഥികളുടെ സഞ്ചാരവും നോക്കിയാൽ ആഗോള നീക്കത്തെ അപേക്ഷിച്ച് മേഖലാ നീക്കത്തിന്റെ പ്രാധാന്യം കാണാം. യൂറോപ്യൻ രാജ്യങ്ങളിലും കിഴക്കൻ ഏഷ്യയിലും ഓഷ്യാനിയയിലും ഉള്ള വിദ്യാർത്ഥിപ്രവാഹം ഏഷ്യാ-പസഫിക് രാജ്യങ്ങൾ തമ്മിലുള്ള അടുത്തബന്ധം പ്രതിഫലിപ്പിക്കുന്നതാണ്. യൂറോപ്യൻ യൂണിയന് പുറത്തേക്ക് യൂറോപ്യൻ രാജ്യങ്ങൾ ബന്ധം വളർത്തുന്നതും ഇതിലൂടെ കാണാം.

വിദേശ വിദ്യാർത്ഥികളിൽ രണ്ടാം സ്ഥാനത്തുനിൽക്കുന്ന രാജ്യമാണ് ഇന്ത്യ (5.8%). ഇന്ത്യൻ വിദ്യാർത്ഥികളിൽ 45% പേർ അമേരിക്കയിലും 17% യു.കെ.യിലും 6% പേർ കാനഡയിലും 5% ഓസ്ട്രേലിയയിലും പഠനം നടത്തുന്നു.

വിദ്യാഭ്യാസ ടൂറിസത്തിന്റെ സമകാലിക സ്ഥിതി പരിശോധിച്ചാൽ താഴെപറയുന്ന കാര്യങ്ങൾ വെളിവാകും.

- ☞ ഇപ്പോഴത്തെ സാഹചര്യത്തിൽ 5.8 ശതമാനം ഇന്ത്യൻ വിദ്യാർത്ഥികൾ വിദേശത്തു പോകുന്നത് ആഭ്യന്തരവിദ്യാഭ്യാസ ടൂറിസത്തെ ബാധിക്കുന്നു.
- ☞ വിദ്യാർത്ഥികൾ ആഗോളതലത്തിൽ നീങ്ങുന്നതിനേക്കാൾ മേഖലാടിസ്ഥാനത്തിൽ ചലിക്കുന്നതിനാണ് മുൻഗണന
- ☞ രാജ്യങ്ങൾ തമ്മിൽ അക്കാദമിക്, സാംസ്കാരിക, സാമൂഹ്യ, രാഷ്ട്രീയ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതും ഗതാഗത ചെലവ് കുറക്കുന്നതും വിസ നടപടിക്രമങ്ങൾ ആയാസരഹിതമാക്കുന്നതും ഒരു രാജ്യത്തെ വിദ്യാഭ്യാസ ടൂറിസത്തെ സഹായിക്കും.

ഇന്ത്യയിൽ നിന്ന് പുറത്തേക്ക് വിദ്യാർത്ഥികൾ പോകുന്നതിന്റെ ഒരു ഇരുണ്ടചിത്രം ഇത് നൽകുന്നു. അതേസമയം ആഭ്യന്തര വിദ്യാഭ്യാസ ടൂറിസം ഇന്ത്യയിൽ വേരുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടൂറിസം മന്ത്രാലയത്തിന്റെ 2015ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 2013 ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 1145 ദശലക്ഷം ആയിരുന്നു. 2012 നെ അപേക്ഷിച്ച് 9.59 ശതമാനം വളർച്ചയാണിത് കാണിക്കുന്നത്. ഗ്രാമപ്രദേശങ്ങളിലേയും ചെറു പട്ടണങ്ങളിലേയും ജനങ്ങൾ തങ്ങളുടെ കുട്ടികളെ വിദ്യാഭ്യാസത്തിനായി വൻ നഗരങ്ങളിലേക്ക് അയക്കുന്നു. ഇത് അവരുടെ സാമ്പത്തിക നിലയെ ആശ്രയിച്ചിരിക്കും. എന്നാൽ വിദ്യാഭ്യാസകാര്യങ്ങൾക്കായി ഇന്ത്യയെ ഒരു പ്രധാനകേന്ദ്രമായി വികസിപ്പിക്കേണ്ടതിന്റെ ആവശ്യം ഉയർന്നുവരും. എന്നാൽ ഈ മേഖലയുടെ പ്രാധാന്യം ടൂറിസം മന്ത്രാലയം ഇനിയും അംഗീകരിച്ചിട്ടില്ലെന്ന് 2015 ലെ റിപ്പോർട്ട് തന്നെ തെളിവ്.

### പ്രതീക്ഷ നൽകുന്ന ഭാവി

ഇന്ത്യയിലെ വിദ്യാഭ്യാസ ടൂറിസത്തിന്റെ ഇന്നത്തെ അവസ്ഥ നിറം മങ്ങിയതാണെങ്കിലും തിളങ്ങാനുള്ള ശേഷി അതിനുണ്ട്. പല ആഗോള പഠനങ്ങളും ഇത് എടുത്ത് കാട്ടുന്നു. ടൂറിസം മന്ത്രാലയത്തിന്റെ റിപ്പോർട്ടിൽതന്നെ അത് പറയുന്നുണ്ട്. മറ്റ് സംസ്കാരങ്ങളുമായി ഇന്ത്യയ്ക്കുള്ള ബന്ധം അതിന്റെ സമ്പന്നമായ സാംസ്കാരിക വൈവിധ്യത്തിലും ഭാഷകൾ, ഭക്ഷണ രീതികൾ, പാരമ്പര്യം, കല, ശില്പകല എന്നിവയിലും പ്രതിഫലിക്കുന്നു. വിദേശസഞ്ചാരികളുടെ വരവിൽ വളർച്ച ഉണ്ടെങ്കിലും ഇനിയും ഉപയോഗിക്കത്തക്കവിധത്തിൽ ഇന്ത്യക്ക് വളരാൻ ശേഷിയുണ്ട് .

### വിദ്യാഭ്യാസ ടൂറിസത്തിന്റെ വിഭവശേഷി

വിദ്യാഭ്യാസ ടൂറിസത്തിന് സഹായകമാകുന്ന തരത്തിൽ ഇന്ത്യയ്ക്ക് വിഭവശേഷിയുണ്ട്. സാംസ്കാരിക -ചരിത്ര ടൂറിസം, ഇക്കോ ടൂറിസം, പരിസ്ഥിതി, മെഡിക്കൽ ടൂറിസം എന്നിവ ചിലതാണ്. ഇത് കൂടാതെ സർവകലാശാലകളിൽ വിദ്യാർത്ഥി, അധ്യാപക വിനിമയ പരിപാടികളും ഉണ്ട്. ഇതുവഴി വിദേശവിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഇവിടെ കുറച്ചുകാലം ചെലവിടാൻ കഴിയുന്നു. സാംസ്കാരിക- ചരിത്രരംഗത്ത് കലയും കരകൗശലവും, ശില്പകല, വാസ്തുവിദ്യ, ഭാഷ, പുരാവസ്തു പഠനം, സംഗീതം, നൃത്തം തുടങ്ങിയവ വിനിമയ ആശയങ്ങളിൽപെടും. 350 ഇനം സസ്തനികൾ, 408 ഇനം ഇഴജന്തുക്കൾ, 197 ഇനം ഉഭയ ജീവികൾ, 1244 ഇനം പക്ഷികൾ, 2546 ഇനം മത്സ്യങ്ങൾ 15000 തരം സസ്യങ്ങൾ തുടങ്ങിയവ ഇക്കോ ടൂറിസത്തിന് വിഷയമാക്കാം. ഇന്ത്യയിൽ 80 ദേശീയ ഉദ്യാനങ്ങളും 441 വന്യമൃഗസങ്കേതങ്ങളും ഉണ്ട്. ഇവയിൽ ചിലത് ഏഷ്യയിൽ തന്നെ വലുതാണ്. ക്ഷേത്രപഠനം പോലെ മതപരമായ ആശയങ്ങളും അടിസ്ഥാനമാക്കാം.

### വിദ്യാഭ്യാസ ടൂറിസത്തിന്റെ ഇന്ത്യയിലെ വിപണി

നിലവിൽ ഇന്ത്യയിൽ വിദ്യാഭ്യാസ ടൂറിസത്തിന് വലിയ വിപണിയില്ല. എന്നാൽ ഇത് സ്ഥാനം ഉറപ്പിക്കുന്ന പ്രക്രിയയിലാണെന്ന് തെളിയിക്കുന്ന ചില കാരണങ്ങൾ ഉണ്ട്. 2015 ലെ ടൂറിസം മന്ത്രാലയത്തിന്റെ റിപ്പോർട്ടിലും ഒ.ഇ.സി.ഡി. വിദ്യാഭ്യാസ പഠനരേഖയിലും പറഞ്ഞ കാര്യങ്ങൾ എന്താണെന്ന് നോക്കാം.

- ☞ 2014 ൽ ഇന്ത്യയിലെ വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ 10.6 ശതമാനം വർദ്ധനരേഖപ്പെടുത്തി. ആഗോള വർച്ചാ നിരക്കായ 4.7 ശതമാനത്തേക്കാൾ ഏറെ ഉയർന്നതാണിത്.

- ☞ പഠനത്തിനുപയോഗിക്കുന്ന മാധ്യമം പലപ്പോഴും ഒരു വിദ്യാർത്ഥി ഏത് രാജ്യത്ത് പോകുമെന്ന് തീരുമാനിക്കുന്നതിൽ സ്വാധീനം ചെലുത്തും. പഠനമാധ്യമം, ഉദാഹരണത്തിന് ഇംഗ്ലീഷ്, വ്യാപകമായി സംസാരിക്കുകയും എഴുതുകയും ചെയ്യുന്നതാണെങ്കിൽ അത്തരം രാജ്യങ്ങളിൽ വിദേശ വിദ്യാർത്ഥികൾ എത്തും.
- ☞ ലഭിക്കുന്ന വിദ്യാഭ്യാസത്തിന്റെ നിലവാരം വിലയിരുത്തിയാണ് അന്താരാഷ്ട്ര വിദ്യാർത്ഥികൾ രാജ്യം തിരഞ്ഞെടുക്കുക. ഇപ്പോൾ വേഗത്തിൽ ഓൺലൈനിലും മറ്റും ലഭിക്കുന്ന റാങ്കിംങ്ങുകളും വിവരങ്ങളും ഇതിന് അവരെ സഹായിക്കും.
- ☞ ഫീസ് എത്ര എന്നതും നിർണ്ണായകം. എന്നാൽ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെട്ടതായാൽ ട്യൂഷൻ ഫീസ് എത്ര എന്നത് അത്ര പ്രധാനമല്ല. നിക്ഷേപം മൂല്യവത്താകും എന്നത് തന്നെ കാരണം.
- ☞ കഴിഞ്ഞ വർഷങ്ങളിൽ പല ഒ.ഇ.സി.ഡി രാജ്യങ്ങളും അവയുടെ ഇമിഗ്രേഷൻ ചട്ടങ്ങളിൽ അയവ് വരുത്തി. വിദേശവിദ്യാർത്ഥികളെ സഹായിക്കാനാണിത്. ഇത്തരം രാജ്യങ്ങളെ പ്രിയ ലക്ഷ്യങ്ങളാക്കാൻ ഇത് പ്രേരണ നൽകുന്നു.
- ☞ ചില പ്രത്യേക സ്ഥാപനങ്ങളുടെയും പഠന പരിപാടികളുടേയും കീർത്തി, വിദേശത്തു ചെലവഴിക്കേണ്ട സമയത്തിന്റെ ദൈർഘ്യം സംബന്ധിച്ച അയവ്, വിദേശ ബിരുദങ്ങളുടെ അംഗീകാരം, സ്വന്തം രാജ്യത്ത് ഉന്നതപഠനത്തിനുള്ള പരിമിതി, നാട്ടിലെ സർവകലാശാല പ്രവേശന ചട്ടങ്ങളിലെ നിയന്ത്രണം, രാജ്യങ്ങൾ തമ്മിലുള്ള രാഷ്ട്രീയ വ്യാപാര, ചരിത്രബന്ധങ്ങൾ, ഭാവി തൊഴിലവസരങ്ങൾ, സാംസ്കാരിക അഭിരുചികൾ, ക്രെഡിറ്റ് കൈമാറ്റത്തിന് ഉതകുന്ന ഗവൺമെന്റ് നയം എന്നിവയും എവിടെ ഉന്നതപഠനത്തിന് പോകണം എന്നത് തീരുമാനിക്കുന്നതിൽ വിദ്യാർത്ഥികളെ സ്വാധീനിക്കാം.

മേൽപറഞ്ഞ കാര്യങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഇന്ത്യയിൽ ഇംഗ്ലീഷ് ആണ് പഠന മാധ്യമം എന്നും അത് എല്ലാ വൻനഗരങ്ങളിലും ജനങ്ങൾ സംസാരിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടെന്നും കണ്ടെത്താം. നിലവാരമുള്ള വിദ്യാഭ്യാസം ഇന്ത്യയിൽ ഒട്ടും അന്യമല്ല. ഫീസും കുറവാണ് ഇന്ത്യയിൽ. ലോകമെങ്ങും സേവനമനുഷ്ഠിക്കുന്ന ഡോക്ടർമാരും എൻജിനീയർമാരും ഇതിന്റെ തെളിവാണല്ലോ. വിദേശ വിദ്യാർത്ഥികളെ തടയുന്നതരത്തിലുള്ള തടസ്സങ്ങൾ ഇന്ത്യയിലെ ഇമിഗ്രേഷൻ ചട്ടങ്ങൾ ഉയർത്തുന്നില്ല. എന്നാൽ ഇവിടെ നിന്ന് നൽകുന്ന ബിരുദങ്ങൾ അന്താരാഷ്ട്ര നിലവാരം പുലർത്തുന്നുവെന്ന് പറയാൻ കഴിയില്ല. സ്ഥാപനങ്ങൾ തമ്മിൽ ക്രെഡിറ്റ് കൈമാറ്റത്തിന് നിയതമായ വ്യവസ്ഥകളും ഇല്ല. ഈ പോരായ്മകൾ പരിഹരിക്കാനും വിദേശവിദ്യാർത്ഥികൾക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും നൽകുവാനും സാധിച്ചാൽ വിദ്യാഭ്യാസ ടൂറിസം രംഗത്ത് ഏറ്റവും പ്രിയ കേന്ദ്രമായി മാറാൻ ഇന്ത്യക്ക് കഴിയും എന്നതിൽ സംശയമില്ല.

**ലേഖകരായ അർച്ചനാ കുമാരി ജമ്മു**
**സെൻട്രൽ യൂണിവേഴ്സിറ്റി**
**അസി. പ്രഫസറും ദിവ്യാൻഷു കുമാർ ദില്ലി**
**ഐ.ഐ. എം.സി. അസി. പ്രഫസറുമാണ്.**

## മഹദ് വചനങ്ങൾ

**സമുദ്രജലത്തിലെ ഏതാനും തുള്ളികൾ മലിനമായതു കൊണ്ട്**
**സമുദ്രജലം മുഴുവൻ മലിനമാകുന്നില്ല**
**മനുഷ്യനും മനുഷ്യവംശവും അതുപോലെയാണ്**

**-ഗാന്ധിജി**



# ബിതാർകനിക ദേശീയോദ്യാനം : പരിസ്ഥിതി വിനോദസഞ്ചാര മാതൃക

മധുമിത ദാസ്, ബനി ചാറ്റർജി

**ആമുഖം**

**അ**നേകം രാജ്യങ്ങളിൽ ദേശീയവരുമാനം ഉയർത്തുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന ഘടകമാണ് വിനോദസഞ്ചാരം. എന്നാൽ വിനോദസഞ്ചാര വികസനം ഒരിക്കലും രാജ്യത്തിന് വിനാശകാരിയായി കാലക്രമേണ പരിസ്ഥിതിയെ നശിപ്പിക്കും എന്ന് ആരും കരുതുന്നില്ല. എങ്കിലും വിനോദസഞ്ചാരികളുടെ വർധനവ് ജീവിത നിലവാരത്തെയും പരിസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നു. ടൂറിസം വ്യവസായത്തിന്റെ വികസനത്തിനൊപ്പം, വലിയ പാരിസ്ഥിതിക പ്രശ്നങ്ങളും ഓരോ രാജ്യത്തും സംഭവിക്കുന്നു. ഉദാഹരണത്തിന് ഹരിതഗൃഹ വാതകം, ശബ്ദമലിനീകരണം, ശുദ്ധവായുവിന്റെ അളവിൽ ഉണ്ടാകുന്ന കുറവ്, ജല മലിനീകരണം, ജൈവ വൈവിധ്യ നഷ്ടം, ചതുപ്പുകളുടെയും പവിഴപ്പുറ്റുകളുടെയും നാശം തുടങ്ങിയവ പ്രകൃതിയുടെ ശോഷണത്തിനു കാരണമാകുന്നു. അതിനാൽ 1992 ൽ അന്താരാഷ്ട്ര പ്രകൃതി സംരക്ഷണ സമിതി ടൂറിസത്തെ സംരക്ഷിത മേഖലകൾക്കുള്ള രണ്ടാമത്തെ ഭീഷണിയായി പട്ടികയിൽ ഉൾപ്പെടുത്തുകയുണ്ടായി. നിരവധി എഴുത്തുകാർ വിനോദസഞ്ചാരത്തിന്റെ വിപരീത ഫലങ്ങൾ ചൂണ്ടിക്കാട്ടി, വളരെ ശ്രദ്ധാപൂർവവും സുസ്ഥിരവുമായി അതിന്റെ വികസനം നടപ്പാക്കേണ്ടതിന്റെ ആവശ്യകത നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്.

നാം ആഗ്രഹിക്കുന്ന ഭാവി എന്ന പേരിലുള്ള റിയോ+20 പ്രഖ്യാപന രേഖകൾ വളരെ പ്രാധാന്യത്തോടെ നിർദ്ദേശിക്കുന്നത് സുസ്ഥിര വിനോദസഞ്ചാരത്തിന്റെ പങ്കാണ്. വർത്തമാന കാലത്തിന്റെയും ഭാവിയുടെയും സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക ആഘാതങ്ങളുടെ മുഴുവൻ ഉത്തരവാദിത്തവും ഏറ്റെടുക്കുകയും, സന്ദർശകരുടെയും വ്യവസായത്തിന്റെയും പരിസ്ഥിതിയുടെയും ആതിഥേയ സമൂഹത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്യുന്ന ഒരു വിനോദസഞ്ചാരം എന്നാണ് സുസ്ഥിര വിനോദസഞ്ചാരത്തെ ഐക്യരാഷ്ട്രസഭ നിർവചിക്കുന്നത്. ദീർഘകാല സാമ്പത്തിക പ്രവർത്തനങ്ങൾ, എല്ലാവർക്കും സാമൂഹ്യ സാമ്പത്തിക പ്രയോജനങ്ങൾ, അതിലൂടെ വരുമാനത്തിനുള്ള സാധ്യതകൾ, ആതിഥേയ സമൂഹങ്ങൾക്ക് സാമൂഹിക സേവനങ്ങൾ തുടങ്ങിയവയാണ് സുസ്ഥിര വിനോദ സഞ്ചാരത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ. അങ്ങനെ

നോക്കുമ്പോൾ പ്രകൃതി സംരക്ഷണം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ ദ്വിവിധ ലക്ഷ്യങ്ങളാണ് അത് നിറവേറ്റുന്നത്.

സുസ്ഥിര വിനോദസഞ്ചാരത്തിന്റെ ഭാഗമായിട്ടാണ് പരിസ്ഥിതി വിനോദ സഞ്ചാരം രൂപം കൊണ്ടത്. 1980 കളുടെ തുടക്കത്തിൽ ഹെക്ടർ സെബല്ലോസാണ് അതിനെ നിർവ്വചിച്ചത്. പ്രകൃതിയെ അറിയാനും ആസ്വദിക്കാനുമായി താരതമ്യേന അലോസരപ്പെടുത്താത്ത പ്രകൃതിയിലേയ്ക്കുള്ള പാരിസ്ഥിതികമായി ഉത്തരവാദിത്വമുള്ള യാത്രകളും സന്ദർശനങ്ങളുമാണ് പരിസ്ഥിതി വിനോദ സഞ്ചാരം. അതിൽ വളരെ നേരിയ സന്ദർശക ആഘാതമേയുള്ളു. പ്രാദേശിക സമൂഹങ്ങൾക്ക് അതിൽ നിന്ന് സജീവമായ സാമൂഹിക സാമ്പത്തിക പ്രയോജനങ്ങൾ ലഭിക്കുകയും ചെയ്യുന്നു. ലോക സംരക്ഷണ സമിതി 1996 ൽ മോൺട്രിയോളിൽ നടന്ന അതിന്റെ പ്രഥമ സമ്മേളനത്തിൽ ഈ നിർവചനത്തെയാണ് ഔദ്യോഗികമായി അംഗീകരിച്ചിരിക്കുന്നത്.

ഇന്ന് പരിസ്ഥിതി വിനോദസഞ്ചാരം അതിവേഗം വളരുന്ന ഒരു വിപണിയാണ്. ഒപ്പം തന്നെ ലോകത്തിലെ ഏറ്റവും വലിയ വ്യവസായവും. സാധാരണ വിനോദ സഞ്ചാരികളുടെ എണ്ണത്തേക്കാൾ മൂന്നു മടങ്ങു വേഗത്തിലാണ് പരിസ്ഥിതി വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച എന്നാണ് സ്റ്റർമർ-സ്മിത്ത് എന്നിവരുടെ ഒരു പഠനം വ്യക്തമാക്കുന്നത്. 2024 ൽ പരിസ്ഥിതി വിനോദസഞ്ചാരം ആഗോള അവധിക്കാല വിപണിയുടെ 5 ശതമാനത്തിലെത്തും എന്നാണ് ഈ ഗവേഷകരുടെ നിഗമനം. ഗുണഭോക്താക്കളുടെ അഭിരുചികളിൽ വന്ന മാറ്റം ഈ വിപണിയുടെ വളർച്ചക്ക് സഹായകമാകുന്നു. വിനോദസഞ്ചാരികൾ കൂടുതൽ കൂടുതൽ പരിസ്ഥിതി അവബോധമുള്ളവരായി മാറിക്കൊണ്ടിരിക്കുന്നു. ബ്ലൂ ആൻഡ് ഗ്രീൻ ടുമോറോ എന്ന സംഘടന 2012 ൽ നടത്തിയ ഒരു സർവെയിൽ പങ്കെടുത്ത 47 ശതമാനം ആളുകളും അവരുടെ 2013 ലെ അവധിക്കാല യാത്രയിൽ പരിസ്ഥിതിയുടെ സംരക്ഷണം ഉറപ്പാക്കുമെന്ന് ഉത്തരം നല്കുകയുണ്ടായി. ഇന്ത്യയിൽ ബിതാർകനിക ദേശീയോദ്യാനത്തിൽ എത്തിയ വിനോദ സഞ്ചാരികളുടെ എണ്ണം 37,080 ത്തിൽ നിന്ന് 46,917 ൽ എത്തി. ഇത് 2008 മുതൽ 2013 വരെയുള്ള കണക്കാണ്. അന്താരാഷ്ട്ര ടൂറിസ മേഖലയുടെ വാർഷിക വളർച്ചാ നിരക്ക് 6.5 ശതമാനമാണ്. ഇതിൽ പരിസ്ഥിതി വിനോദ സഞ്ചാരത്തിന്റെ വാർഷിക വളർച്ചാ നിരക്ക് 5 ശതമാനമാണ്. ഇന്ത്യയെ പോലെയുള്ള വികസ്വര രാജ്യങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കും പ്രകൃതി സംരക്ഷണത്തിനും ഈ വ്യവസായം ഉത്തമം തന്നെ. പ്രകൃതി വിഭവങ്ങൾ ധാരാളമുള്ള വികസ്വര രാജ്യങ്ങളിൽ സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയാണ് രേഖപ്പെടുത്തുന്നത്. വിനോദസഞ്ചാരികളുടെ വൻതോതിലുള്ള വരവ് പ്രകൃതി വിഭവങ്ങൾ നശിപ്പിക്കും. അതിനാൽ പരിസ്ഥിതി വിനോദ സഞ്ചാരം മാത്രമാണ് ഇതിനുള്ള പ്രതിവിധി. മാത്രവുമല്ല ഇതിലൂടെ പ്രാദേശിക ആതിഥേയ സമൂഹങ്ങൾക്ക് നാടിന്റെ വളർച്ചയും, തൊഴിലവസര സൃഷ്ടിയും, വരുമാന ഉത്പാദനവും, വിദ്യാഭ്യാസ അവസരങ്ങളും ലഭിക്കുകയും ചെയ്യുന്നു.

**പരിസ്ഥിതി വിനോദസഞ്ചാരം ഇന്ത്യയിൽ**

പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗൃഹിതമാണ് നമ്മുടെ രാജ്യം. മാക്സ് മുള്ളർ ഒരിക്കൽ പറയുകയുണ്ടായി, ഭൂമിയിലെ ഒരു പറുദീസ ചൂണ്ടിക്കാണിക്കാൻ നിർദ്ദേശിച്ചാൽ ഞാൻ ഇന്ത്യയുടെ പേര് പറയും എന്ന്. ഇന്ത്യയുടെ വിനോദ സഞ്ചാര മന്ത്രാലയം 1998 ൽ പുറപ്പെടുവിച്ച പരിസ്ഥിതി വിനോദയാത്രാ നയവും മാർഗ്ഗ നിർദ്ദേശവും അനുസരിച്ച് വനം പരിസ്ഥിതി മന്ത്രാലയം 2011 ജൂണിൽ എല്ലാ സംസ്ഥാന ഗവൺമെന്റുകളോടും പരിസ്ഥിതി വിനോദയാത്രാ നയങ്ങൾ ക്രോഡീകരിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. ഇതു കൂടാതെ വിനോദസഞ്ചാര പ്രവർത്തനങ്ങളുടെ പ്രയോജനങ്ങൾ പാവപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിന് സംരക്ഷിത മേഖലയുടെ വികസനത്തിനായി വിനോദസഞ്ചാര മേഖലയിൽ നിന്നുള്ള വരുമാനം ഉപയോഗപ്പെടുത്തുവാൻ 12-ാം പദ്ധതിയിൽ ഇന്ത്യാ ഗവൺമെന്റ് ഊന്നൽ നല്കിയിട്ടുണ്ട്. നിലവിൽ ഇന്ത്യയിൽ 661 സംരക്ഷിത മേഖലകൾ ഉണ്ട്. ഇതിൽ 100 എണ്ണം ദേശീയ ഉദ്യാന

ങ്ങളും 514 വന്യമൃഗ കേന്ദ്രങ്ങളുമാണ്. കൂടാതെ 43 സംരക്ഷിത വന പ്രദേശങ്ങളും നാല് സാമൂഹ്യ സംരക്ഷിത മേഖലകളും ഉണ്ട്.

പ്രാദേശിക സമൂഹത്തിന്റെ ഉപജീവന പ്രവർത്തനങ്ങളെയും പ്രകൃതി സംരക്ഷണ ത്തെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനാണ് ഇന്ത്യ യുടെ പരിസ്ഥിതി ടൂറിസ നയം ശ്രമിക്കുന്നത്. പ്രാദേശിക സമൂഹങ്ങൾ പ്രകൃതിവിഭവങ്ങൾ അമി തമായി ചൂഷണം ചെയ്യുന്നത് ഒഴിവാക്കുന്നതി നുള്ള ബദൽ സംവിധാനമായി പരിസ്ഥിതി ടൂറിസത്തെ മാറ്റാൻ സാധിക്കുമോ എന്നാണ് ഇവിടെ പരിശോധിക്കുന്നത്. അവർക്ക് തൊഴില വസരങ്ങൾ സൃഷ്ടിക്കുക, അവരെ ഗുണഭോക്താ ക്കളാക്കുക, അതിലൂടെ പ്രകൃതി വിഭവങ്ങളെ കുറിച്ച് അവരുടെ ഉള്ളിൽ അഭിമാനം ജനിപ്പിക്കു ക, അങ്ങനെ അവ സംരക്ഷിക്കുന്നതിന് അവരെ ഒരുക്കുക. ഇതാണ് പദ്ധതി. കേരളത്തിലെ പെരി യാർ കടുവ സംരക്ഷണ കേന്ദ്രം ഇത്തരത്തിലുള്ള ഒരു പ്രവർത്തന മാതൃകയാണ്. പരിസ്ഥിതി വിനോദ സഞ്ചാരം അവിടെ ആരംഭിച്ചപ്പോൾ നിര വധി പരിസ്ഥിതി വികസന കമ്മിറ്റികളും അവിടെ രൂപീകൃതമായി. അവിടെ എത്തുന്ന വിനോദ സഞ്ചാരികൾ അവരുടെ അതിഥികളായി. ഈ കമ്മിറ്റികളാണ് അവരുടെ ആവശ്യങ്ങൾ നിറവേ റ്റുന്നത്. അവരെ ചങ്ങാടങ്ങളിൽ കൊണ്ടുപോകു ക, ട്രക്കിങ്ങിന് കൊണ്ടു പോകുക, കുതിരസവാരി ചെയ്യിക്കുക, അവർക്കായി ക്യാമ്പുകൾ നടത്തുക ഇതെല്ലാം ചെയ്യുന്നത് ഈ ആദിവാസി സമൂഹ ങ്ങളാണ്. ഏകദേശം 5,540 കുടുംബങ്ങളിലെ 40,000 ആളുകൾ ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കഴിയുന്നു. കാടിനെ നശിപ്പിക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾ ഉപേക്ഷിച്ച് വിനോദ സഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് അതിൽ നിന്നുള്ള വരുമാനം കൊണ്ട് ജീവിതം നയിക്കു വാനും തദ്വാര, യഥാർത്ഥ പ്രകൃതി സംരക്ഷകരാ കുവാനും ഇവർക്ക് അവസരം ലഭിക്കുന്നു. പശ്ചിമ ബംഗാളിലെ സുന്ദർബൻ കടുവ സംരക്ഷണ കേന്ദ്രത്തിലും ഇതേ മാതൃകയിലുള്ള പ്രവർത്ത നങ്ങളാണ് നടക്കുന്നത്. ഇക്കോ ടൂറിസത്തിലൂടെ തദ്ദേശവാസികളുടെ ജീവിത നിലവാരത്തിൽ മാത്രമല്ല മാറ്റങ്ങൾ ഉണ്ടാകുന്നത്, അത് അവരെ സാമൂഹികമായും രാഷ്ട്രീയമായും ശാക്തീകരി ക്കുകയും മനുഷ്യാവകാശങ്ങളേയും വിവിധ സംസ്കാരങ്ങളേയും ആദരിക്കാൻ പഠിപ്പിക്കു കയും ചെയ്യുന്നു. മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ പരിരക്ഷ, ബോധവത്ക്കരണം, വിദ്യാ ഭ്യാസം എന്നിവയിലൂടെ പ്രകൃതി സംരക്ഷണത്തി നുള്ള അനുകൂല നിലപാടുകൾ ആദിവാസികളിൽ വളർത്താനും ഈ പദ്ധതിക്കു സാധിക്കുന്നുണ്ട്. സുന്ദർബൻ പദ്ധതിയിൽ ഇക്കോ ടൂറിസത്തിലൂടെ ലഭിക്കുന്ന അധിക വരുമാനത്തിന്റെ ഒരു വിഹിതം ഉപയോഗിച്ച് ആദിവാസികളുടെ മക്കൾക്ക് വിദ്യാ ഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്യുന്നുണ്ട്. ഇന്ത്യയിലെ ഇക്കോ ടൂറിസ രംഗത്തെ മഹത്തായ മറ്റൊരു ഉദാഹരണം ഹിമാലയൻ ദേശീയ ഉദ്യാ നമാണ്. ഇവിടെ സംരക്ഷിത മേഖലയിലെ അധി കൃതർ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളിലൂടെ പ്രകൃതി സംരക്ഷണം മാത്രമല്ല നടപ്പാക്കുന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം, സ്ത്രീ ശാക്തീകരണം, കാടിനുള്ളിലെ ഗ്രാമങ്ങളുടെ വികസനം തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി ഇതുമായി ബന്ധിപ്പിച്ച് നട ത്തുന്നു. പാവപ്പെട്ട വീട്ടമ്മമാർക്കായി വായ്പാ നിക്ഷേപ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അതുപ യോഗിച്ച് അവർ വിവിധ തരത്തിലുള്ള വ്യാപാര ങ്ങൾ നടത്തി വരുമാനം ഉണ്ടാക്കുന്നു. ദുർബല വിഭാഗങ്ങളെ ശാക്തീകരിക്കാൻ നടത്തിയ ശ്രമ ങ്ങളിൽ വലിയ ഭാഗഭാഗിത്വമാണ് ഇവരിൽ നിന്ന് ലഭിച്ചത്. ഇതിലൂടെ ആദിവാസികളുടെ വനാശ്ര യത്വം വളരെയധികം കുറയ്ക്കുന്നതിന് ഇവിടെ സാധിച്ചു. അങ്ങനെ സാമ്പത്തിക സാമൂഹിക ശാക്തീകരണത്തിലൂടെ സുസ്ഥിര പരി സ്ഥിതിയ്ക്കുള്ള പ്രഥമ മുൻ ഉപാധിയായ ജൈവ വൈവിധ്യ സംരക്ഷണം വിജയിപ്പിച്ചു എന്നത് വലിയ കാര്യം തന്നെ. നിരവധി ഇക്കോ ടൂറിസം പദ്ധതികളും അവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്ന് വളരെ അകലെയാണ് എന്ന വിമർശനം ഉണ്ട്. ആദിവാസി സമൂഹത്തിന്റെ ജീവ സന്ധാര ണത്തിനു മുൻഗണന നല്കുമ്പോൾ പലപ്പോഴും പാരിസ്ഥിതികമായ ലക്ഷ്യങ്ങൾ അവഗണിക്ക പ്പെട്ടു പോകുന്നു എന്നത് സത്യം തന്നെ. പലയി ടത്തും തോക്കും കാവൽക്കാരും എന്ന നയമാണ് പിന്തുടരുന്നത്. പ്രാദേശിക സമൂഹം അതോടെ അകന്നു പോകുന്നു. അങ്ങനെ സംരക്ഷിത മേഖ

ലയും പ്രാദേശിക സമൂഹവും തമ്മിൽ സംഘർഷങ്ങൾ ഉടലെടുക്കുന്നു. രാജസ്ഥാനിലെ കിയോലാഡിയോ ദേശീയ ഉദ്യാനത്തിൽ ഇതാണ് സംഭവിച്ചത്. ഏതാനും ജാട്ട് പുരുഷന്മാർക്കാണ് ഇക്കോ ടൂറിസം പദ്ധതിയിൽ തൊഴിൽ ലഭിച്ചത്. തന്മൂലം പ്രാദേശിക സമൂഹം മുഴുവൻ പരിസ്ഥി സംരക്ഷണ പദ്ധതിയിൽ നിന്നു വിട്ടു നിന്നു. ദേശീയ ഉദ്യാനങ്ങൾക്കു വേണ്ടിയുള്ള നിർബന്ധിത കുടിയൊഴിപ്പിക്കൽ, സംരക്ഷിത മേഖലയിൽ നിന്ന് അകറ്റി നിർത്തൽ, കൃഷി ഭൂമിയുടെ സുരക്ഷിതത്വമില്ലായ്മ, വന്യമൃഗങ്ങളുടെ ശല്യം തുടങ്ങിയവ കാര്യങ്ങൾ കൂടുതൽ വഷളാക്കുകയേയുള്ളു.

**ഒഡീഷയിലെ ബിതാർകനിക വന്യജീവി കേന്ദ്രം**

ഇന്ത്യയുടെ കിഴക്കൻ തീരത്ത് ഒഡിഷയിൽ കേന്ദ്രപ്പാറ ജില്ല കേന്ദ്രീകരിച്ചാണ് വംശനാശഭീഷണി നേരിടുന്ന ഉപ്പുവെള്ളത്തിൽ ജീവിക്കുന്ന മുതലകൾ ഉള്ളത്. ഇതാണ് ബിതാർകനിക വന്യജീവി കേന്ദ്രം. ലോകത്തിലെ ഏറ്റവും വലിയ ഉപ്പുവെള്ള മുതലകളുടെ കേന്ദ്രം എന്ന നിലയിൽ ഗിന്നസ് ബുക്കിൽ 2008 ൽ ബിതാർകനികയെ കുറിച്ച് പരാമർശമുണ്ട്. 1998 സെപ്റ്റംബറിലാണ് ഈ ദേശീയോദ്യാനം സ്ഥാപിക്കപ്പെട്ടത്. 1975 ൽ തന്നെ ഇത് ചെറിയ തോതിൽ രൂപീകരിക്കപ്പെട്ടിരുന്നു. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കണ്ടൽ കാടുകൾ ഇവിടെയാണ്. ചുറ്റളവ് 672 ചതുരശ്ര കിലോ മീറ്റർ. ബ്രഹ്മണി, ബൈതരണി, ധർമ്മ എന്നീ മൂന്നു നദികളുടെ സംഗമ സ്ഥാനമാണിത്.

അടുത്ത കാലത്ത് ഇവിടേയ്ക്കുള്ള സന്ദർശകരുടെ പ്രവാഹം കുത്തനെ ഉയർന്നിട്ടുണ്ട്. ഇതെ തുടർന്ന് പ്രാദേശിക സമൂഹങ്ങൾക്കായി വിവിധ തൊഴിൽ പദ്ധതികൾ ഇവിടെ നിർദ്ദേശിക്കപ്പെട്ടു. അവർക്ക് ബോധവത്ക്കരണവും നല്കി. അങ്ങനെ വനം വകുപ്പിന്റെ സഹകരണത്തോടെ ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ സ്ഥാപിതമായി. സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ നിരവധി ചെറുപ്പക്കാർക്ക് പരിശീലനം ലഭിച്ചു.

പാർക്കിനുള്ളിൽ – പട്രോൾ ജോലി, പ്ലാന്റേഷൻ ജോലി, ഗേറ്റ് കീപ്പർ, ബോട്ട് ഡ്രൈവർ, കരകൗശല വസ്തുക്കളുടെ കട, കാന്റീൻ, ലോഡ്ജ്, ഗൈഡ്, പാർക്കിലെ നിർമ്മാണ ജോലികൾ, മറ്റ് വികസന പ്രവർത്തനങ്ങൾ.

പാർക്കിനു വെളിയിൽ – സന്ദർശകർക്കുള്ള താമസം, ഭക്ഷണം, യാത്ര എന്നിവ ഒരുക്കൽ. ഇതിൽ ലഭിക്കുന്ന തൊഴിൽ അവസരങ്ങൾ, നഴ്സറി, വാഹനങ്ങളുടെ പാർക്കിംങ് ഫീസ് പിരിക്കൽ.

പരിസ്ഥിതി വിനോദസഞ്ചാര പദ്ധതി ആരംഭിച്ചതോടെ ഇവിടെ ഉണ്ടായ ഏറ്റവും വലിയ വികസനം ഗതാഗത, വാർത്താവിനിമയ മേഖലയിലാണ്. പ്രധാനമന്ത്രിയുടെ സഡക് യോജനയിൽ ഉൾപ്പെടുത്തി രാജ്നഗർ ദേശീയോദ്യാനത്തിൽ നിന്ന് ഇവിടേയ്ക്ക് ഒന്നാംതരം ഒരു റോഡ് നിർമ്മിക്കപ്പെട്ടു. അതോടെ ഇവിടേയ്ക്കുള്ള സഞ്ചാരികളുടെ എണ്ണവും വർധിച്ചു. വിനോദ സഞ്ചാരികളുമായുള്ള സമ്പർക്കം മൂലം നാട്ടുകാരുടെ കാഴ്ച്ചപ്പാടിലും മനോഭാവത്തിലും മറ്റും വലിയ മാറ്റങ്ങളുണ്ടായി. ഗ്രാമങ്ങളിലെ സ്ത്രീകൾ പോലും വീടിനു വെളിയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. അവർ ചേർന്ന് സ്വയം സഹായ സംഘങ്ങൾ ആരംഭിച്ചു. നടത്തിപ്പിൽ വലിയ സാമർത്ഥ്യമൊന്നും ഇല്ലെങ്കിലും ഈ സംഘങ്ങളിലൂടെ അവർ തമ്മിലുള്ള ബന്ധങ്ങൾ ശക്തമായി. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലും വികസനം ഉണ്ടായി. 108 ആംബുലൻസ് സർവീസ് ആരംഭിച്ചു. നല്ല റോഡ് ഉണ്ടായതോടെ കുഞ്ഞുങ്ങൾക്ക് മഴയത്തും സ്കൂളിൽ പോകാം എന്നായി. എന്നാൽ ദേശീയോദ്യാനത്തിൽ നിന്ന് അകലെ സ്ഥിതി ചെയ്യുന്ന ഗ്രാമങ്ങളുടെ സ്ഥിതിയിൽ വലിയ മാറ്റങ്ങളൊന്നും ഇപ്പോഴും ഇല്ല.

പാരിസ്ഥിതികമായി ഉണ്ടായിട്ടുള്ള പുരോഗതി, പരിശോധിക്കുകയാണെങ്കിൽ കാട്ടിൽ നിന്നുള്ള വിറകു, കണ്ടൽ ഇല, തേൻ എന്നിവയുടെ ശേഖരണം ഗണ്യമായി കുറഞ്ഞു. തന്മൂലം വന്യജീവികളുടെ എണ്ണം വർധിച്ചു. മുതലകളുടെ സംഖ്യ ഏഴു വർഷം കൊണ്ട് 1308 ൽ നിന്ന് 1610 ആയി ഉയർന്നു. പത്തു വർഷം മുമ്പു വരെ കാണാനില്ലാതിരുന്ന പുലി, കരടി തുടങ്ങിയവ കാട്ടിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ഇതോടെ ആളുകൾക്കെല്ലാം ഇക്കോ ടൂറിസത്തെ കുറിച്ച് വലിയ

മതിപ്പായി തുടങ്ങി.

പരിസ്ഥിതി വിനോദ സഞ്ചാരം വഴി പ്രാദേശിക സമൂഹങ്ങളിലെ ആളുകളുടെ വരുമാനം വർധിച്ചു. പക്ഷെ ഇവരെല്ലാം ദിവസക്കൂലിക്കാർ മാത്രമത്രെ. ഉദ്യാനത്തിനകത്ത് ഹോട്ടലുകൾ ഉണ്ട്. പക്ഷെ ഉടമകൾ പുറത്തുള്ളവരാണ്. കുറെ ഗൈഡുകൾ ഉദ്യാനത്തിനകത്ത് സേവനം ചെയ്യുന്നുണ്ട്. ഇക്കോ ടൂറിസത്തിൽ തൊഴിലാളികൾ ദിവസ വേതനക്കാരായതിനു പ്രധാന കാരണം ഇവരിൽ ഭൂരിഭാഗവും നിരക്ഷരരാണ് എന്നതത്രെ. ജോലിയുടെ സ്വഭാവം മൂലമാകാം സ്ത്രീകൾ കുറച്ചു പേർ മാത്രമെ തൊഴിലാളികളായി പാർക്കിനുള്ളിൽ പ്രവർത്തിക്കുന്നുള്ളു. ഇക്കോ ടൂറിസം മേഖലയിൽ തൊഴിലെടുക്കുന്നവർക്കു ലഭിക്കുന്ന വേതനത്തിൽ വലിയ അന്തരമുണ്ട്. ഏറ്റവും കൂടുതൽ വരുമാനം ടൂർ ഓപ്പറേറ്റർമാർക്കു തന്നെ. പിന്നെ ഹോട്ടൽ ഉടമകൾ, ഭക്ഷണശാല നടത്തിപ്പുകാർ, ബോട്ട് ഉടമകൾ അങ്ങനെ... പാർക്കിനുള്ളിൽ നിർമ്മാണ ജോലികൾ ചെയ്യുന്നവർക്ക് സാധാരണ കൂലിയിലും കുറവാണ് ലഭിക്കുക. വലിയ മെച്ചമൊന്നും ഇല്ല എന്ന് പലരും സമ്മതിക്കുന്നു. ഇതൊക്കെ കൊണ്ടാണ് പലരും വനത്തിൽ നിന്നു വിറക്, തേൻ, പുല്ല്, തുടങ്ങിയവയുടെ ശേഖരണം, കാട്ടുപുഴയിൽ നിന്ന് മത്സ്യബന്ധനം, ആറ്റിൽ ചെമ്മീൻ വളർത്തൽ എന്നിവയെ ആശ്രയിക്കുന്നത്. എന്നാൽ പരിസ്ഥിതി വിനോദ സഞ്ചാരം പദ്ധതിയിൽ ജോലി ചെയ്താൽ അത് കുടുംബത്തിന് ഒരു സ്ഥിരം വരുമാനമാണ് എന്നതിനാൽ മിക്കവരും അതിനെ ആശ്രയിക്കുന്നു. ഏറ്റവും പരിതാപകരം ഗൈഡുമാരുടെ കാര്യമാണ്. പലപ്പോഴും ഗൈഡുകൾക്ക് സഞ്ചാരികളുമായി ആശയവിനിമയം നടത്താൻ പോലും അറിയില്ല. ഇതിനെല്ലാമപ്പുറം മൂന്നോ നാലോ മാസം മാത്രമെ ഇവിടെ ടൂറിസ്റ്റ് സീസൺ ഉള്ളൂ എന്നതത്രെ - ഒക്ടോബർ മുതൽ ഫെബ്രുവരി വരെ. അതു കഴിഞ്ഞാൽ ഇവിടെ ജോലി ചെയ്യുന്നവർക്ക് മറ്റ് വരുമാന മാർഗ്ഗങ്ങളില്ല.

പരിസ്ഥിതി വിനോദസഞ്ചാരത്തിന്റെ ദൂഷ്യഫലങ്ങൾ പലതാണ്. പ്രധാനമായും വന്യമൃഗങ്ങളിൽ നിന്നുള്ള ആക്രമണം. പലർക്കും ജീവൻ തന്നെ നഷ്ടപ്പെടുന്നു. കൂടാതെ വളർത്തു മൃഗങ്ങൾ, കൃഷി എന്നിവയും വന്യജീവികളുടെ ആക്രമണ ഭീഷണിയിലാണ്. മിക്കവാറും നഷ്ടപരിഹാരമൊന്നും ലഭിക്കാറില്ല. കാരണം നടപടി ക്രമങ്ങളുടെ സങ്കീർണതയാണ്. നാട്ടുകാരുടെ വാക്കുകളിൽ പറഞ്ഞാൽ ഗവൺമെന്റിന് മനുഷ്യരെക്കാൾ വിലപ്പെട്ടത് വന്യജീവികളാണ്.

മൂന്നു തരം ഗുണഭോക്താക്കളെയാണ് പരിസ്ഥിതി വിനോദസഞ്ചാരത്തിൽ സമർത്ഥമായി കൈകാര്യം ചെയ്യേണ്ടത്. ഒന്ന് വിഭവങ്ങൾ, രണ്ട് പ്രാദേശിക സമൂഹം, മൂന്ന് സഞ്ചാരികൾ. ടൂറിസ്റ്റുകൾക്കും തദ്ദേശവാസികൾക്കും കൂടുതൽ ബോധവത്ക്കരണം ആവശ്യമാണ്. ഇതിന്റെ ഗുണഭോക്താക്കൾ ഞങ്ങളാണ് എന്ന ബോധ്യം അവർക്കുള്ളിൽ ഉണ്ടാകണം. സഞ്ചാരികൾക്കും ഈ ബോധ്യം വരണം. തങ്ങളുടെ വിഭവങ്ങൾ സംബന്ധിച്ച് തദ്ദേശവാസികൾ മനസിലാക്കിയാൽ അവർ പ്രകൃതി സംരക്ഷണവുമായി പൂർണമായി സഹകരിക്കും. തോക്കും ലാത്തിയും ഉപേക്ഷിച്ച് തദ്ദേശവാസികളുടെ വിശ്വാസം ആർജ്ജിക്കുക. സാമ്പത്തിക, സാമൂഹിക, പാരിസ്ഥിതിക തലങ്ങളിൽ കൂടുതൽ മേൽനോട്ടം, കൃത്യമായ വിലയിരുത്തൽ, ചിട്ടയായ പ്രവർത്തനം ഇതു മാത്രം മതി പരിസ്ഥിതി സംരക്ഷണത്തിന്.

**ഉപസംഹാരം**

നടത്തിപ്പിൽ എന്തെല്ലാം പരിമിതികൾ ഉണ്ടായിരുന്നാലും പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരത്തിന് അനന്ത സാധ്യതകളാണ് ഉള്ളത്. പ്രകൃതി വിഭവങ്ങളും മനുഷ്യന്റെ ക്ഷേമവും തമ്മിൽ സംയോജിപ്പിച്ചാൽ പരിസ്ഥിതി വിനോദസഞ്ചാരം വിജയിക്കുക തന്നെ ചെയ്യും. പ്രാദേശിക സമൂഹത്തിന്റെ ഫലപ്രദമായ ഇടപെടലുകളിലൂടെ പരിഹരിക്കാവുന്നതേയുള്ളു നയപരമായ പോരായ്മകൾ. അപ്പോൾ പ്രാദേശിക സമൂഹങ്ങളും ഒപ്പം പ്രകൃതി വിഭവങ്ങളും സംരക്ഷിക്കപ്പെടും.

**ലേഖകരായ മധുമിതദാസ് ഐ.ഐ.ടി. കരഗ്പൂരിലെ റിസർച്ച് സ്കോളറും ബനി ചാറ്റർജി ഹ്യുമാനിറീസ് വിഭാഗം പ്രഫസറുമാണ്**



# അതിരുകളില്ലാതെ ഉല്ലാസ പറുദീസ

ഫ്രാങ്കോ ലൂയിസ്

**കഴിഞ്ഞ വർഷം കേരളത്തിലെ വിവിധ വിനോദ കേന്ദ്രങ്ങൾ സന്ദർശിച്ചത് ഒമ്പതു ലക്ഷത്തിലേറെ വിദേശ വിനോദ സഞ്ചാരികൾ. കേരളത്തിലെ ഉല്ലാസകേന്ദ്രങ്ങളിലെത്തിയ മലയാളികൾ അടക്കമുള്ള ഇന്ത്യക്കാരായ 1.11 കോടി വിനോദയാത്രികർ ഇതിനു പുറമേയാണ്. 5,600 കോടിയിലേറെ രൂപയുടെ വിദേശനാണ്യം നേടാനായി. മൊത്തം 23,000 കോടി രൂപയുടെ വരുമാനമാണ് കേരളത്തിനു കഴിഞ്ഞ വർഷം വിനോദസഞ്ചാര മേഖലയിൽനിന്നു നേടാനായത്.**

**ദൈ**വത്തിന്റെ സ്വന്തം നാടായ കേരളം ഉല്ലാസയാത്രികരുടെ പറുദീസയാണ്. ആഗോള ടൂറിസ്റ്റ് ഭൂപടത്തിൽ വർഷംതോറും കേരളത്തിലെ കൂടുതൽ വിനോദ കേന്ദ്രങ്ങൾ മുദ്രിതമാകുകയാണ്. ഓണാഘോഷവും വള്ളംകളിയും തൃശൂർ പൂരവും പോലുള്ള ഉൽസവങ്ങളും ബിനാലെ പോലുള്ള ഇവന്റുകളും ആഗോള വിനോദയാത്രാ കലണ്ടറുകളിൽ ഇടം നേടി. ആരോഗ്യ ടൂറിസത്തിന്റെ വാതായനങ്ങൾകൂടി തുറന്നിടുന്നതോടെ കേരളത്തിന്റെ ഉല്ലാസ ചക്രവാളങ്ങൾക്ക് അതിരില്ലാതാകുകയാണ്.

കഴിഞ്ഞ വർഷം കേരളത്തിലെ വിവിധ വിനോദസഞ്ചാരകേന്ദ്രങ്ങൾ സന്ദർശിച്ചത് ഒമ്പതു ലക്ഷത്തിലേറെ വിദേശ വിനോദ സഞ്ചാരികൾ. കേരളത്തിലെ ഉല്ലാസകേന്ദ്രങ്ങളിലെത്തിയ മലയാളികൾ അടക്കമുള്ള ഇന്ത്യക്കാരായ 1.11 കോടി വിനോദയാത്രികർ ഇതിനു പുറമേയാണ്. 5,600 കോടിയിലേറെ രൂപയുടെ വിദേശനാണ്യം നേടാനായി. മൊത്തം 23,000 കോടി രൂപയുടെ വരുമാനമാണ് കേരളത്തിനു കഴിഞ്ഞ വർഷം വിനോദസഞ്ചാര മേഖലയിൽനിന്നു നേടാനായത്.

കഴിഞ്ഞ ഏതാനും വർഷമായി എട്ടു മുതൽ 12 വരെ ശതമാനം വർധനയാണ് കേരളത്തിന്റെ ടൂറിസം മേഖലയിലുള്ളത്. ഉല്ലാസയാത്രക്കാരുടെ എണ്ണത്തിലെന്നതുപോലെ വരുമാനത്തിലും ഈ വർധനയുണ്ട്. പത്തു വർഷം മുമ്പ് 2004 ൽ മൂന്നര ലക്ഷം വിദേശികളും 59.7 ലക്ഷം സ്വദേശികളുമായ വിനോദയാത്രികരാണ് കേരളത്തിലെത്തിയിരുന്നത്. 1,267 കോടി രൂപയുടെ വിദേശനാണ്യമാണു നേടിയത്. മൊത്തം വരുമാനം 6,829 കോടി രൂപയുടേതായിരുന്നു.

പത്തു വർഷംകൊണ്ട് നാലിരട്ടിയോളം വരുമാനമാണു വർധിച്ചത്. സന്ദർശകരുടെ എണ്ണം മൂന്നിരട്ടിയോളം വർധിച്ചപ്പോഴാണ് വരുമാനത്തിൽ നാലിരട്ടിയോളം വർധന.

ടൂറിസം മേഖലയിലെ വരുമാനത്തിന്റെ വലിയൊരു ഭാഗവും ജനങ്ങൾക്കിടയിലേക്കാണ് എത്തുക. വിനോദ കേന്ദ്രങ്ങളിലെ താമസ- ഭക്ഷണ സൗകര്യങ്ങൾ നൽകുന്ന ഹോട്ടലുകൾ, ഹോംസ്റ്റേകൾ, വ്യാപാര കരകൗശല സ്ഥാപനങ്ങൾ, ടാക്സി, പഴം, പച്ചക്കറി സ്ഥാപനങ്ങൾ തുടങ്ങിയ മേഖലയിലെല്ലാമാണ് ടൂറിസത്തിന്റെ സാമ്പത്തിക ഗുണം നേരിട്ടു ലഭിക്കുക. നികുതിയിനത്തിൽ സർക്കാരിനു ലഭിക്കുന്ന കോടിക്കണക്കിനു രൂപയുടെ വരുമാനം ഇതിനു പുറമേയാണ്.

**മനോഹരം, സാംസ്കാരിക പൈതൃകം**

പ്രശാന്തസുന്ദരമായ സമുദ്രതീരങ്ങൾ. ഗ്രാമജീവിതത്തിന്റെ കരക്കാഴ്ചകളൊരുക്കുന്ന കായൽക്കെട്ടുകൾ. ചന്ദനാദി സുഗന്ധവിഭവങ്ങളും ജന്തുസസ്യവൈവിധ്യങ്ങളുമായി ഹരിതകാന്തിയാർന്ന കാനനങ്ങൾ, പശ്ചിമഘട്ട മലനിരകൾ, മഞ്ഞു പുതയുന്ന താഴ്‌വാരങ്ങൾ, അനന്തമായ മലമടക്കുകളിലെ തേയിലത്തോട്ടങ്ങൾ, കാടിന്റേയും നാടിന്റേയും പച്ചത്തഴപ്പും താഴ്‌വരകളും നദികളും അടക്കമുള്ള മനോഹരമായ ഭൂപ്രകൃതി. വരദാനങ്ങളാൽ അനുഗ്രഹീതമായ നാട്. നല്ല കാലാവസ്ഥ. സംസ്കാര സമ്പന്നരായ ജനങ്ങൾ. തരക്കേടില്ലാത്ത ഗതാഗത, താമസ, ശുചിത്വ സൗകര്യങ്ങൾ. എല്ലാം കേരളത്തിന്റെ ടൂറിസം വികസനത്തിന് അനുയോജ്യ ഘടകങ്ങളാണ്.

സംസ്കാരിക സമ്പുഷ്ടമാണു കേരളം. ഐക്യരാഷ്ട്രസംഘടന പാരമ്പര്യകലകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയ കൂടിയാട്ടം, വിദേശീയരുടെ പ്രശംസ നേടിയ കലാരൂപങ്ങളിൽ ഒന്നാം സ്ഥാനത്തുള്ള കഥകളി, ആഗോളതലത്തിൽ മൗലികതകൊണ്ട് ശ്രദ്ധേയമായ കളരിപ്പയറ്റ് എന്ന ആയോധനകല, ജലോത്സവങ്ങളുടെ ലോകമാതൃകകളിൽ ഏറ്റവും വിസ്മയകരമായ ഒന്നായി വാഴ്ത്തപ്പെട്ട ചുണ്ടൻവള്ളങ്ങളണിനിരക്കുന്ന വള്ളംകളി, നെറ്റിപ്പട്ടം ചൂടിയ ആനകളെ അണിനിരത്തി മേളപ്പെരുക്കവുമൊരുക്കിയുള്ള പൂരാഘോഷങ്ങളും ഉൽസവങ്ങളും.. കേരളത്തിന്റെ ടൂറിസം സാധ്യതകൾ അനന്തമാക്കുന്ന സാംസ്കാരിക പൈതൃകങ്ങൾ.

കേരളത്തിന്റെ ആദ്യകാല വിനോദസഞ്ചാര ചരിത്രത്തിൽ മാമാങ്കം തുടങ്ങിയ മഹോത്സവങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ആലുവ ശിവരാത്രി, ആറന്മുള വള്ളംകളി, തൃശൂർ പൂരം, ശബരിമല ഉത്സവം തുടങ്ങിയ ഉത്സവാഘോഷങ്ങൾ. തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ട്, മുറജപം, ലക്ഷദീപം തുടങ്ങിയവ വിശ്വാസാചാരങ്ങൾ മാത്രമല്ല, കാഴ്ചകളുമാണ്. ഉത്തരകേരളത്തിലെ തെയ്യവും പൂരാഘോഷങ്ങളും പെരുങ്കളിയാട്ടങ്ങളും നാനാജാതിമതസ്ഥരുടെ സംഗമവേദികൾ കൂടെയാണ്. ഏറ്റുമാനൂരമ്പലത്തിലെ ഏഴരപ്പൊന്നാനയും വൈക്കത്തഷ്ടമിയും കൊട്ടിയൂരുത്സവവും ഓച്ചിറക്കളിയും ചെങ്ങന്നൂർ തിരുപ്പൂത്തും കൊടുങ്ങല്ലൂർ ഭരണിയും കടമ്മനിട്ട പടയണിയും ഗുരുവായൂർ ക്ഷേത്രോത്സവവും ആനയോട്ടവും മലയാറ്റൂർ അടക്കമുള്ള തീർത്ഥാടനകേന്ദ്രങ്ങളുമെല്ലാം നാടൻ ടൂറിസത്തിന്റെ സമ്പുഷ്ട വേദികളാണ്.

പതിനഞ്ചു വർഷം മുമ്പ് കേരളത്തിൽ പലയിടത്തായി തുടങ്ങിയ വാട്ടർ തീം പാർക്കുകളും രണ്ടായിരാമാണ്ടിൽ തുടങ്ങിയ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലും ബിനാലെയും ചലച്ചിത്രോൽസവവും രാജ്യാന്തര നാടകോൽസ്വവുമെല്ലാം വിനോദസഞ്ചാര വികസനത്തിനു വഴിയൊരുക്കിയ പ്രധാന ഘടകങ്ങളാണ്. രാജ്യാന്തര നിലവാരമുള്ള മികച്ച കോൺഫറൻസുകൾക്കും കേരളത്തിലെ വൻ നഗരങ്ങളിലെ മുന്തിയ ഹോട്ടലുകളും കൺവൻഷൻ സെന്ററുകളും വേദിയാകുന്നുണ്ട്.

കേരളത്തിലെ ഏഴു ജില്ലകളിലായി ഈയിടെ നടന്ന നാഷണൽ ഗെയിംസ് അടക്കമുള്ള വലിയ ഇവന്റുകൾ കേരളത്തിലെ ഹോട്ടലുകൾ അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വഴിയൊരുക്കിയിട്ടുണ്ട്.

പരിസ്ഥിതി സന്തുലിതാവസ്ഥയേയും സാംസ്കാരിക പൈതൃകത്തേയും സംരക്ഷിച്ചുകൊണ്ടുള്ള ടൂറിസം വികസന നയമാണു കേരളം പിന്തുടരുന്നത്.

### ആരോഗ്യ ടൂറിസം

ഇന്ത്യയിൽ ആരോഗ്യ ടൂറിസം അതിവേഗം വികസിക്കുകയാണ്. ഇന്ത്യൻ ആശുപത്രികളിലേക്ക് വിദേശത്തുനിന്ന് ചികിൽസ തേടി അനേകം പേരാണ് എത്തുന്നത്. ചികിൽസാനിരക്ക് വളരെ കുറവാണെന്നതാണു പ്രധാന കാരണം. പത്തു വർഷം മുമ്പ് ഒന്നരലക്ഷം ആരോഗ്യ ടൂറിസ്റ്റുകളാണ് ഇന്ത്യയിലെത്തിയത്. ഈയിനത്തിലെ വരുമാനം മൂവായിരം ലക്ഷം ഡോളറായിരുന്നു. പ്രതിവർഷം 25 ശതമാനം വർദ്ധനയാണ് ഉണ്ടാകുന്നത്.

ആരോഗ്യ ടൂറിസ്റ്റുകളായി എത്തിയിരുന്നവരിൽ അധികവും സാർക്ക് രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. എന്നാൽ ഈയിടെ ബ്രിട്ടൻ, അമേരിക്ക തുടങ്ങിയ വികസിത രാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയ വിദേശ ഇന്ത്യക്കാരും മെഡിക്കൽ ടൂറിസ്റ്റുകളായി എത്തുന്നുണ്ട്. വികസിത രാജ്യങ്ങളിലുള്ളവർ മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷയുള്ളവരാണ്.

കേരളത്തിന്റെ ആയുർവേദ ചികിത്സാ പാരമ്പര്യത്തിലേക്ക് ആകൃഷ്ടരായി എത്തുന്ന വിദേശികളുടെ എണ്ണം വർഷംതോറും വർധിക്കുകയാണ്. മികച്ച സേവനം നൽകുന്ന വൻകിട ആയുർവേദ ചികിൽസാ റിസോർട്ടുകളും കേരളത്തിൽ ധാരാളമായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കേരളീയതനിമ നിലനിർത്തിക്കൊണ്ട് ആധുനിക പാശ്ചാത്യ സൗകര്യങ്ങളും ശുചിത്വവും സ്വച്ഛതയും ഉറപ്പാക്കുന്ന ആയുർവേദ റിസോർട്ടുകളിൽ സുഖചികിൽസ അടക്കമുള്ളവയ്ക്കായി അനേകം വിദേശികൾ എത്തുന്നുണ്ട്.

ടൂറിസ്റ്റ് വിസകളിൽ ഇന്ത്യയിൽ എത്തുന്ന വിദേശികൾക്ക് ഇത്തരം ചികിൽസയ്ക്കു വിധേയമാകാനുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നതിനു നടപടിയെടുക്കുമെന്ന് കേന്ദ്ര ആയുഷ് വകുപ്പു മന്ത്രി ശ്രീപദ് യെസോ നായിക് ഈയിടെ വ്യക്തമാക്കിയിരുന്നു. സന്ദർശക യാത്രാരേഖകളുടെ ബലത്തിൽ എത്തുന്ന വിദേശികൾക്ക് ചികിൽസാ സ്വാതന്ത്ര്യംകൂടി അനുവദിച്ചാൽ ആരോഗ്യ ടൂറിസവും കേരളത്തിലെ ആയുർവേദ വ്യവസായവും വൻതോതിൽ വികസനം പ്രാപിക്കും.

### അടിസ്ഥാന സൗകര്യങ്ങൾ

വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാൻ എയർ കണക്റ്റിവിറ്റി വർധിപ്പിക്കേണ്ടതുണ്ട്. അതിനുവേണ്ടി കേരളത്തിലെ തിരുവനന്തപുരം, കോഴിക്കോട് വിമാനത്താവളങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഒരു വർഷം കൊണ്ട് പൂർത്തീകരിക്കുന്നതാണ്. അടുത്ത മൂന്ന് വർഷം കൊണ്ട് ലോകോത്തര നിലവാരത്തിലുള്ള ഒരു വിമാനത്താവളം കണ്ണൂരിൽ പൂർത്തീകരിക്കുന്നതിനുള്ള പദ്ധതിയും തയാറാക്കിയിട്ടുണ്ട്. മലബാറിലെ ടൂറിസം വികസനത്തിന് ഇത് സഹായകരമാകും.

കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് റെയിൽ കണക്റ്റിവിറ്റി വർധിപ്പിക്കുന്നതിനുള്ള ഇടപെടലുകളും നടത്തുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൂടുതൽ ട്രെയിൻ സർവീസ് ആരംഭിക്കുക, കേരളത്തിലെ റെയിൽവേ ലൈൻ ഡബിൾ ലൈനാക്കുക, റെയിൽ വൈദ്യുതീകരണം പൂർത്തീകരിക്കുക എന്നിവയാണ് പ്രധാനം.

ടൂറിസം വകുപ്പ് ആരംഭിച്ച വെബ്സൈറ്റിലൂടെ ലോകത്ത് എവിടെനിന്നും സഞ്ചാരികൾക്ക് നേരിട്ട് കേരളത്തിലെ ഹോട്ടലുകളിൽ മുറികൾ ബുക്ക് ചെയ്യാനാകും. വൻകിട ഹോട്ടലുകളെക്കാൾ ചെറുകിട ഹോട്ടലുകൾക്ക് സഞ്ചാരികളെ കിട്ടാൻ ഇത് സഹായിക്കും. സഞ്ചാരികൾക്ക് കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് സെർച്ച് ചെയ്ത് മനസിലാക്കുന്നതിനും നമ്മുടെ ഡെസ്റ്റിനേഷനുകളെ ആഗോളതലത്തിൽ പരിചയപ്പെടുത്തുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്. കെ.ടി.ഡി.സിയുടെ മറ്റൊരു വെബ്സൈറ്റും ആരംഭിച്ചിട്ടുണ്ട്.

### പുതിയ മേഖലകൾ

പുതിയ ടൂറിസം മേഖലകൾ വികസിപ്പിച്ചെടുക്കുന്നതിലും കേരളം നല്ല മുന്നേറ്റം നടത്തിയിട്ടുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടവ ബേക്കൽ ടൂറിസം പദ്ധതി, കായൽ ടൂറിസം പദ്ധതി, തെന്മല ഇക്കോ ടൂറിസം പദ്ധതി എന്നിവയാണ്. 1991 ൽ കേന്ദ്ര ഗവൺമെന്റ്

'സ്പെഷ്യൽ ടൂറിസം ഏരിയ' ആയി തിരഞ്ഞെടുത്തതോടെയാണ് ബേക്കൽ ടൂറിസം പദ്ധതി ജന്മമെടുത്തത്. തുടർന്ന് കേരള സർക്കാർ ബേക്കലിന്റെ വികസനത്തിനായി ബേക്കൽ ടൂറിസം അതോറിറ്റി രൂപീകരിച്ചു. കോട്ടയുടെ പശ്ചാത്തല ഗാംഭീര്യമാർന്ന സമുദ്രതീരമാണ് ബേക്കലിലേത്. അജനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നീ നാലു പഞ്ചായത്തുകളിലായുള്ള 430 ഹെക്ടർ സ്ഥലത്താണ് ഈ പദ്ധതി. ഏഴായിരം പേർക്കുള്ള താമസസൗകര്യങ്ങളാവും 15 റിസോർട്ടു വികസന പ്രദേശങ്ങളിലായി ഇവിടെ ഉണ്ടാവുക.

ഇന്ത്യയിലെ തന്നെ ആസൂത്രിതമായ പ്രഥമ ഈക്കോടൂറിസം സംരംഭമാണ് തെന്മല ഈക്കോ ടൂറിസം പദ്ധതി. 1998 ൽ സ്ഥാപിതമായ തെന്മല ഈക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റിയാണ് മേൽനോട്ടം വഹിക്കുന്നത്. ചെന്തുരുണി വന്യമൃഗസങ്കേതവും തെന്മല അണക്കെട്ടും ഉൾപ്പെടുന്ന സ്ഥലത്താണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. മാൻ പുനരധിവാസകേന്ദ്രവും ബോട്ടിങ് കേന്ദ്രവും നിലവിൽ വന്നു. ഇവിടെ സഞ്ചാരികൾക്കായി താത്ക്കാലിക വിശ്രമ കേന്ദ്രങ്ങൾ ഒരുക്കി. ചിത്രശലഭപാർക്ക് വ്യത്യസ്തമായ അനുഭവമാകും.

കൊടുങ്ങല്ലൂരിലും കൊച്ചിയിലുമായി നടപ്പാക്കുന്ന മുസിരിസ് പൈതൃക പദ്ധതി പൂർണമാകുന്നതോടെ മധ്യകേരളത്തിലെ ടൂറിസം വികസനവും അതിവേഗത്തിലാകും.

ടൂറിസം വികസന സാധ്യതകൾ ചർച്ച ചെയ്യാൻ വിദഗ്ധരേയും വ്യവസായികളേയും പങ്കെടുപ്പിച്ച് നടത്തിയ കേരള ട്രാവൽ മാർട്ട് ഈ മേഖലയിലെ നല്ല ചുവടുവയ്പാണ്. ക്രൂസ് ടൂറിസത്തിൽ കേരളത്തിന് അനന്ത സാധ്യതകളുണ്ടെന്ന് ട്രാവൽ മാർട്ട് ചൂണ്ടിക്കാട്ടി. അഡ്വഞ്ചർ, ഇക്കോ ടൂറിസം മേഖലകൾ പ്രോത്സാഹിപ്പിക്കണമെന്നും കേരള ട്രാവൽ മാർട്ടിലെ പ്രതിനിധികൾ അഭിപ്രായപ്പെട്ടു.

ടൂറിസം വികസനത്തിന് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. വ്യോമയാന സൗകര്യവും, മികച്ച റോഡുകളും ഗതാഗത സൗകര്യവും വേണം. വിദേശീയർക്കിണങ്ങിയ താമസ, ഭക്ഷണ സൗകര്യങ്ങളുള്ള ഹോട്ടലുകളും ശുചിത്വവും വളരെ പ്രധാന ഘടകങ്ങളാണ്. കൂടുതൽ വിദേശികളെ ഇവിടെയെത്തിക്കാൻ കഴിവുള്ള ടൂർ ഓപറേറ്റർമാരുടെ സേവനവും വളരെ നിർണായകമാണ്.

**ടൂറിസം: വികസന ചരിത്രം**

വിഖ്യാതരായ ലോകസഞ്ചാരികൾ പലരുടെയും കുറിപ്പുകളിൽ പ്രാചീനകാലം മുതൽതന്നെ കേരളം സ്ഥാനം പിടിച്ചിട്ടുണ്ട്. മെഗസ്തനീസി (ഗ്രീസ്) ന്റെയും ടോളമി (ഗ്രീസ്) യുടെയും പ്ലിനി (ഇറ്റലി) യുടെയും മഹ്വാന്റെ (ചൈന) യുമെല്ലാം ദേശവിവരണക്കുറിപ്പുകളിൽ പ്രാചീനകേരളത്തെക്കുറിച്ചു പരാമർശങ്ങളുണ്ട്. എ.ഡി. നാലാം നൂറ്റാണ്ടു മുതലുള്ള കേരളചിത്രങ്ങൾ അത്തരം യാത്രാക്കുറിപ്പുകളിൽ നിന്നു ലഭ്യമാണ്. സുഗന്ധ വ്യഞ്ജനാദികളടക്കമുള്ള ജൈവവൈവിധ്യങ്ങൾ പണ്ടുകാലം മുതൽ പ്രമുഖ രാജ്യങ്ങളെ കേരളത്തിലേക്ക് ആകർഷിച്ചാനയിച്ചിരുന്നു.

കേരളത്തിലെ ആധുനിക ടൂറിസത്തിന് സമഗ്രമായ ഒരടിത്തറ ഉണ്ടായത് 1985 മുതൽ 95 വരെയുള്ള കാലഘട്ടത്തിലാണ്. വർധിച്ച ടൂറിസം സാധ്യതകൾ കേരളത്തിന്റെ വ്യോമഗതാഗത രംഗത്തും വലിയ മാറ്റങ്ങളുണ്ടാക്കി. കൂടുതൽ എയർലൈനുകൾ കേരളത്തിലേക്ക് നേരിട്ട് സർവീസുകൾ നടത്താൻ തുടങ്ങി.

ടൂറിസം വികസനത്തിന് പശ്ചാത്തലമൊരുക്കിയത് 1995ൽ സംസ്ഥാനസർക്കാർ പ്രഖ്യാപിച്ച സമഗ്രമായ ടൂറിസം നയമാണ്. അഞ്ചു വർഷം കൊണ്ട് അന്തർദേശീയ ടൂറിസ്റ്റുകളുടെ വരവ് പ്രതിവർഷം ഒരു ലക്ഷമെന്നതിൽനിന്ന് അഞ്ചുലക്ഷവും അഭ്യന്തര ടൂറിസ്റ്റുകളുടേത് പത്തു ലക്ഷമെന്നതിൽ നിന്ന് അമ്പതു ലക്ഷവുമാക്കുക എന്നതായിരുന്നു അന്നത്തെ ലക്ഷ്യം. സ്വകാര്യമേഖലയുടെ പങ്കാളിത്തത്തിനും പ്രാധാന്യം നൽകി. മുഖ്യമായും നാലു മേഖലകളിലൂന്നിയ ടൂറിസം വികസന നയമാണ് അതു മുന്നോട്ടുവച്ചത്- ആഭ്യന്തര സൗകര്യങ്ങളിലുള്ള വർധന, ടൂറിസം വിപണനത്തിന്റെ വിപുലീകരണം, മാനവിക ശേഷിയുടെ വികസനം, ടൂറിസം ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം.

1990 കളോടെ ടൂർ ഓപ്പറേറ്റർമാർ, ട്രാവൽ ഏജന്റുമാർ, ഹോട്ടലുടമകൾ തുടങ്ങിയ വിവിധ വിഭാഗങ്ങളടങ്ങുന്ന ഒരു ടൂറിസം സമൂഹംതന്നെ കേരളത്തിൽ അനുക്രമമായി വികസിച്ചുവരാൻ തുടങ്ങി. ട്രാവൽ ഏജൻസികൾ കേരളത്തിൽ വ്യാപകമായതിനു പിന്നിൽ ഗൾഫ്മേഖലയിലേക്കുള്ള യാത്രകളുടെ വർധനയും കാരണമായിട്ടുണ്ട്. ട്രാവൽ ഏജൻസികളും ടൂർ ഓപ്പറേറ്റർമാരുമായി സഹകരിച്ചുപ്രവർത്തിക്കാൻ തുടങ്ങിയതാണ് ഇക്കാലത്തെ മറ്റൊരു പ്രത്യേകത.

വിനോദസഞ്ചാരികളെ എത്തിക്കുന്ന വിദേശ ടൂർ ഓപ്പറേറ്റർമാരുമായി സമ്പർക്കം പുലർത്തിയിരുന്ന ഇന്ത്യൻ ടൂർ ഓപ്പറേറ്റർമാരുടെ പദ്ധതികളിൽ കേരളത്തെ പരിഗണിച്ചിരുന്നില്ല. എന്നാൽ 1990 മുതൽ കേരളത്തിലെ ടൂറിസം വകുപ്പിന് ഇന്ത്യൻ ടൂർ ഓപ്പറേറ്റർമാരുമായി മാത്രമല്ല, അന്താരാഷ്ട്ര ടൂർ ഓപ്പറേറ്റർമാരുമായും നല്ല ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. ഇക്കാലത്താണ് കേരളം 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന അത്യാകർഷകമായ പരസ്യവാചകത്തോടെയുള്ള പ്രചാരണം തുടങ്ങിയത്.

കേരളത്തിന്റെ പുതുക്കിയ ടൂറിസം നയം 'ടൂറിസം വിഷൻ 2025' എന്ന പേരിൽ 2001 ൽ സംസ്ഥാന ടൂറിസം മന്ത്രി കെ.വി. തോമസ് പുറത്തിറക്കി. പാരമ്പര്യസംരക്ഷണം, പരിസ്ഥിതി സംരക്ഷണം എന്നിവയിൽ ഉറച്ചുനിന്ന് സഞ്ചാരികളെ ആകർഷിക്കാൻ ഉന്നത നിലവാരമുള്ള പദ്ധതികൾ വേണമെന്നാണ് ആ നയരേഖ വ്യക്തമാക്കിയത്. പ്രതിവർഷം ടൂറിസം വരുമാനത്തിൽ പത്തു ശതമാനവും വിദേശസന്ദർശകരുടെ എണ്ണത്തിൽ ഏഴു ശതമാനവും ആഭ്യന്തര സന്ദർശകരുടെ എണ്ണത്തിൽ ഒമ്പതു ശതമാനവും വർധനയാണ് ലക്ഷ്യമിട്ടത്. ഓരോ വർഷവും 10,000 തൊഴിലവസരങ്ങൾ ഉണ്ടാകുമെന്ന പ്രത്യാശയുമുണ്ട്. അധികം അറിയപ്പെടാത്ത സ്ഥലങ്ങൾ, കലകൾ, പാചകരീതികൾ, സ്മാരകങ്ങൾ, കരകൗശലവിദ്യകൾ എന്നിവ സംരക്ഷിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യണം. കായലുകൾ, ആയുർവേദം, ഈക്കോ ടൂറിസം എന്നിവയെ കേന്ദ്രീകരിച്ചാകണം ഭാവിയിലെ വിനോദസഞ്ചാര പദ്ധതികളെന്നും നയരേഖ നിർദേശിച്ചിരുന്നു.

**യാത്രികർക്കു വഴികാട്ടി**

കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ യാത്രാ വിവരങ്ങൾ നൽകാൻ വിപുലമായ ഇൻഫർമേഷൻ ശൃംഖല ടൂറിസം വകുപ്പിനു കീഴിൽ സജ്ജമാക്കിയിട്ടുണ്ട്. വിവിധ ജില്ലകളിലും സംസ്ഥാനത്തിനു പുറത്തുമായി 38 ഇൻഫർമേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. അവയിൽ രണ്ടെണ്ണം കേന്ദ്ര ടൂറിസം വകുപ്പിന്റെ കീഴിലുള്ളവയാണ്. തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിലും കൊച്ചിയിലെ വെല്ലിംഗ്ടൺ ദ്വീപിലുമാണ് ഈ 'ഗവൺമെന്റ് ഓഫ് ഇൻഡ്യ ടൂറിസ്റ്റ് ഓഫീസു'കൾ. കെ.ടി.ഡി.സി.യുടെ കീഴിലുള്ളവ മൂന്നെണ്ണം. അവ ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ എന്ന പേരിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. സംസ്ഥാന ടൂറിസം വകുപ്പിന്റെ കീഴിലുള്ള 20 ഇൻഫർമേഷൻ സെന്ററുകളിൽ അഞ്ചെണ്ണം കേരളത്തിനു പുറത്താണ്. ചെന്നൈ, ന്യൂഡൽഹി, ഗോവ, മുംബൈ, ആഗ്ര, ജയ്പൂർ എന്നിവിടങ്ങളിൽ. സംസ്ഥാനത്തിനകത്തുള്ള കേരള ടൂറിസം ഇൻഫർമേഷൻ ഓഫീസുകൾ ആറെണ്ണം തിരുവനന്തപുരം ജില്ലയിലാണുള്ളത്: പാർക് വ്യൂ, ഇന്റർനാഷണൽ എയർപോർട്ട്, ഡൊമസ്റ്റിക് എയർപോർട്ട്, കോവളം, തമ്പാനൂർ റെയിൽവേ സ്റ്റേഷൻ, തമ്പാനൂർ സെൻട്രൽ ബസ്സ്റ്റേഷൻ എന്നിവിടങ്ങളിൽ. മറ്റ് കേന്ദ്രങ്ങൾ തേക്കടി, നെടുമ്പാശ്ശേരി, കോഴിക്കോട്, കരിപ്പൂർ, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, വർക്കല എന്നിവിടങ്ങളിലാണ്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ കീഴിലുള്ളവയാണ് അവശേഷിക്കുന്ന 13 എണ്ണം. വെബ് സൈറ്റിലൂടേയും വിവരങ്ങളറിയാം.

**ദീപിക ദിനപ്പത്രത്തിൽ സ്പെഷ്യൽ കറസ്പോണ്ടന്റാണ് ലേഖകൻ**

# നിതി ആയോഗും വികസന വെല്ലുവിളികളും– ഒരു പഠനം

ഡോ. ഐസി കെ.ജോൺ

**2015 ജനുവരി ഒന്നിന് ആസൂത്രണ കമ്മീഷന് പകരമായി നിതി ആയോഗ് എന്ന ദേശീയ സ്ഥാപനം രൂപീകരിച്ചുകൊണ്ട് വികസന സമീപനത്തിൽ ഒരു കാതലായ മാറ്റം വരുത്തിയിരിക്കുകയാണ്. ഘടനാപരമായി നിതി ആയോഗ് ആസൂത്രണ കമ്മീഷനിൽ നിന്നും പ്രാതിനിധ്യരീതിയിലും, ഘടനയിലും വേറിട്ടു നിൽക്കുന്നുവെങ്കിലും, ആന്തരികഘടനയിൽ വലിയ സാമ്യങ്ങൾ ഉണ്ട്. എന്നാൽ വികസന സമീപനങ്ങളിൽ നിതി ആയോഗ് ആസൂത്രണ കമ്മീഷനിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു.**

ഒരു രാജ്യത്തിന്റെ ദേശീയ വരുമാനം ദീർഘ കാലയളവിൽ വർദ്ധിച്ച്, സാമൂഹ്യ-സാമ്പത്തിക തലങ്ങളിൽ വളർച്ചയും സമൂഹത്തിന്റെ മൊത്ത മായ പുരോഗതിയും നേടുമ്പോഴാണ് വികസനം ഒരു യാഥാർത്ഥ്യമാകുന്നത്. ദേശീയ വരുമാനവും പ്രതിശീർഷ വരുമാനവും വർദ്ധിക്കുന്നത് സാമ്പ ത്തിക വികസനത്തിന്റെ അളവുകോലുകളായി പരിഗണിക്കുമെങ്കിലും വികസന സാമ്പത്തിക ശാസ്ത്രജ്ഞനായ ഏ. പി. തേൾവാർ പറയുന്നത് ദാരിദ്ര്യത്തിന്റെ ഞെരുക്കവും, തൊഴിലില്ലായ്മ, നിരക്ഷരത തുടങ്ങിയവയുടെ രൂക്ഷതയും ഒഴിവാ കുന്ന സ്വാതന്ത്ര്യത്തിന്റെ അവസ്ഥയിലാണ് സാമ്പ ത്തിക പുരോഗതി ഒരു യാഥാർത്ഥ്യമാകുന്നത് എന്നാണ്. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ നിലനിന്നിരുന്ന വിവിധങ്ങളായ വികസന പ്രശ്ന ങ്ങളെ സമയബന്ധിതമായി തരണം ചെയ്യുവാ നാണ് 1950-കളിൽ ആസൂത്രണ കമ്മീഷൻ രൂപീ കരിച്ച് പഞ്ചവത്സര പദ്ധതികൾ ഉൾപ്പെടെയുള്ള വികസനപദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്ര-സം സ്ഥാന തലങ്ങളിൽ നടപ്പാക്കിയത്. ആദ്യത്തെ എട്ട് പഞ്ചവത്സര പദ്ധതികളിൽ കേന്ദ്രീകൃത വികസന സമീപനമാണ് ആസൂത്രണ കമ്മീഷൻ പിന്തുടർന്ന തെങ്കിൽ, ഒൻപതാം പദ്ധതിയോടെ പഞ്ചായത്ത്-നഗരപാലികാ സ്ഥാപനങ്ങളായ ത്രിതലപഞ്ചായ ത്തുകളും, മുനിസിപ്പാലിറ്റികളും രൂപീകരിച്ച് വികേ ന്ദ്രീകരണാസൂത്രണ പ്രക്രിയയിലേക്ക് നാം ചുവട് വയ്ക്കുകയും ചെയ്തു. 2015 ജനുവരി ഒന്നിന് ആസൂത്രണ കമ്മീഷന് പകരമായി നിതി ആയോഗ് എന്ന ദേശീയ സ്ഥാപനം രൂപീകരിച്ചുകൊണ്ട് വികസന സമീപനത്തിൽ ഒരു കാതലായ മാറ്റം വരുത്തിയിരിക്കുകയാണ്. ഘടനാപരമായി നിതി ആയോഗ് ആസൂത്രണ കമ്മീഷനിൽ നിന്നും പ്രാതിനിധ്യരീതിയിലും, ഘടനയിലും വേറിട്ടു നിൽക്കുന്നുവെങ്കിലും, ആന്തരികഘടനയിൽ വലിയ സാമ്യങ്ങൾ ഉണ്ട്. എന്നാൽ വികസന സമീ പനങ്ങളിൽ നിതി ആയോഗ് ആസൂത്രണ കമ്മീ ഷനിൽ നിന്നും വ്യത്യസ്തത പുലർത്തുന്നു. വിക സനത്തിന് ഒരു ഭാരതീയ സങ്കല്പം എന്ന

ആശയം മുന്നോട്ട് വയ്ക്കുന്ന നിതി ആയോഗ് ഗ്രാമതലം മുതൽ വികസന പദ്ധതികൾ ആവിഷ്ക രിച്ച്, അങ്ങനെ ഗ്രാമതലങ്ങളിലെ പദ്ധതികളുടെ ഒരു സമാഹാരമായി സംസ്ഥാന- കേന്ദ്ര പദ്ധ തികളെ അവതരിപ്പിക്കാനും ലക്ഷ്യമിടുന്നു. എല്ലാം പ്രദാനം ചെയ്യുന്ന ഒരു ഏജൻസി എന്ന നിലയിൽ നിന്നും ഗവൺമെന്റിനെ എല്ലാം നേടിയെടു ക്കുവാൻ സഹായിക്കുന്ന ഒരു സഹായിയായി നിതി ആയോഗ് വിവക്ഷിക്കുന്നു. കാർഷിക-വ്യ വസായ- പശ്ചാത്തല മേഖലകളിൽ ശാസ്ത്രസാ ങ്കേതിക വിദ്യയുടെ പിൻബലത്തോടെ വമ്പിച്ച പുരോഗതി നിതി ആയോഗ് ലക്ഷ്യമിടുമ്പോൾ ഈ മേഖലകൾ ഉയർത്തുന്ന വെല്ലുവിളികളും കാണേണ്ടിയിരിക്കുന്നു.

ഇന്ത്യൻ സമ്പദ്വ്യവസ്ഥ ദേശീയവരുമാന ത്തിലും മറ്റും കഴിഞ്ഞ ആറു ദശാബ്ദങ്ങൾക്കു ള്ളിൽ നേടിയ വളർച്ചയുടെ ഒരു ചിത്രം താഴെ കൊടുത്തിരിക്കുന്ന പട്ടിക1 ഉപയോഗിച്ച് പരിശോ ധിക്കാവുന്നതാണ്.

ദേശീയ വരുമാനം നിലവിലെ വിലയിൽ 1950-51 കാലയളവിൽ 9,995 കോടി ആയിരുന്നത് 1960-61 കാലഘട്ടത്തിൽ 16,977 കോടിയായി വർദ്ധി ച്ചു. 1980-81 കാലഘട്ടത്തിൽ വളരെ വർദ്ധനവാണ് ദേശീയ വരുമാനത്തിൽ ഉണ്ടായത്. തുടർന്ന് വന്ന എല്ലാ ദശാബ്ദങ്ങളിലും ദേശീയ വരുമാനം വലിയ തോതിലാണ് വർദ്ധിച്ചത്. ദേശീയവരുമാ നത്തിന്റെ ശരാശരി വളർച്ചാനിരക്കിലും വലിയ വർദ്ധനവാണ് കഴിഞ്ഞ അറുപത് വർഷങ്ങൾക്കു ള്ളിൽ ഉണ്ടായത്.

ഒരു രാജ്യത്തിന്റെ അതിരുകൾക്കുള്ളിൽ ഉല്പാദിപ്പിക്കുന്ന സാധന സേവനങ്ങളുടെ ആകെ തുകയായ മൊത്തം ആഭ്യന്തരോല്പാദനവും കഴിഞ്ഞ ആറ് ദശാബ്ദങ്ങൾക്കുള്ളിൽ വർദ്ധനവ് രേഖപ്പെടുത്തിയിരിക്കുന്നു. പട്ടികയിൽ നിന്ന് വ്യക്തമാകുന്ന മറ്റൊരു പ്രധാന കാര്യം ഇന്ത്യ യുടെ ആഭ്യന്തരമേഖലയിലെ സമ്പാദ്യത്തിലും മൂലധന രൂപീകരണത്തിലും വന്ന വർദ്ധനവാണ്. ആഭ്യന്തരസമ്പാദ്യം പ്രധാനമായും വ്യക്തിഗത യൂണിറ്റുകളിൽ നിന്നും സ്വകാര്യകോർപ്പറേറ്റുക ളിൽ നിന്നും പൊതുമേഖലയിൽ നിന്നുമാണ് ഉണ്ടാകുന്നത്.

2012-13 ലെ സാമ്പത്തിക സർവ്വേ കണക്കു കൾ പ്രകാരം ആഭ്യന്തര സമ്പാദ്യത്തിന്റെ നാലിൽ മൂന്നും വ്യക്തിഗത യൂണിറ്റുകളിൽ നിന്നുമാണ്. ഇത് നമ്മുടെ സമ്പദ്വ്യവസ്ഥയുടെ ഒരു ശക്തി യെയാണ് വെളിവാക്കുന്നത്. ആഭ്യന്തര മൂലധന രൂപീകരണം എക്കാലത്തും നമ്മുടെ സമ്പാദ്യത്തേ ക്കാൾ കൂടുതലാണ് എന്നതും ഇന്ത്യൻ സമ്പദ്വ്യ

പട്ടിക 1

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ ചില സൂചികകൾ

| വർഷം | ദേശീയ വരുമാനം (കോടി രൂപയിൽ) | ദേശീയ വരുമാനം വാർഷിക വളർച്ചാനിരക്ക് (%) | ആഭ്യന്തരോല്പാദനം വാർഷികവളർച്ചാ നിരക്ക് (%) | മൊത്തം ആഭ്യന്തര സമ്പാദ്യം (% of GDP) | മൊത്തം ആദ്യമൂലധന രൂപീകരണം % of GDP |
|---|---|---|---|---|---|
| 1950 -51 | 9995 | 5.7 | 2.3 | 9.5 | 9.3 |
| 1960 -61 | 16977 | 9.4 | 7.1 | 11.6 | 14.2 |
| 1970 -71 | 44098 | 10.0 | 5.0 | 14.3 | 15.1 |
| 1980 -81 | 137183 | 19.7 | 7.2 | 17.8 | 19.2 |
| 1990 -91 | 524268 | 16.3 | 5.3 | 22.9 | 26.0 |
| 2000 -01 | 1969249 | 7.5 | 4.3 | 23.8 | 24.4 |
| 2010 -11 | 7185159 | 18.9 | 9.3 | 34.0 | 36.8 |

സാമ്പത്തിക സർവ്വേ 2012-13

വസ്ഥയുടെ വളർച്ചയ്ക്ക് ഒരു പ്രോത്സാഹന ഘടകമാണ്. മൂലധന രൂപീകരണത്തെ നിക്ഷേപത്തിന്റെ താക്കോൽ എന്ന് വിളിക്കപ്പെടാമെന്നതിനാൽ ഇത് വളർച്ചയുടെ ഒരു സുപ്രധാനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്നു. വികസനപ്രക്രിയയുടെ ഊർജ്ജത്തെ നിലനിർത്താനും വളർച്ചയിൽ മുന്നേറ്റം ഉണ്ടാകുന്നതിനും ദേശീയ ഉല്പാദനത്തിലും, ആഭ്യന്തര ഉല്പാദനത്തിലും സമ്പാദ്യ-മൂലധന രൂപീകരണത്തിലും നിതി ആയോഗിന്റെ ഇടപെടൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

കാർഷിക മേഖലയിൽ വമ്പിച്ച പ്രതീക്ഷകളാണ് നിതി ആയോഗ് ഉയർത്തുന്നത്. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ സഹായത്തോടെ മിശ്ര കാർഷിക രീതി പിന്തുടർന്ന് ഉല്പാദനം ഗണ്യമായി വർദ്ധിപ്പിച്ച്, ഭക്ഷ്യസുരക്ഷയ്ക്കുമപ്പുറം വികസനത്തിന്റെ ഒരു ചാലകശക്തിയായി കാർഷികമേഖലയെ മാറ്റിയെടുക്കാനാണ് നിതി ആയോഗ് ലക്ഷ്യമിടുന്നത്.

എന്നാൽ കാർഷിക മേഖലയുടെ വളർച്ചാനിരക്കിൽ ഗണ്യമായ വ്യതിയാനങ്ങളാണ് കഴിഞ്ഞ രണ്ടു ദശകങ്ങളിൽ സംഭവിച്ചത്. എട്ടാം പദ്ധതി കാലത്ത് 4.69 ശതമാനമായ വാർഷിക വളർച്ചാനിരക്ക് ഒൻപതാം പദ്ധതിയിൽ 2.06 ശതമാനമായി കുറഞ്ഞു.

പത്തും പതിനൊന്നും പദ്ധതികാലത്ത് കാർഷിക മേഖല മെച്ചപ്പെട്ട പ്രകടനം നടത്തുകയുണ്ടായി. 2012-13 ലെ സാമ്പത്തിക സർവ്വേ പറയുന്നത് പതിനൊന്നാം പദ്ധതികാലത്ത് നാലുശതമാനമായിരുന്നു കാർഷികോല്പാദനം ലക്ഷ്യമിട്ടിരുന്നതെങ്കിൽ, 3.6 ശതമാനം വളർച്ചയാണ് നേടുകയുണ്ടായത്. ഈ കാലയളവിലെ ഏറ്റവും വലിയ പ്രശ്നമായി സർവ്വേ ചൂണ്ടിക്കാട്ടുന്നത് വരൾച്ചയും, കാലവർഷത്തിൽ വന്ന കുറവുമാണ്. പിന്നീട് കാർഷികമേഖല മെച്ചപ്പെട്ട പ്രവർത്തനം നടത്തിയത് കാർഷിക മൂലധന രൂപീകരണത്തിന്റെ വളർച്ച മൂലമാണ്. പതിനൊന്നാം പദ്ധതിയുടെ ആദ്യവർഷമായ 2007-08 ൽ കാർഷികമേഖലയിലെ മൂലധന രൂപീകരണം മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ 16.1 ശതമാനമായിരുന്നത് 2011-12 കാലഘട്ടത്തിൽ 19.8 ശതമാനമായി ഉയർന്നു. അതുപോലെതന്നെ പത്താം പദ്ധതികാലത്ത് നിശ്ചലമായി നിന്ന കാർഷിക മേഖലയിലെ സ്വകാര്യ നിക്ഷേപം പതിനൊന്നാം പദ്ധതികാലത്ത് 12.5 ശതമാനമായിരുന്നു എന്നും സാമ്പത്തിക സർവ്വേ പറയുന്നു.

നിതി ആയോഗ് ഇത്തരത്തിൽ നേരിടുന്ന രണ്ട് വെല്ലുവിളികൾ കാർഷിക മേഖലയിലെ മൂലധന രൂപീകരണവും ഉല്പാദനവുമാണ്. പൊതു-സ്വകാര്യ നിക്ഷേപങ്ങളിൽക്കൂടി നടക്കേണ്ട മൂലധന രൂപീകരണം നിതി ആയോഗ് ആവിഷ്കരിക്കുന്ന സംവിധാനത്തെയും രീതികളെയും ആശ്രയിച്ചിരിക്കുന്നു. കാർഷിക വികസനത്തിന് സമഗ്രമായ ഒരു വികസനതന്ത്രം മെനയുവാൻ നിതി ആയോഗിന് കഴിയുമെങ്കിൽ മാത്രമെ ഭക്ഷ്യസുരക്ഷയ്ക്കുമപ്പുറം വികസനത്തിന്റെ, ചാലകശക്തിയായി കാർഷിക മേഖലയെ മാറ്റുവാൻ കഴിയൂ.

പതിനൊന്നാം പദ്ധതികാലത്ത് ഭക്ഷ്യോല്പാദനത്തിൽ റിക്കാർഡ് വർദ്ധനവാണ് രേഖപ്പെടുത്തിയത്. 2011-12 കാലഘട്ടത്തിൽ 259.32 മില്യൺ ടണ്ണായിരുന്നു ഭക്ഷ്യോല്പാദനം. എന്നാൽ ഏരിയാ വിസ്തീർണ്ണത്തിൽ കാര്യമായ വർദ്ധനവ് ഇല്ലെന്നാണ് സാമ്പത്തിക സർവ്വേ ചൂണ്ടിക്കാട്ടുന്നത്. 1980 മുതൽ 90 വരെയുള്ള ദശാബ്ദ കാലത്ത് കൃഷിഭൂമിയുടെ അളവ് വർദ്ധിച്ചെങ്കിൽ 2001-10 കാലഘട്ടത്തിൽ യാതൊരു വർദ്ധനവും ഉണ്ടായില്ലെന്നും കണക്കുകൾ പറയുന്നു. നിതി ആയോഗിന്റെ മുമ്പിൽ ഇതും ഒരു വെല്ലുവിളിയാണ്. ഉല്പാദനക്ഷമത വർദ്ധിപ്പിച്ച്, ഉല്പാദനം കൂട്ടുവാനുള്ള നവീന തന്ത്രങ്ങളാണ് നിതി ആയോഗ് ആവിഷ്ക്കരിക്കേണ്ടത്.

കാർഷികോല്പാദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ജലസേചനം, കാർഷിക കടം, ന്യായവില തുടങ്ങിയവയിൽ ക്രിയാത്മകങ്ങളായ ഇടപെടലുകളാണ് നിതി ആയോഗിൽ നിന്നും ഉണ്ടാകേണ്ടത്. പതിനൊന്നാം പദ്ധതി കാലത്ത് മെച്ചപ്പെട്ട ഉല്പാദനം കൈവരിക്കാൻ സഹായിച്ച പ്രധാനപ്പെട്ട ഘടകമായിരുന്നു വിത്തും വളങ്ങളും

ലഭ്യമാക്കുവാനുള്ള ശ്രമങ്ങൾ. വിത്തിന്റെ ശരാശരി ഉപഭോഗം 2007-08 ൽ ഹെക്ടർ ഒന്നിന് 116.50 കിലോഗ്രാമായിരുന്നത് 2010-11 ൽ 144.14 കിലോഗ്രാമായി വർദ്ധിക്കുകയുണ്ടായി. ഉല്പാദനത്തെയും ഉല്പാദനക്ഷമതയെയും നിർണ്ണയിക്കുന്ന മറ്റൊരു പ്രധാന ഘടകമായ ജലസേചനത്തിന്റെ കാര്യത്തിലും കാര്യമായ മുന്നേറ്റം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. 1996-97 ൽ രൂപീകരിച്ച ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ്സ് പ്രോഗ്രാം (AIBP) മുഖേന 76220 ഹെക്ടറിൽ ജലസേചന സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. ഇപ്പോഴും ആകെയുള്ള കാർഷിക ഭൂമിയുടെ ഗണ്യമായ ഒരു ഭാഗം പ്രകൃതിയെ ആശ്രയിച്ചു മാത്രമാണ് കൃഷി ചെയ്യുന്നത്. നിതി ആയോഗ് ജലസേചന സംവിധാനം മെച്ചപ്പെടുത്തിക്കൊണ്ട് കാർഷികമേഖലയിൽ സുസ്ഥിരമായ വളർച്ച ലക്ഷ്യമിടേണ്ടതാണ്. നിതി ആയോഗിന്റെ ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ട ഒരു പ്രധാന മേഖലയാണ് കാർഷിക ഉല്പന്നങ്ങളുടെ വിപണനവും ന്യായവിലയും. ഉല്പാദനം വർദ്ധിച്ചാലും വിപണനം പരാജയപ്പെടുമ്പോൾ കൃഷി ലാഭകരമല്ലാതെ പോവുകയും, കാർഷികകടവും മറ്റ് ബാധ്യതകളും വർദ്ധിച്ച് കർഷകൻ കൃഷിയോട് വിമുഖത കാണിക്കുകയും ചെയ്യും. ഇത്തരത്തിൽ മാർക്കറ്റബിൽ സർപ്ലസ്സ് തിയറി ചൂണ്ടിക്കാട്ടുന്നതു പോലെ കാർഷിക മേഖലയിലെ ഉല്പാദനം വർദ്ധിപ്പിച്ച്, മെച്ചപ്പെട്ട വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചു കൊണ്ട് വിപണിയിൽ ആദായകരമായി ഉല്പന്നങ്ങൾ വിൽക്കുവാൻ കഴിയുമ്പോൾ മാർക്കറ്റബിൽ സർപ്ലസ്സ് ഉണ്ടാകുന്നു. ഈ അധിക വരുമാനം വ്യവസായ ഉല്പന്നങ്ങൾ വാങ്ങുന്നതിന് ഉപയോഗിക്കുന്നു. അങ്ങനെ കാർഷിക മേഖലയിലൂടെ വ്യവസായ വളർച്ചയും നേടിയെടുക്കാൻ സാധിക്കുന്നു. കൃഷിയോട് താൽപര്യവും, കാർഷികമേഖലയിൽ നിക്ഷേപങ്ങൾ ഉറപ്പു വരുത്തുന്നതും വിപണിയുടെ ചാഞ്ചാട്ടത്തിൽ നിന്നും കാർഷിക മേഖലയെ മുക്തമാക്കുവാൻ കഴിയുന്നതുമായ സംവിധാനം ആവിഷ്ക്കരിച്ചാൽ നിതി ആയോഗ് അതിന്റെ പ്രാഥമിക ലക്ഷ്യം നേടി എന്ന് കരുതാം.

കാർഷിക മേഖലയുടെ പുനരുദ്ധാരണത്തിന് നടപ്പിലാക്കിയ ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ, രാഷ്ട്രീയ കൃഷി വികാസ് യോജന, സുസ്ഥിര കാർഷിക പുരോഗതിക്കുള്ള ദേശീയ മിഷൻ, റെയിൻഫെഡ് ഏരിയ ഡവല്പമെന്റ് പ്രോഗ്രാം, മാക്രോ മാനേജ്മെന്റ് മിഷൻ എന്നീ അഞ്ചു പ്രഥമ പദ്ധതികളുടെ നടത്തിപ്പും നിതി ആയോഗിന്റെ മുന്നിലെ വെല്ലുവിളികളാണ്. 2007-08 ൽ ആരംഭിച്ച ദേശീയ ഭക്ഷ്യ സുരക്ഷാ മിഷൻ നെല്ല്, അരി, ഗോതമ്പ്, പയറുവർഗ്ഗങ്ങൾ എന്നീ മൂന്നു ഉല്പന്നങ്ങളിലാണ് കേന്ദ്രീകരിച്ചത്. പതിനൊന്നാം പദ്ധതിയിൽ നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുവാൻ വേണ്ടി പതിനാറ് സംസ്ഥാനങ്ങളിലായി 144 ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയപ്പോൾ, ഒൻപത് സംസ്ഥാനങ്ങളിൽ 142 ജില്ലകളിൽ ഗോതമ്പിനും, പതിനാറ് സംസ്ഥാനങ്ങളിലായി 468 ജില്ലകളിൽ പയറുവർഗ്ഗങ്ങൾക്കും വേണ്ടിയും പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. കാർഷിക മേഖലയിൽ പൊതു നിക്ഷേപം വർദ്ധിപ്പിച്ചു കൊണ്ട് ഉല്പാദനക്ഷമത മെച്ചപ്പെടുത്തി കാർഷിക പുരോഗതി കൈവരിക്കുക എന്നാണ് രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ലക്ഷ്യം. പതിനൊന്നാം പദ്ധതിക്കാലത്ത് 22,408 കോടി രൂപയാണ് ഈ പദ്ധതിയിലൂടെ കൃഷി മെച്ചപ്പെടുത്തുവാൻ നൽകിയത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ പശ്ചാത്തലത്തിൽ സുസ്ഥിര കാർഷിക പ്രവർത്തനങ്ങൾക്കു വേണ്ടി പദ്ധതികൾ ആവിഷ്കരിക്കാൻ രൂപീകരിച്ചതാണ് സുസ്ഥിര കാർഷിക കമ്മീഷൻ. സംയോജിത കൃഷിയ്ക്കു വേണ്ടി കാർഷിക പശ്ചാത്തല പ്രവർത്തനങ്ങൾ പ്രത്യേകിച്ച് ജലസേചനം, വായ്പ സൗകര്യം മുതലായവയ്ക്കു വേണ്ടി രൂപീകരിച്ച റെയിൻ ഫെഡ് ഏരിയ ഡവലപ്പ്മെന്റ് പ്രോഗ്രാം കഴിഞ്ഞ പദ്ധതിക്കാലത്ത് 22 സംസ്ഥാനങ്ങളിൽ നടപ്പിലാക്കുകയുണ്ടായി. ഇങ്ങനെയുള്ള കാർഷിക പദ്ധതികൾ തീവ്രതയോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിൽ നിതി ആയോഗിന്റെ നിലപാടിന് വളരെ പ്രാധാന്യം ഉണ്ട്. കാർഷിക പ്രവർത്തനങ്ങളെ നിർണ്ണായകമായി സ്വാധീനിക്കുന്ന ഒരു ഘടകമാണ് ഏറ്റവും മിതമായ നിരക്കിലുള്ള കാർഷിക

വായ്പ. വിവിധങ്ങളായ വായ്പ സംവിധാനങ്ങൾ, ക്രോപ്പ് ലോൺ, കിസ്സാൻ ക്രെഡിറ്റ് കാർഡ് തുടങ്ങിയവ മുൻകാലങ്ങളിൽ നടപ്പിലാക്കിയ ചില പദ്ധതികളാണ്. കാലാവസ്ഥ വ്യതിയാനം മൂലമുള്ള പരാജയം നേരിടുവാനുള്ള വിള പരിരക്ഷണം, ഇൻഷ്വറൻസ് എന്നിവ നിതി ആയോഗിന്റെ കർമ്മപരിപാടികളിൽ ഉൾപ്പെടുത്തേണ്ടതാണ്. അടിസ്ഥാനപരമായി ഒരു കാർഷിക സമ്പദ് വ്യവസ്ഥ എന്ന നിലയിൽ എല്ലാവർക്കും ഭക്ഷണം ഉറപ്പു വരുത്തുന്ന ഭക്ഷ്യസുരക്ഷയ്ക്കുമപ്പുറം ഭാരതത്തിന്റെ സാമ്പത്തിക വളർച്ചയുടെ കേന്ദ്ര ബിന്ദുവായി കാർഷിക മേഖലയെ രൂപപ്പെടുത്തുവാൻ നിതി ആയോഗ് ലക്ഷ്യമിട്ടിരിക്കുന്ന പശ്ചാത്തലത്തിൽ പ്രായോഗികതലത്തിൽ സമഗ്രമായ ഒരു സംയോജിത കാർഷിക നയമാണ് രൂപപ്പെടുത്തേണ്ടിയിരിക്കുന്നത്. ഉല്പാദനഘടകങ്ങൾ മുതൽ ഉല്പന്നത്തിന്റെ വിപണി വരെ വ്യാപിച്ചു കിടക്കുന്നതും, കാർഷികമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ ഗൗരവത്തോടെ സമീപിക്കുന്നതുമായ വികസന തന്ത്രത്തിലൂടെ മാത്രമെ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ശക്തികേന്ദ്രമായി കാർഷിക മേഖല രൂപാന്തരപ്പെടുകയുള്ളൂ. ഇന്ത്യയിലെ ജനസംഖ്യാ വളർച്ചയും, ഭക്ഷ്യോല്പാദനത്തിന്റെ ആവശ്യകതയും കണക്കിലെടുക്കുമ്പോൾ, കാർഷിക മേഖല പന്ത്രണ്ടാം പദ്ധതിക്കാലത്ത് നാലു ശതമാനം വളർച്ച നേടേണ്ടതാണ്. ഇതിന് ചില അടിസ്ഥാനപ്രമാണങ്ങൾ സാക്ഷാത്കരിക്കണം. ഗ്രാമീണമേഖലയിലേക്ക് പൊതു-സ്വകാര്യ നിക്ഷേപങ്ങൾ ആകർഷിക്കുകയും, വിപണന തന്ത്രങ്ങൾ രൂപപ്പെടുത്തി വിപണിയുടെ വ്യാപ്തി വർദ്ധിപ്പിക്കുകയും, ശാസ്ത്രീയമായ ഫാം മാനേജ്മെന്റ് നടപ്പിലാക്കുകയും ചെയ്യുക എന്നതും, കാർഷിക മേഖലയ്ക്കു കൂടുതൽ അടങ്കൽ പ്രദാനം ചെയ്ത് വായ്പാ സംവിധാനം പുനർക്രമീകരിച്ച് കൃഷിയും അനുബന്ധ മേഖലകളെയും ഉയർത്തിക്കൊണ്ടുവരിക എന്നത് നിതി ആയോഗിന്റെ മുന്നിലെ വെല്ലുവിളികൾ ആയിരിക്കും.

ഏതൊരു സമ്പദ്‌വ്യവസ്ഥയുടെയും വളർച്ചയെ പ്രചോദിപ്പിക്കുന്ന മേഖലയാണ് വ്യവസായം. വ്യവസായ മേഖലയുടെ വളർച്ച രാജ്യത്തിന്റെ വളർച്ചയുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ടിരിക്കുന്നു. നിതി ആയോഗിന്റെ മുന്നിലെ ഒരു പ്രധാന വെല്ലുവിളിയാണ് വ്യവസായ വളർച്ചയെ ത്വരിതപ്പെടുത്തുക എന്നത്. സമ്മിശ്ര പ്രതികരണമാണ് വ്യവസായ വളർച്ചയിൽ കഴിഞ്ഞ ചില വർഷങ്ങളിൽ പ്രതിഫലിച്ചത്. 2009-10-ൽ വ്യവസായമേഖലയിലെ മൂല്യവർദ്ധനവ് 9.2% ആയിരുന്നത് 2011-12 ൽ 3.5% ആയും 2012-13 ൽ 3.1% ആയും കുറഞ്ഞു.

വ്യവസായ മേഖലയുടെ പ്രവർത്തനങ്ങളെ സംഷ്പിതീകരിക്കുന്ന വ്യവസായ ജനറൽ ഇൻഡക്സ് കാണിക്കുന്നത് വ്യവസായ വളർച്ച 2005-ൽ 2004-05 നേക്കാൾ 8.6% കൂടുതലായിരുന്നു എന്നാണ്. എന്നാൽ പിന്നീടുള്ള അഞ്ച് വർഷങ്ങളിൽ താരതമ്യേന നല്ല വളർച്ചാനിരക്കാണ് വ്യവസായ വളർച്ചയിൽ ഉണ്ടായത്.

മാനുഫാക്ചറിംഗ് അഥവാ നിർമ്മാണവ്യവസായത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 81% വളർച്ചയുണ്ടായെങ്കിൽ യന്ത്രസാമഗ്രികളുടെ മേഖലയിൽ 141% വളർച്ചയാണ് ഈ കാലയളവിൽ ഉണ്ടായത്. വൈദ്യുതി, തുണിവ്യവസായം, തുടങ്ങിയ വ്യവസായങ്ങളും യഥാക്രമം 49% ഉം 34%ഉം വളർച്ച രേഖപ്പെടുത്തി.

എങ്കിലും വ്യവസായ ഉല്പാദനത്തിൽ ലക്ഷ്യമിട്ടതു പോലെ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കുവാൻ കഴിഞ്ഞില്ലെന്ന് സാമ്പത്തിക സർവ്വേ ചൂണ്ടിക്കാണിക്കുന്നു. ആഭ്യന്തരവും ബാഹ്യവുമായ ഘടകങ്ങളുടെ പ്രതിപ്രവർത്തനവും, പശ്ചാത്തല-ഊർജ്ജമേഖലകളിലെ പരിമിതികളും, കയറ്റുമതിയിൽ ഉള്ള ധനക്കുറവും, വ്യവസായ നിക്ഷേപത്തിൽ വന്ന മാറ്റങ്ങളും നമ്മുടെ വ്യവസായ മേഖലയിലെ ഉല്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

നിതി ആയോഗിലൂടെ ആവിഷ്ക്കരിക്കുന്ന വികസനതന്ത്രത്തിൽ വ്യവസായമേഖലയെ ശക്തമാക്കുന്ന നയങ്ങളാണ് രൂപീകരിക്കേണ്ടത്. വ്യവസായ വളർച്ചയ്ക്കു വേണ്ട മൂലധനം, സാങ്കേതിക

വിദ്യ, പശ്ചാത്തല സംവിധാനങ്ങൾ, കയറ്റുമതി ഊർജ്ജിതമാക്കൽ, ഫോർവേർഡ്- ബാക്ക്വേർഡ് ലിങ്കേജുകളുടെ ഉപയോഗപ്പെടുത്തൽ, വ്യവസായ ക്ലസ്റ്ററുകളും സോണുകളും രൂപീകരിക്കൽ മുതലായ മേഖലകളിൽ നിതി ആയോഗ് മുന്നോട്ടിറങ്ങുമ്പോഴാണ് വ്യവസായ വളർച്ചയിലൂടെ സമ്പദ്‌വ്യവസ്ഥയെ രൂപാന്തരപ്പെടുത്തുവാൻ കഴിയുന്നത്.

നിതി ആയോഗ് നേരിടാവുന്ന മറ്റൊരു വെല്ലുവിളി വിദേശവ്യാപാരകമ്മിയുമായി ബന്ധപ്പെട്ടാണ്. 2000-01 മുതൽ 2012-13 വരെയുള്ള വിദേശവ്യാപാരകമ്മിയും, കറണ്ട് അക്കൗണ്ട് ബാലൻസും പട്ടിക 4 ഉപയോഗിച്ച് പരിശോധിക്കാവുന്നതാണ്.

പട്ടിക 2

വിദേശവ്യാപാര- കറണ്ട് അക്കൗണ്ട് ബാലൻസ്

| വർഷം | വ്യാപാരശിഷ്ടം (ലക്ഷം കോടി രൂപ) | കറണ്ട് അക്കൗണ്ട് ബാലൻസ് (ലക്ഷം കോടി രൂപ) |
|---|---|---|
| 2000 - 2001 | 0.56 | 0.11 |
| 2006 - 2007 | 2.79 | 0.44 |
| 2007 - 2008 | 3.67 | 0.63 |
| 2008 - 2009 | 5.47 | 1.27 |
| 2009 - 2010 | 5.59 | 1.79 |
| 2010 - 2011 | 5.80 | 2.19 |
| 2011 - 2012 | 9.12 | 3.76 |

അവലംബം: സാമ്പത്തിക സർവ്വേ 2013-14.

പ്രതികൂല വ്യാപാര ശിഷ്ടവും കറന്റ് അക്കൗണ്ട് ബാലൻസുമാണ് വിദേശ വ്യാപാര മേഖലയിൽ ഇന്ത്യ നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ. കയറ്റുമതിയേക്കാൾ വളരെ കൂടുതലാണ് നമ്മുടെ ഇറക്കുമതി. 2000-01 കാലഘട്ടത്തിൽ 2.67 ലക്ഷം കോടി രൂപയുടെ സാധന-സേവനങ്ങളാണ് നാം വിദേശത്തു നിന്നും ഇറക്കുമതി ചെയ്തത്. എന്നാൽ നമ്മുടെ കയറ്റുമതി മൂല്യം 2.07 ലക്ഷം കോടി മാത്രമായിരുന്നു. അതുകൊണ്ട് നമ്മുടെ വ്യാപാരകമ്മി ഈ കാലയളവിൽ 56,000 കോടി രൂപയിലധികമായിരുന്നു. പട്ടികയിൽ നിന്നും കാണുവാൻ കഴിയുന്നത് പിന്നീടുള്ള എല്ലാ വർഷങ്ങളിലും വ്യാപാര കമ്മി വർദ്ധിച്ചു വരുന്നതായിട്ടാണ്. 2011-12 കാലയളവിൽ 9 ലക്ഷത്തിലധികം കോടി രൂപയുടെ ഇറക്കുമതിയാണ് നടന്നത്. കറന്റ് അക്കൗണ്ടിലും ഇതേ രീതിയാണ് കാണുവാൻ കഴിയുന്നത്. കറന്റ് അക്കൗണ്ടിൽ 11,000 കോടി രൂപയുടെ കമ്മിയാണ് 2000-01 ഉണ്ടായതെങ്കിൽ ഇത് 3 ലക്ഷത്തിലധികമായി 2011-12 ൽ കൂടുകയുണ്ടായി.

വിദേശവ്യാപാര മേഖലയിൽ ഗുണപരമായ മാറ്റങ്ങളാണ് നിതി ആയോഗിന്റെ മുന്നിലെ പ്രധാന വെല്ലുവിളി. വ്യാപാര കമ്മി കുറയ്ക്കുന്നതിനോടൊപ്പം വിദേശ വ്യാപാരത്തിൽ വളർച്ചയും നേടി സമ്പദ് വ്യവസ്ഥയെ ഗുണപരമായ പാതയിൽ എത്തിക്കുന്നതിന് നിതി ആയോഗ് പ്രായോഗിക സമീപനങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ചുരുക്കത്തിൽ ആസൂത്രണ കമ്മിഷനു പകരമായി രൂപീകരിച്ചിരിക്കുന്ന നിതി ആയോഗ് വികസന പ്രക്രിയയിൽ പുതിയ കാഴചപ്പാടുകളും തന്ത്രങ്ങളും രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വികസനം പ്രായോഗികതലത്തിൽ സമൂഹത്തിന്റെ ഏറ്റവും താഴ്ന്നഘടകങ്ങളിൽ എത്തുമ്പോഴാണ് യാഥാർത്ഥ്യമാകുന്നത്. ഇവിടെയാണ് നിതി ആയോഗിന്റെ ഫലപ്രാപ്തി തെളിയിക്കേണ്ടിയിരിക്കുന്നത്.

**തിരുവല്ല മാർത്തോമ്മാ കോളജിലെ സാമ്പത്തികശാസ്ത്ര വിഭാഗം അദ്ധ്യാപകനാണ് ലേഖകൻ**

# വിവരാവകാശ നിയമം: പതിറ്റാണ്ടു നീണ്ട അവകാശ പോരാട്ടങ്ങൾ

അഡ്വ. ഡി. ബി. ബിനു

**ഇന്ത്യയിലുള്ളത്ര നിയമങ്ങൾ ലോകത്തെവിടെയുമില്ല. പക്ഷേ, ഈ നിയമങ്ങളിൽ പലതും പുസ്തകത്താളുകളിൽതന്നെ ഉറങ്ങുകയാണ്. പ്രായേണ വ്യതമായ ഈ നിയമങ്ങളെക്കൂടി നാട്ടിൽ നടപ്പിലാക്കാൻ കഴിയുന്നുവെന്നതാണ് വിവരാവകാശ നിയമത്തിന്റെ രചനാത്മകമായ സവിശേഷത. അതുകൊണ്ടുതന്നെയാണ് വിവരാവകാശ നിയമത്തെ ഇന്ത്യൻ ജനാധിപത്യത്തിന്റെ വസന്തം എന്ന് വിശേഷിപ്പിച്ചതും.**

**ഒ**രു വെള്ളക്കടലാസും പത്തുരൂപയുമുണ്ടെങ്കിൽ രാഷ്ട്രപതിയെ മുതൽ താഴെ വില്ലേജ് ഓഫീസറെ വരെ ചോദ്യം ചെയ്യാനുള്ള അവകാശം സാധാരണ പൗരന് ലഭിച്ചത്, 2005-ലെ വിവരാവകാശ നിയമത്തിലൂടെയാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം പുരോഗമനപരമായി നിരവധി നിയമനിർമ്മാണങ്ങൾ ഇന്ത്യയിലുണ്ടായിട്ടുണ്ട്. ഭൂപരിഷ്കരണ നിയമങ്ങളും വിദ്യാഭ്യാസ നിയമങ്ങളും മറ്റും ഇതിന് ഉദാഹരണങ്ങളാണ്. പക്ഷേ, ഇന്ത്യൻ പൗരനെ ജനാധിപത്യത്തിന്റെ വിധാദാതാവും വിധികർത്താവുമായി മാറ്റിയ വിപ്ലവാത്മകമായ നിയമനിർമ്മാണം വിവരാവകാശ നിയമം തന്നെയാണ്. "നിയമങ്ങളുടെ കാടാണ് നമ്മുടെ നാടെന്ന് പറഞ്ഞത് ചാൾസ് ഡിക്കൻസാണ്. ഇന്ത്യയിലുള്ളത്ര നിയമങ്ങൾ ലോകത്തെവിടെയുമില്ല. പക്ഷേ, ഈ നിയമങ്ങളിൽ പലതും പുസ്തകത്താളുകളിൽതന്നെ ഉറങ്ങുകയാണ്. പ്രായേണ വ്യതമായ ഈ നിയമങ്ങളെക്കൂടി നാട്ടിൽ നടപ്പിലാക്കാൻ കഴിയുന്നുവെന്നതാണ് വിവരാവകാശ നിയമത്തിന്റെ രചനാത്മകമായ സവിശേഷത. അതുകൊണ്ടുതന്നെയാണ് വിവരാവകാശ നിയമത്തെ ഇന്ത്യൻ ജനാധിപത്യത്തിന്റെ വസന്തം എന്ന് വിശേഷിപ്പിച്ചതും.

### വിവരാവകാശ നിയമത്തിനെതിരെ

ഒന്നാം യു.പി. എ. സർക്കാരിന്റെ ചരിത്രപരമായ നേട്ടമാണ് വിവരാവകാശ നിയമമെന്ന് കോൺഗ്രസ് ഊറ്റം കൊള്ളുമ്പോഴും പിൻവാതിലിലൂടെ ഈ നിയമത്തെ ദുർബലപ്പെടുത്തുന്ന നീക്കമാണ് നടന്നത്. കേന്ദ്ര വിവരാവകാശ കമ്മീഷൻ വിവരാവകാശ നിയമത്തിന്റെ ഏഴാം വാർഷികം ഡൽഹിയിൽ ആഘോഷിച്ചപ്പോൾ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ പ്രസംഗം വിവരാവകാശ പ്രവർത്തകരെ ആശങ്കയിലാഴ്ത്തി. അപ്രസക്തവും അനാവശ്യവും യാതൊരു പൊതുതാത്പര്യവുമില്ലാത്ത അപേക്ഷകൾ ഓഫീസുകളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുവെന്നും,

സ്വകാര്യതയിലേക്ക് കടന്നു കയറുന്ന അന്വേഷണങ്ങൾ പബ്ളിക്, പ്രൈവറ്റ്, സ്വകാര്യ സംരഭകർ കടന്നുവരാൻ മടിക്കുന്നതിന് കാരണമാകുന്നുവെന്നും പ്രധാനമന്ത്രി പ്രസംഗത്തിൽ വ്യക്തമാക്കി.

പബ്ളിക് ഓഡിറ്റിംഗിൽ സുപ്രധാനമായ പങ്കാണ് ഭരണഘടനാ സ്ഥാപനമായ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർവ്വഹിക്കുന്നത്. സമീപകാലത്ത് രാജ്യത്ത് നടന്ന കുംഭകോണങ്ങളിൽ പലതും പുറത്ത് വന്നത് സി.എ.ജി റിപ്പോർട്ടിലൂടെയാണ്. എന്നാൽ സർക്കാരും സ്വകാര്യസംരംഭകരും സി.എ.ജി. യുടെ പരിശോധന നടത്തുന്നതിനെ എതിർക്കുന്നു. കോടിക്കണക്കിന് രൂപ ഉൾക്കൊള്ളുന്ന പല പി.പി.പി. പദ്ധതികളും സി.എ.ജിയുടെ പരിശോധനയ്ക്ക് വിധേയമല്ല എന്ന വസ്തുതയാണ് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടി വ്യക്തമാക്കുന്നത്. ഈ സാഹചര്യത്തിലാണ് വിവരാവകാശ നിയമത്തിന്റെ പരിധിയിൽ പി.പി.പി. കൊണ്ടു വരണമെന്ന ആവശ്യം ശക്തമാകുന്നത്. പി.പി.പി. വിവരങ്ങൾ സർക്കാരിനോട് ചോദിച്ചാൽ 'കൈവശമില്ല' എന്നാണ് മറുപടി. സ്വകാര്യ സംരംഭകനോട് ചോദിച്ചാൽ, 'ഞങ്ങൾ പൊതു അധികാരി അല്ല' എന്നാണ് മറുപടി.

ആർ.ടി.ഐ. നിയമത്തിലെ 2 (എച്ച്) വകുപ്പിലെ 'പൊതു അധികാരി' എന്ന നിർവ്വചനത്തിന്റെ പരിധിയിൽ സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും ഗണ്യമായ ധനസഹായത്താലും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ആ ധനസഹായം പ്രത്യക്ഷമായോ പരോക്ഷമായോ ആകാം. ഈ നിർവ്വചനം വ്യാഖ്യാനിച്ചാണ് പി.പി.പി. പദ്ധതികളും വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് കേന്ദ്ര കമ്മീഷൻ ഉത്തരവിട്ടത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ 2013 ഏപ്രിൽ 15 ന് പി.പി.പി പദ്ധതികളുമായി ബന്ധപ്പെട്ട വിവരങ്ങളെല്ലാം സ്വമേധയാ പ്രസിദ്ധീകരിക്കണമെന്ന് ഉത്തരവിട്ടത്. ആർ.ടി.ഐ നിയമത്തിലെ 4 (1) (ബി) വകുപ്പ് പ്രകാരം 17 കാര്യങ്ങൾ സ്വമേധയാ പ്രസിദ്ധീകരിക്കാൻ പൊതു അധികാര സ്ഥാപനത്തിന് ബാദ്ധ്യതയുണ്ട്. ഈ വ്യവസ്ഥ നടപ്പിലാക്കുന്നതിൽ സർക്കാർ വകുപ്പുകൾ യാതൊരു താത്പര്യവും കാണിക്കുന്നില്ല. നടപ്പിലാക്കാത്തവർക്കെതിരെ വിവരാവകാശ കമ്മീഷനുകൾ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല.

പാർലമെന്റ് പാസാക്കിയ നിയമം ഭേദഗതി ചെയ്യാൻ പാർലമെന്റിന് മാത്രമാണ് അധികാരം എന്നിരിക്കെ ചില ബ്യൂറോക്രാറ്റുകൾ എക്സിക്യൂട്ടിവ് ഉത്തരവിലൂടെ വിവരാവകാശ നിയമത്തിന് വിലക്കുകളും കല്പിക്കുന്ന വിചിത്രമായ അവസ്ഥയാണ് രാജ്യത്തുള്ളത്. കേരള സംസ്ഥാന ജലവിഭവ വകുപ്പ് 2014 ജൂലൈ 22 ന് പുറപ്പെടുവിച്ച ഉത്തരവ് ഇതിനുദാഹരണമാണ്.

അന്തർ സംസ്ഥാന നദീജലതർക്കവുമായി ബന്ധപ്പെട്ട രേഖകൾ മാധ്യമങ്ങൾക്കോ വിവരാവകാശ നിയമപ്രകാരമോ നൽകേണ്ടതില്ലെന്നാണ് ഉത്തരവ് പറയുന്നത്. മുല്ലപ്പെരിയാർ കേസിൽ കേരളം സുപ്രീംകോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് വിവരാവകാശനിയമ പ്രകാരം ഈ ലേഖകൻ ആവശ്യപ്പെട്ടപ്പോൾ ഈ ഉത്തരവ് ചൂണ്ടിക്കാണിച്ചാണ് ജലവിഭവവകുപ്പ് അപേക്ഷ നിരാകരിച്ചത്. ഒരു കക്ഷി കോടതിയിൽ സമർപ്പിക്കുന്ന ഹർജിയും സത്യവാങ്മൂലവും എതിർകക്ഷിക്ക് കോപ്പി നൽകികൊണ്ടായിരിക്കണം എന്ന് ചട്ടങ്ങൾ പറയുമ്പോൾ തമിഴ്നാടിന് ലഭിച്ച സത്യവാങ്മൂലത്തിന്റെ പകർപ്പ് നിഷേധിക്കുന്നതിൽ എന്ത് യുക്തിയാണുള്ളത്? കേരളത്തിന്റെ രഹസ്യരേഖ തമിഴ്നാടിന് ലഭിക്കാൻ വിവരാവകാശ നിയമം വേണമെന്നില്ലെന്ന് ടി.പി. സെൻകുമാറിന്റെ റിപ്പോർട്ട് പറയുന്നുണ്ട്. പ്രശ്നം ഇപ്പോൾ സംസ്ഥാനവിവരാവകാശ കമ്മീഷന്റെ പരിഗണനയിലാണ്.

**ജുഡീഷ്യറിയും വിവരാവകാശ നിയമവും**

അറിയാനുള്ള അവകാശത്തെക്കുറിച്ച് ഇന്ത്യൻ ഭരണഘടന നിശ്ശബ്ദമായിരിക്കേണ്ട ആ

വിടവ് നികത്തിയത് നമ്മുടെ കോടതിയുടെ പ്രഖ്യാതമായ വിധി ന്യായങ്ങളാണ്. 1975 ലെ രാജ്നാരായണൻ കേസിലെ സുപ്രീംകോടതി വിധി വിവരാവകാശത്തിന്റെ കാര്യത്തിൽ ചരിത്രപരമെന്നുതന്നെ വിശേഷിപ്പിക്കാം. പാരമ്പര്യമായ മാർഗ്ഗങ്ങളിലൂടെ പാരമ്പര്യേതര നീതി സ്രോതസ്സുകൾ കണ്ടെത്തുന്ന മലയാളിയായ ജസ്റ്റീസ് കെ.കെ. മാത്യുവിന്റെ ഈ വിധിന്യായത്തിലൂടെ പൊതു കാര്യങ്ങളറിയാനുള്ള പൗരന്റെ അവകാശം ഭരണഘടനയുടെ മൗലികാവകാശത്തിന്റെ ഭാഗമാണെന്ന് അസന്ദിഗ്ധമായ ഭാഷയിൽ സുപ്രീംകോടതി പ്രഖ്യാപിച്ചു. 1982 ലെ ജഡ്ജസ് കേസിൽ "തുറന്ന സർക്കാരെന്നത് പുതിയ ജനാധിപത്യ സംസ്കാരമാണ്. ദരിദ്രരും നിരക്ഷരരുമായ ജനലക്ഷങ്ങളുടെ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം ലക്ഷ്യംവയ്ക്കുന്ന ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്ത് അറിയാനുള്ള അവകാശം അത്യന്താപേക്ഷിതമാണ്" എന്ന് സുപ്രീംകോടതി ഓർമ്മിപ്പിച്ചു. "ഭരണകാര്യങ്ങളിൽ പങ്കാളിയാവാനും സർക്കാരിന്റെ നയപരമായ കാര്യങ്ങളറിയാനുള്ള പൗരന്റെ അവകാശം സംരക്ഷിക്കപ്പെടുന്നില്ലെങ്കിൽ യഥാർത്ഥ ജനാധിപത്യം പുലരില്ല".

വിവരം നൽകാതിരിക്കുന്നതും, തെറ്റായ വിവരം നൽകുന്നതും അപൂർണ്ണമായ വിവരം നൽകുന്നതും പക്ഷപാതപരമായ വിവരം നൽകുന്നതും എല്ലാം ജനാധിപത്യത്തെ അപഹാസ്യമാക്കുമെന്ന് സുപ്രീകോടതി വിധിന്യായത്തിൽ ഓർമ്മിപ്പിച്ചു.

19-ാം അനുഛേദം പോലെതന്നെ 21 -ാം അനുഛേദവും അറിയാനുള്ള അവകാശവുമായി ബന്ധപ്പെട്ടുനിൽക്കുന്നുവെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ജീവിക്കാനുള്ള അവകാശവും, വ്യക്തി സ്വാതന്ത്ര്യവും വളരെ വിശാലമായ അർത്ഥതലങ്ങളാണ് നമുക്ക് പ്രദാനം ചെയ്യുന്നതെന്ന് ഇന്ത്യൻ എക്സ്പ്രസ് കേസിൽ സുപ്രീംകോടതി വ്യക്തമാക്കി. ജുഡീഷ്യൽ ആക്ടിവിസത്തിലൂടെ 21 -ാം അനുഛേദനത്തിന് മാനുഷിക മുഖം നൽകികൊണ്ട് പുതിയ അർത്ഥവും വ്യാപ്തിയും നൽകാനും കോടതിക്ക് കഴിഞ്ഞു.

**മദ്രാസ് ഹൈക്കോടതിയുടെ വിവാദവിധി**

വിവരാവകാശ നിയമപ്രകാരം വിവരം തേടുന്നയാൾ, അത് എന്തിനുവേണ്ടിയാണെന്ന കാര്യം കൂടി അപേക്ഷയിൽ വ്യക്തമാക്കണമെന്ന ഒരു വിവാദ വിധി മദ്രാസ് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിക്കയുണ്ടായി.

പാർലമെന്റ് പാസാക്കിയ, രാജ്യത്തെ ഏറ്റവും സുപ്രധാനമായ ജനപക്ഷനിയമമാണ് വിവരാവകാശ നിയമം. വിവരാവകാശനിയമം ഇന്ത്യൻ പാർലമെന്റ് പാസാക്കിയപ്പോൾ, 'ന്യൂയോർക്ക് ടൈംസ്' എഡിറ്റോറിയലെഴുതി ഇന്ത്യൻ ജനാധിപത്യത്തിന് പ്രായപൂർത്തിയായെന്ന്. ഈ നിയമത്തിന്റെ 6(2) വകുപ്പ് വായിച്ചു നോക്കിയിരുന്നെങ്കിൽ മദ്രാസ് ഹൈക്കോടതി ഇങ്ങനെ ഒരു വിധി പറയുമായിരുന്നോ? വിവരത്തിനായി അപേക്ഷ സമർപ്പിച്ച ആളോട്, അയാളെ ബന്ധപ്പെടുന്നതിനാവശ്യമായ കാര്യങ്ങളൊഴികെ, വിവരം ആവശ്യപ്പെടുന്നതിന്റെ കാരണം നൽകുന്നതിന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെടാൻ പാടില്ലെന്നാണ് ഈ വകുപ്പ് വിലക്കുന്നത്.

**വിധിക്കാധാരമായ സംഭവം**

ബി. ഭാരതി എന്ന വിവരാവകാശ പ്രവർത്തകനാണ് ഈ വിധിയിലെ എതിർ കക്ഷി. പോണ്ടിച്ചേരി സ്വദേശിയായ ഭാരതി എഗ്മോർ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റിനെതിരെ 2011-ൽ ഹൈക്കോടതിയിൽ നൽകിയ പരാതികളുടെ തുടർ നടപടികളറിയാൻ സമർപ്പിച്ച നിരവധി വിവരാവകാശ അപേക്ഷകളിൽ ഹൈക്കോടതി രജിസ്ട്രാർ കൃത്യമായ മറുപടി നൽകാത്ത സാഹചര്യത്തിൽ, കേന്ദ്ര വിവരാവകാശ കമ്മീഷനെ സമീപിച്ചു. കൃത്യമായി വിവരം നൽകണമെന്ന് ഹൈക്കോടതി രജിസ്ട്രാറോട് കേന്ദ്ര കമ്മീഷൻ നിർദേശിച്ചു.

ഈ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ടാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

കൂടിയായ രജിസ്ട്രാർ ഹൈക്കോടതിയെ സമീപിച്ചത്. ഭാരതി അയച്ച 53 അപേക്ഷകൾ ഹൈക്കോടതിയുടെ ഭരണത്തിന്റെ താളം തെറ്റിക്കുമെന്നാണ് ഡിവിഷൻ ബെഞ്ചിന്റെ നിരീക്ഷണം.

31 വകുപ്പുള്ള വിവരാവകാശനിയമത്തിന്റെ വിവിധ വ്യവസ്ഥകൾ 31 ഖണ്ഡികകളുള്ള വിധിന്യായത്തിൽ വിശദമായി ഉദ്ധരിക്കുന്നുണ്ടെങ്കിലും ഏറ്റവും പ്രസക്തമായ 6(2) വകുപ്പിനെകുറിച്ച് പരാമർശിക്കുന്നതേയില്ല. ഈ വ്യവസ്ഥ ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് റദ്ദാക്കാൻ ഭരണഘടനാ കോടതി എന്ന നിലയ്ക്ക് ഹൈക്കോടതിക്ക് അധികാരമുണ്ട് എന്നതിൽ തർക്കമില്ല. എന്നാൽ പ്രസക്തമായ വകുപ്പ് ഒഴിവാക്കികൊണ്ടുള്ള ഈ വിധിന്യായം നിയമവിരുദ്ധമാണ് എന്ന വാദം ഉചിതമാണ്. നിയമവിദഗ്ധരുടെയും ആക്ടിവിസ്റ്റുകളുടെയും നിശിതമായ വിമർശനത്തിന് വിധേയമായ ഈ വിധിന്യായത്തിന്റെ വിവാദമായ പരാമർശം മദ്രാസ് ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പിന്നീട് പിൻവലിച്ചു.

**വിവരാവകാശ നിയമത്തിന്റെ ഭാവി**

2 ജി സ്പെക്ട്രം കേസിൽ പി.ചിദംബരത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നും വിവരാവകാശ നിയമപ്രകാരം പുറത്തു വന്നതോടെയാണ് യു.പി.എ. സർക്കാർ ഈ വരത്തിന്റെ കരുത്ത് ശരിക്കും അറിഞ്ഞത്. രണ്ടാം യു.പി.എ. സർക്കാറിന്റെ കാലത്തെ അധികാരദുർവിനിയോഗത്തിന്റെ സാക്ഷ്യപത്രങ്ങളാകുന്ന സുപ്രധാനരേഖകൾ അധികാരത്തിന്റെ അകത്തളങ്ങളിൽ നിന്ന് ഒന്നൊന്നായി പുറത്തുവരുന്നതും ഈ നിയമത്തിലൂടെയാണ്.

ഭരണകൂടത്തിന്റെ ഇരുൾ മൂടിയ അകത്തളങ്ങളിൽ സുതാര്യതയുടെ സൂര്യപ്രകാശം കടന്നു വന്നാൽ മാത്രമേ അഴിമതിയെന്ന ദുർഭൂതത്തെ അകറ്റി നിർത്താനാവൂ. അതിനുള്ള ശക്തമായ ആയുധമാകട്ടെ വിവരാവകാശ നിയമം.

**ഇന്ത്യയിലേത് ലോകത്തിലെ – രണ്ടാമത്തെ മികച്ച വിവരാവകാശ നിയമം**

ലോകത്തിലെ ഏറ്റവും ശക്തമായ വിവരാവകാശ നിയമങ്ങളിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യൻ നിയമത്തിനുള്ളത്. 95 രാഷ്ട്രങ്ങളിലെ അറിയാനുള്ള അവകാശനിയമങ്ങളെക്കുറിച്ച് 'സെന്റർ ഫോർ ലോ ആന്റ് ഡെമോക്രസി' നടത്തിയ പഠനമാണ് ഇന്ത്യൻ നിയമത്തിന്റെ മഹത്വം വെളിപ്പെടുത്തിയത്. അമേരിക്കയെയും ബ്രിട്ടനെയും ബഹുദൂരം പിന്തള്ളിയാണ് ഇന്ത്യ ഈ നേട്ടം കൈവരിക്കുന്നത്. ഇന്ത്യയ്ക്ക് മുന്നിലുള്ളത് സെർബിയ ആണ്. സ്ലോവേനിയ എന്ന രാജ്യവുമായാണ് ഇന്ത്യ രണ്ടാം സ്ഥാനം പങ്കുവെച്ചത്.

വിവരലഭ്യത, നിയമത്തിന്റെ വ്യാപ്തി, അപേക്ഷ സമർപ്പിക്കാനുള്ള ലളിതമായ നടപടിക്രമങ്ങൾ, ഒഴിവാക്കപ്പെട്ട വിവരങ്ങൾ, അപേക്ഷ നിരസിക്കാനുള്ള വ്യവസ്ഥകൾ, ശിക്ഷകൾ തുടങ്ങിയകാര്യങ്ങൾ ലോകത്തിലെ വിവിധ രാജ്യങ്ങളിലെ അറിയാനുള്ള അവകാശനിയമം വിശകലനം ചെയ്താണ് കാനഡ ആസ്ഥാനമായ മനുഷ്യാവകാശസംഘടന ഈ പഠനറിപ്പോർട്ട് തയ്യാറാക്കിയത്. ഒന്നാം സ്ഥാനം ലഭിച്ച സെർബിയയക്ക് 135 പോയിന്റ് ലഭിച്ചപ്പോൾ ഇന്ത്യക്ക് 130 പോയിന്റ് ലഭിച്ചു.

**രാഷ്ട്രീയ പാർട്ടികളും വിവരാവകാശ നിയമപരിധിയിൽ**

വിവരാവകാശ നിയമത്തിന് പത്ത് വയസ്സ് പൂർത്തിയാകുന്ന അവസരത്തിലും ഈ നിയമത്തിന്റെ പ്രഥമ ഭേദഗതിക്ക് ശ്രമിക്കുകയാണ് ദേശീയ രാഷ്ട്രീയ കക്ഷികൾ. ഇവരെ ഇതിന് പ്രകോപിപ്പിച്ചത് കേന്ദ്രവിവരാവകാശ കമ്മീഷന്റെ ഉത്തരവാണ്. കേന്ദ്ര സർക്കാരിൽ നിന്നും ഗണ്യമായ ധനസഹായം ലഭിക്കുന്ന രാഷ്ട്രീയകക്ഷികൾ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുമെന്ന ഉത്തരവ് കമ്മീഷൻ പുറപ്പെടുവിച്ചത് ഈ വിധിന്യായത്തെ മറികടക്കാനാണ്.

ആർ.ടി. ഐ. നിയമം 2(എച്ച്) വകുപ്പിലെ 'പൊതു അധികാരി' എന്ന നിർവചനത്തിൽ തങ്ങൾ ഉൾപ്പെട്ടിട്ടില്ലെന്ന ദേശീയ പാർട്ടികളുടെ നിലപാട് നിരാകരിച്ചു കൊണ്ടാണ് കമ്മീഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചത്. ഒന്നരമാസത്തിനകം രാഷ്ട്രീയ പാർട്ടികൾ അവരുടെ ആസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിലേതുപോലെ വിവരാവകാശ ഉദ്യോഗസ്ഥരേയും അപ്പീൽ അധികാരിയേയും നിയമിക്കണമെന്നാണ് കമ്മീഷൻ നിർദ്ദേശിച്ചത്. അപേക്ഷയ്ക്കുള്ള മറുപടി നാലാഴ്ചക്കകം നൽകണമെന്നും ഉത്തരവിൽ പറയുന്നു. സംഭാവനം, വരവ് ചെലവ് കണക്ക്, സ്ഥാനാർത്ഥി നിർണ്ണയം, പ്രകടനപത്രികയുടെ നടപ്പാക്കൽ തുടങ്ങിയ വിവരങ്ങളെല്ലാം രാഷ്ട്രീയകക്ഷികൾ ജനങ്ങളുമായി പങ്കുവെയ്ക്കേണ്ടിവരും. വിവരാവകാശ പ്രവർത്തകരായ സുഭാഷ് ചന്ദ്ര അഗർവാൾ, അനിൽ സൈബർവാൾ എന്നിവർ സമർപ്പിച്ച ഹർജികളിന്മേലാണ് കമ്മീഷന്റെ ഈ ഉത്തരവുണ്ടായത്.

ആറ് കാരണങ്ങളാണ് രാഷ്ട്രീയ പാർട്ടികൾ 'പൊതു അധികാരി' യാണെന്നു ചൂണ്ടിക്കാണിച്ച് ഹർജിക്കാർ കമ്മീഷനു മുമ്പാകെ വാദിച്ചത്.

1. തെരഞ്ഞെടുക്കപ്പെട്ട എം.പി., എം.എൽ.എ എന്നിവരെക്കുറിച്ച് ഭരണഘടനയുടെ 10-ാം പട്ടികയിൽ വിശദീകരിച്ചിട്ടുണ്ട്.

2. 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ 29 (സി) അനുസരിച്ച് ഇരുപതിനായിരം രൂപയിൽ കൂടുതലുള്ള സംഭാവനകൾ രാഷ്ട്രീയ പാർട്ടികൾ ആദായ നികുതി വകുപ്പിനെ അറിയിക്കണം.

3. 1968 ലെ തെരഞ്ഞെടുപ്പു ചിഹ്നവുമായി ബന്ധപ്പെട്ട ഉത്തരവനുസരിച്ച് ഇരുപതിനായിരം രൂപയിൽ കൂടുതലുള്ള സംഭാവനകൾ രാഷ്ട്രീയ പാർട്ടികൾ ആദായനികുതി വകുപ്പിനെ അറിയിക്കണം.

4. ആദായനികുതി നിയമത്തിലെ 13 (എ) വകുപ്പുപ്രകാരം രാഷ്ട്രീയ പാർട്ടികൾക്ക് ആദായ നികുതിയിൽ വൻ ഇളവ് അനുവദിക്കുന്നുണ്ട്.

5. പാർട്ടികൾക്ക് കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും സൗജന്യമായോ കുറഞ്ഞ നിരക്കിലോ ഭൂമിയും കെട്ടിടങ്ങളും അനുവദിക്കുന്നുണ്ട്. പാർട്ടികൾക്ക് പരോക്ഷമായി നൽകുന്ന സാമ്പത്തിക സഹായം വിവരാവകാശ നിയമത്തിലെ 'ഗണ്യമായ ധന സഹായം' എന്ന നിർവചനത്തിന്റെ പരിധിയിൽ വരുന്നതാണ്, മഹാനഗരങ്ങളിലെ കണ്ണായ സ്ഥലത്ത് ദേശീയ പാർട്ടികൾ പടുത്തുയർത്തിയ കെട്ടിടങ്ങൾ സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ്.

രാഷ്ട്രീയ പാർട്ടികൾക്ക് 30% ത്തോളം നികുതി ഇളവ് അനുവദിക്കാറുണ്ടെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടി. ഈ വാദമുഖങ്ങൾ അംഗീകരിച്ച കമ്മീഷൻ, ജനാധിപത്യവ്യവസ്ഥയിൽ സുപ്രധാനമായ പങ്കാണ് രാഷ്ട്രീയ പാർട്ടികൾക്ക് വഹിക്കാനുള്ളതെന്നും അവരുടെ പ്രവർത്തനങ്ങൾ സുതാര്യമായിരിക്കണമെന്നും വിവരങ്ങൾ വെബ്സൈറ്റിൽ സ്വമേധയാ പ്രസിദ്ധീകരിക്കണമെന്നും നിർദ്ദേശിച്ചു. ഈ വിധിക്കെതിരെ പ്രമുഖ രാഷ്ട്രീയകക്ഷികൾ എല്ലാം രംഗത്തുവന്നുകഴിഞ്ഞു.

ഭരണഘടനയെ സംരക്ഷിക്കുമെന്നും നിയമവാഴ്ചയെ പരിപാലിക്കുമെന്നും സത്യം ചെയ്യുന്ന രാഷ്ട്രീയകക്ഷികൾ എന്തു കൊണ്ട് വിവരാവകാശകമ്മീഷന്റെ വിധിയെ മാനിക്കുന്നില്ല എന്ന ചോദ്യം പ്രസക്തമാണ്. തെരഞ്ഞെടുപ്പുകാലത്ത് കോർപ്പറേറ്റുകളിൽ നിന്നും വാങ്ങുന്ന സംഭാവനകളാണ് ഭരണത്തിലേറുമ്പോൾ അഴിമതിക്ക് കാരണമാകുന്നത് എന്ന വസ്തുത വിവരാവകാശ നിയമത്തിലൂടെ പുറത്ത് വരും എന്നതാണ് ഈ നിയമത്തെ രാഷ്ട്രീയക്കാർ ഭയപ്പെടുന്നതിന് കാരണം. പക്ഷേ ഇതാണ് കാരണം എന്ന് ജനങ്ങളോട് പറയാനുള്ള ആർജവം എങ്കിലും നമ്മുടെ സമുന്നതരായ ദേശീയ രാഷ്ട്രീയ നേതാക്കൾ കാണിക്കുമോ?

**ലേഖകൻ ഹൈക്കോടതി അഭിഭാഷകനും വിവരാവകാശ നിയമ വിദഗ്ദ്ധനുമാണ്**




# 'മേക്ക് ഇൻ ഇന്ത്യ' യുടെ പ്രസക്തി

**കസ്തൂരി ചക്രവർത്തി, മനീഷ് മിശ്ര**

**ആയാസരഹിതമായി വ്യവസായം നടത്തുന്നത് സംബന്ധിച്ച് ലോകബാങ്ക് 2015 ൽ പുറത്തിറക്കിയ പട്ടികയിൽ ഇന്ത്യക്ക് 189 രാജ്യങ്ങളിൽ 142–ാം സ്ഥാനം മാത്രമാണുള്ളത്. ഇത് ഉത്കണ്ഠാജനകമായ വസ്തുതയാണെന്നതിൽ തർക്കമില്ല. വ്യവസായം നടത്താനുള്ള അന്തരീക്ഷം ഒരുക്കുന്നതിൽ മെയ്ക്ക് ഇൻ ഇന്ത്യ സവിശേഷ ശ്രദ്ധ കൊടുക്കുന്നുണ്ട്. ഈ രംഗത്തേക്ക് ആദ്യമായി കടന്നുവരുന്ന സംരംഭകരെ മാർഗനിർദ്ദേശം നൽകി വഴി നടത്തുന്നതിൽ നൽകുന്ന പ്രാധാന്യം ഉത്പാദന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കും.**

കഴിഞ്ഞ കുറെ വർഷങ്ങളായി വികസിത രാജ്യങ്ങൾ പലതും സാമ്പത്തിക മാന്ദ്യത്തിന്റെ ആഘാതങ്ങളിൽനിന്നും കടപ്രതിസന്ധിയിൽ നിന്നും കരകയറാൻ പ്രയാസപ്പെടുകയായിരുന്നു. എന്നാൽ ലോകത്തിലെ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ തുടർന്നു. ഇക്കഴിഞ്ഞ ജനുവരി 31-ന് കേന്ദ്രസ്ഥിതിവിവര കണക്ക് പദ്ധതി നടത്തിപ്പ് മന്ത്രാലയം പുറത്തുവിട്ട പുതിയ മാനദണ്ഡപ്രകാരമുള്ള ജി.ഡി.പി. കണക്കനുസരിച്ച് നമ്മുടെ രാജ്യമാണ് ഏറ്റവും വേഗത്തിൽ വളരുന്നത്. എന്നാൽ ഈ നേട്ടത്തിൽ സംതൃപ്തരായി നമുക്ക് തുടരുവാൻ കഴിയുമോ? ഇല്ല എന്നാണ് ഉത്തരം. കാരണം ഈ ത്വരിത സാമ്പത്തിക വളർച്ചയുടെ നേട്ടം സമൂഹത്തിന്റെ എല്ലാ തട്ടുകളിലും എത്തിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഒരു സമ്പദ്‌വ്യവസ്ഥയുടെ വികസനം എന്നു പറയുന്നത് അത് കാണിക്കുന്ന വളർച്ചാനിരക്കിനെ മാത്രം ആശ്രയിച്ചല്ല. സമൂഹത്തിന്റെ താഴേതട്ടിലേക്കുവരെ സാമ്പത്തിക വികസനത്തിന്റെ പ്രതിഫലനം എത്തിച്ചുകൊണ്ട് വേണം വളർച്ചാനിരക്ക് എന്ന അക്കങ്ങളുടെ കളി പ്രായോഗിക തലത്തിലെത്തേണ്ടത്.

സേവന മേഖലയുടെ വളർച്ചയിലൂന്നിയുള്ള ജി.ഡി.പി. വർധനയാണ് കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി ഇന്ത്യ ദർശിക്കുന്നത്. എന്നാൽ സേവനമേഖല ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാത്ത ഒന്നായതിനാൽ ജനസംഖ്യയിലെ ഗണ്യമായ ഒരു വിഭാഗം വളർച്ചയുടെ ഗുണഫലങ്ങൾക്ക് പുറത്തായി. ജനസംഖ്യയുടെ നല്ലപങ്കും തൊഴിലെടുക്കാവുന്ന പ്രായത്തിലുള്ളവരാണെന്നത് തന്നെ ഇരുതല വാളാണ്. അതിനാൽ ഗവൺമെന്റും നയരൂപീകരണം നടത്തുന്നവരും വളർച്ചാഗാഥയുടെ പരാജയങ്ങൾ സംബന്ധിച്ച് പഠനം ആരംഭിച്ചു. ഇവിടെയാണ് ഉത്പാദന മേഖലയുടെ പ്രസക്തി. സ്വയംപര്യാപ്തമായ സമ്പദ്‌വ്യവസ്ഥ പടുത്തുയർത്തുന്നതിലും അതുവഴി ഏറ്റവും ആവശ്യമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഉത്പാദന മേഖലക്കു പകരം വയ്ക്കാൻ മറ്റൊന്നില്ല.

**ആശയപരമായ വീക്ഷണം**

ഒരു സമ്പദ് വ്യവസ്ഥയുടെ വികസനത്തിലേക്കുള്ള പ്രയാണത്തെ മൂന്നായി തിരിക്കാമെന്ന് നേരത്തേതന്നെ തിരിച്ചറിഞ്ഞിട്ടുണ്ട്. തൊഴിലെടുക്കുന്നവരിൽ ഭൂരിഭാഗവും കൃഷിപ്പണി ചെയ്യുന്ന പരമ്പരാഗത സമൂഹമാണ് ഒന്നാമത്. വളർച്ചയെ നിർണ്ണയിക്കുന്ന ഉത്പാദനമേഖലകൾ അടങ്ങുന്നതാണ് രണ്ടാം വിഭാഗം. അവസാനമായി സേവനമേഖലയുടെ വളർച്ചയിലൂന്നിയ വികസിത സമ്പദ്ഘടനകളും. അമേരിക്ക, ബ്രിട്ടൻ, ജർമ്മനി തുടങ്ങി വികസിതലോകത്തെ പ്രതിനിധാനം ചെയ്യുന്ന രാജ്യങ്ങൾ ഈ രീതിയാണ് വളർച്ചാരംഗത്ത് പിന്തുടരുന്നത്. ഏഷ്യയിലെ വിശേഷിച്ച് തെക്കുകിഴക്കൻ ഏഷ്യയിലെ വളർന്നുവരുന്ന സമ്പദ്‌വ്യവസ്ഥകളായ ദക്ഷിണ കൊറിയ, ചൈന, തായ്‌വാൻ, വിയറ്റ്നാം എന്നിവയും ഇതേ പാതതന്നെ പിന്തുടരുന്നു.

**ഇന്ത്യയിൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യം എന്ത്?**
**(മേഖലാടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ വളർച്ച:)**

പരമ്പരാഗത വളർച്ചാ സിദ്ധാന്തങ്ങളിൽ നിന്ന് വേറിട്ട് നിൽക്കുന്ന വളർച്ചാ പാതയാണ് ഇന്ത്യ പിന്തുടരുന്നത്. പഞ്ചവത്സരപദ്ധതിക്കാലത്തെ വളർച്ചാനിരക്ക് സ്ഥിരമായ പുരോഗതി (ചിലപ്പോൾ ചാഞ്ചാട്ടം കാണിച്ചും)–നേടി. സ്വാതന്ത്ര്യത്തിന്റെ ആദ്യവർഷങ്ങളിൽ ഇന്ത്യയുടെ ജി.ഡി.പി.യിൽ പകുതിയും കാർഷികരംഗം സംഭാവന ചെയ്തു. 30 ശതമാനം സേവന മേഖലയും ബാക്കി 20 ശതമാനം വ്യവസായ മേഖലയും സംഭാവന ചെയ്തു. എന്നാൽ 1990 കളോടെ സേവന മേഖലയിൽ ഊന്നിയ വളർച്ചാരീതിയിലേക്കുള്ള മാറ്റത്തിന് തുടക്കമായി.

കാർഷികമേഖലയുടെ പങ്ക് കുറഞ്ഞുവന്നപ്പോൾതന്നെ സേവനമേഖല ജി.ഡി.പി.യിൽ പിടിമുറുക്കി. അങ്ങനെ നിലവിൽ ജി.ഡി.പി.യുടെ 60 ശതമാനവും സേവന മേഖലയുടെ സംഭാവനയായി. മറ്റു വികസിത രാജ്യങ്ങളിൽ നിന്ന് ഭിന്നമായി, കാർഷിക മേഖലയിൽ നിന്നും സേവന മേഖലയിലേക്ക് ഊന്നൽകൊടുത്തുകൊണ്ടുള്ള വളർച്ചയിലേക്ക് ഇന്ത്യമാറി. 1951–2014 കാലത്ത് ജി.ഡി.പി.യിലേക്ക് വ്യവസായ മേഖലയുടെ സംഭാവന 16 മുതൽ 26 വരെ ശതമാനമായിരുന്നു. ഈ പ്രവണത ആശങ്ക ഉയർത്തുന്നുണ്ട്. കാരണം വസ്തുക്കളുടെ നിർമ്മാണം, രാജ്യത്തെ തൊഴിലവസരസൃഷ്ടി എന്നിവയുടെ അടിസ്ഥാനം വ്യവസായങ്ങളും ഉത്പാദനവും ആണ്. വളർച്ചയുടെ ഗുണഫലങ്ങളും ജി.ഡി.പി.യിൽ വിവിധ മേഖലകളുടെ പങ്കിലുള്ള മാറ്റവും മനസിലാക്കണമെങ്കിൽ നാം തൊഴിൽ–തൊഴിലില്ലായ്മ സ്ഥിതി പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ മാത്രമേ സാമ്പത്തിക വളർച്ചയുടെ ഗുണഫലങ്ങൾ സമൂഹത്തിൽ എല്ലായിടത്തും എത്തുന്നുവെന്ന് ഉറപ്പുവരുത്തുവാൻ കഴിയൂ.

ഇന്ത്യയിലെ തൊഴിലില്ലായ്മ പ്രശ്നം രൂക്ഷമായി തുടരുകയാണ്. കൂടാതെ ജി.ഡി.പി.യിൽ 14 ശതമാനം മാത്രം സംഭാവനചെയ്യുന്ന കാർഷിക മേഖലയിൽ ആകെ തൊഴിലാളികളുടെ പകുതിയും പ്രവർത്തിക്കുന്നു. തൊഴിൽരംഗത്തെ കുറഞ്ഞ ഉല്പാദനക്ഷമതയ്ക്ക് തെളിവാണ് ഇത്. സേവനമേഖല ജി.ഡി.പി.യിൽ 60 ശതമാന

ത്തോളം സംഭാവനചെയ്യുന്നുവെങ്കിലും 25 ശതമാനം പേർക്കു മാത്രമേ തൊഴിൽ നൽകുന്നുള്ളൂ.

## സേവനത്തിലൂന്നിയ വളർച്ച

സേവന മേഖലയിൽ ഇന്ത്യക്ക് സ്വഭാവികമായിതന്നെ മുൻതൂക്കം ലഭിക്കുന്നുണ്ട്. സമ്പദ്‌വ്യവസ്ഥകൾ പക്വത നേടുന്നതോടെ നിയമസുരക്ഷാസേവനങ്ങൾ, ഗവേഷണവികസന പ്രവർത്തനങ്ങൾ തുടങ്ങിയവ പുറം കരാറുകളിലൂടെ നടത്താൻ വ്യവസായങ്ങൾ തയ്യാറാകുന്നു. ഇങ്ങനെ ജി.ഡി.പി.യിൽ സേവനമേഖലയുടെ പങ്ക് വർദ്ധിക്കുന്നു. ഐ.ടി. അനുബന്ധ സേവനങ്ങൾക്ക് യോജിച്ച വിധത്തിൽ ഇന്ത്യയിൽ കുറഞ്ഞ ചെലവിൽ മാനവവിഭവശേഷി യഥേഷ്ടം ലഭ്യമാണ്. വിദേശകമ്പനികൾ അവയുടെ ശാഖകൾ ഇവിടെ സ്ഥാപിച്ച് വൻതോതിൽ സേവനങ്ങൾ ഇന്ത്യൻ കമ്പനികളിലൂടെ പുറം കരാർ നൽകുന്നു. കൂടാതെ പ്രതിശീർഷ വരുമാനം ഉയർന്നതിനനുസരിച്ച് ആരോഗ്യം, വിദ്യാഭ്യാസം, വാർത്താവിനിമയം തുടങ്ങിയ സേവന മേഖലകളിൽ ചെലവാക്കുന്ന സംഖ്യയുംകൂടി.

**പട്ടിക: മേഖല തിരിച്ചുള്ള തൊഴിലവസരങ്ങൾ**

| വർഷം | കൃഷി/ അനുബന്ധ മേഖല | വ്യവസായം | സേവനങ്ങൾ |
|---|---|---|---|
| 1951 | 72.1 | 10.6 | 17.3 |
| 1991 | 66.9 | 12.7 | 20.4 |
| 2009–10 | 53.2 | 21.5 | 25.3 |

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ തൊഴിലവസര ഘടന വിവിധ മേഖലയിലെ മാറ്റങ്ങൾക്ക് അനുസരിച്ച് മാറിയിട്ടില്ലെന്ന് പട്ടികയിൽ കാണാം. ജി.ഡി.പി.യിലെ മേഖലാടിസ്ഥാനത്തിലുള്ള വിഹിതം, തൊഴിൽ ഘടന എന്നിവയുടെ വിശകലനം നമ്മെ എത്തിക്കുന്നത് സേവനമേഖലയുടെ വികസനം വളർച്ചാനിരക്കിനെ ഉയർത്തിയെങ്കിലും തൊഴിലവസരങ്ങൾ കൂടുതലായി ഉണ്ടായില്ലെന്ന കണ്ടെത്തലിലേക്കാണ്. ഇന്ത്യയുടെ തുല്യതയാർന്ന വികസനം എന്ന വിശാല ലക്ഷ്യത്തിന് ഇത് സഹായകമല്ലല്ലോ.

വിപണി താല്പര്യങ്ങളിൽ അധിഷ്ഠിതമായി നിന്ന് സേവനമേഖലയിലൂന്നിയ വളർച്ചയുടെ സ്ഥാനത്ത് ഗവൺമെന്റിന്റെ സജീവപിന്തുണയിൽ ഉത്പാദനമേഖലയിലൂന്നിയ വളർച്ചയിലേക്ക് ചുവട് മാറേണ്ടതിന്റെ ആവശ്യം ഇത് എടുത്തുകാട്ടുന്നു.

## ഇന്ത്യൻ ഉത്പാദന മേഖലയുടെ ആരോഗ്യം

സ്വാതന്ത്ര്യത്തിന് ശേഷം 1990 കളുടെ തുടക്കത്തിലെ ഉദാരവൽക്കരണം വരെയുള്ള വ്യവസായ ഉത്പാദന കാലഘട്ടത്തെ വ്യവസായ മേഖലയുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മൂന്നായി തിരിക്കാം. വേഗത്തിലുള്ള വ്യവസായ ഉത്പാദനത്തിന് (മഹലനോബിസ് മാതൃകയിൽ) സാക്ഷ്യം വഹിച്ച 1951–65 കാലം, വ്യവസായ മാന്ദ്യം ഉണ്ടായ 1965–80 കാലഘട്ടം, ഏറെക്കുറെ തിരിച്ചുവരവ് കാണിച്ച 1981–91 കാലഘട്ടം. പിന്നീടുള്ള കാലം വ്യവസായ മേഖലയ്ക്ക് പൊതുവിലും ഉത്പാദനരംഗത്തിന് പ്രത്യേകിച്ചും സമ്മിശ്രകാലമായിരുന്നുവെന്ന് പറയാം. പതിനൊന്നാം പദ്ധതി വരെ വളർച്ച 5–7 ശതമാനമായിരുന്നു. എന്നാൽ 2012–ന് ശേഷം പന്ത്രണ്ടാം പദ്ധതി കാലത്ത് ഉത്പാദനരംഗം മരവിപ്പ് നേരിടുകയാണ്. 2012–14 എന്നീ വർഷങ്ങൾ ഉത്പാദനമേഖലക്ക് നിരാശാജനകമാണെന്ന് 2013–14 ലെ സാമ്പത്തിക സർവേ ചൂണ്ടിക്കാട്ടിയിരുന്നു. വളർച്ച 0.2 ശതമാനം മാത്രമായിരുന്നു ഇക്കാലത്ത്.

ഭൂമി ഏറ്റെടുക്കൽ, പുനരധിവാസം, നിയമങ്ങളുടെ ആധിക്യം, വ്യക്തത ഇല്ലായ്മ, ഒരു ഫാക്ടറി സ്ഥാപിക്കുന്നതിന് അനുമതികൾ ലഭിക്കുന്നതിലെ തടസ്സങ്ങളും സങ്കീർണ്ണതയും, വിപണന തന്ത്രങ്ങളുടെ അഭാവം, കയറ്റുമതിക്ക് ഊന്നൽ കൊടുക്കാത്തത്, വെള്ളം, വൈദ്യുതി, അടിസ്ഥാന സൗകര്യ അപര്യാപ്തത തുടങ്ങി ഉത്പ്പാദന രംഗം നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. കഴിഞ്ഞ കാലങ്ങളിൽ സ്തംഭനാവസ്ഥ നേരിടുന്ന പദ്ധതികളിൽ അധിക പങ്കും

ഉത്പ്പാദന മേഖലയിലാണെന്ന് 2014-15 ലെ സാമ്പത്തിക സർവേ പറയുന്നു. ഉരുക്ക്, സിമന്റ്, വസ്ത്ര നിർമ്മാണം, ഭക്ഷ്യസംസ്കരണം തുടങ്ങിയവയാണ് ഇവയിൽ പലതും. ഫണ്ട് ഇല്ലായ്മ, ആവശ്യം കുറവ്, പ്രതികൂല വിപണി സാഹചര്യം എന്നിവ മൂലം 212 ഉത്പാദന പദ്ധതികൾ സ്തംഭനാവസ്ഥയിലാണ്.

## ഉത്പാദന മേഖലയെ ഉത്തേജിപ്പിക്കാനുള്ള നയങ്ങൾ

സംരംഭകർ, തൊഴിലാളികൾ എന്നീ രണ്ട് പങ്കാളികൾക്ക് ചുറ്റും കറങ്ങുന്നതാണ് ഉത്പ്പാദന മേഖല. ഇതിനിടയിൽ വരുന്ന ഗവൺമെന്റ് ഇവർ തമ്മിൽ സന്തുലനം ഉറപ്പാക്കുകയും ആശയ വിനിമയത്തിന് അവസരം നൽകുകയും ശരിയായ പ്രവർത്തനം ഉറപ്പു വരുത്താൻ വിധത്തിൽ വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയങ്ങളും പദ്ധതികളും ഉത്പ്പാദന മേഖലയാകെതന്നെ ഉത്തേജനം നൽകുന്നു.

## എന്തുകൊണ്ട് ഇന്ത്യയിൽ നിർമ്മിക്കണം?

ഇന്ത്യയെ ആഗോളാടിസ്ഥാനത്തിൽ തന്നെ ഉൽപാദന കേന്ദ്രമായി വികസിപ്പിക്കാനുള്ള ഗവൺമെന്റിന്റെ നയപരിപാടിയാണ് 'മെയ്ക്ക് ഇൻ ഇന്ത്യ'. ഉത്പാദനം വർധിപ്പിക്കാൻ വേണ്ടിയുള്ള നിക്ഷേപങ്ങൾ രാജ്യത്തേക്ക് ധാരാളമായി ആകർഷിക്കാൻ ലക്ഷ്യമിടുന്ന നയം ഉത്പ്പാദന മേഖല നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തി ഉചിതമായ പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കും.

## നടപടി ക്രമങ്ങളിലെ കാലതാമസം ഒഴിവാക്കൽ

വ്യവസായ ലൈസൻസ് അപേക്ഷകൾ ആഴ്ചയിൽ മുഴുവൻ ദിവസവും 24 മണിക്കൂറും സമർപ്പിക്കാൻ കഴിയും വിധം ഇ-ബിസ് പോർട്ടലിന് രൂപം നൽകി. പരിസ്ഥിതി അനുമതി ലഭ്യമാക്കുന്നത് ഓൺലൈൻ സംവിധാനത്തിലൂടെയാക്കി. ദേശീയ നിക്ഷേപ ഉത്പാദന മേഖലകൾക്ക് നയം അംഗീകാരം നൽകി. ഇതിനായി ഏകജാലക സംവിധാനം നടപ്പാക്കും.

## പുതിയ വിപണികളുടെ വികസനവും വിദഗ്ധ തൊഴിലാളികളെ ലഭ്യമാക്കലും

പുതിയ സ്മാർട്ട് സിറ്റികൾ, വ്യവസായ ഇടനാഴികൾ, വ്യവസായ കൂട്ടങ്ങൾ തുടങ്ങിയവയുടെ വികസനം യാഥാർത്ഥ്യമാകുന്നതോടെ മുന്നാക്ക-പിന്നാക്ക മേഖലകൾ തമ്മിൽ ബന്ധപ്പെടുത്താൻ സാധിക്കും. ബഹുതലങ്ങളിലായി നൂതന നിർമ്മാണ സാങ്കേതിക വിദ്യകളും ഇതുവഴി വികസിപ്പിക്കാം. ലോകത്തിൽ ഇന്ത്യൻ കമ്പനികൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കമ്പോഡിയ, മ്യാൻമാർ, ലാവോസ്, വിയറ്റ്നാം എന്നീ രാജ്യങ്ങളിൽ ഉത്പ്പാദന കേന്ദ്രങ്ങൾ ആരംഭിക്കാൻ നയം ലക്ഷ്യമിടുന്നു. കൂടാതെ യുവജനങ്ങളെ ലക്ഷ്യമിട്ട് പദ്ധതികളും നൈപുണ്യ വികസന കേന്ദ്രങ്ങളും സ്ഥാപിക്കും. നൈപുണ്യ വികസനം, സംരംഭകത്വം എന്നിവയ്ക്കായി പ്രത്യേക മന്ത്രാലയം സ്ഥാപിക്കുന്നതാണ് സ്വാഗതാർഹമായ മാറ്റം. രാജ്യത്തെ യുവാക്കൾക്ക് നവീന സാങ്കേതിക വിദ്യയിലും മറ്റും പ്രാവീണ്യം ലഭ്യമാക്കുന്നതിനായി മന്ത്രാലയം ദേശീയ നൈപുണ്യ വികസന കോർപറേഷൻ, ദേശീയ നൈപുണ്യ വികസന ഏജൻസി എന്നിവ മുഖേന നേതൃത്വം നൽകും. തുകൽ, ടെക്സ്റ്റൈൽ, ഭക്ഷ്യസംസ്കരണം, ചണം, പട്ടുനൂൽ കൃഷി, കരകൗശലം തുടങ്ങി തൊഴിലവസരങ്ങൾ കൂടുതൽ ലഭ്യമായ രംഗങ്ങളിൽ യുവാക്കൾക്ക് പ്രാവീണ്യം നൽകുന്നതിന് 'സ്കിൽ ഇന്ത്യ' പ്രാമുഖ്യം നൽകുന്നു. പ്രതിവർഷം 1,44,000 യുവാക്കൾക്ക് പരിശീലനം നൽകാൻ ഇന്ത്യൻ തുകൽ വികസന പരിപാടിയെ ചുമതലപ്പെടുത്തി. 2011 ൽ രൂപം നൽകിയ ദേശീയ ഉത്പ്പാദന നയം 2022 ഓടെ 100 ദശലക്ഷം തൊഴിലവസരങ്ങൾകൂടി സൃഷ്ടിക്കാൻ ലക്ഷ്യമിടുന്ന ഒന്നാണ്. ഇങ്ങനെ ആഗോള തലത്തിൽ മത്സരക്ഷമമായ ഉത്പ്പാദന മേഖല രാജ്യത്ത് വികസിച്ചു വരും.

## ഉന്നത മൂല്യമുള്ള വ്യവസായ മേഖലകളെ പ്രോത്സാഹിപ്പിക്കുക

ഉന്നത മൂല്യമുള്ള വ്യവസായ മേഖലകളിൽ വർധിച്ച ആഗോള പങ്കാളിത്തം ലക്ഷ്യമിട്ട്

നിക്ഷേപ പരിധിയിലും മറ്റു നിയന്ത്രണങ്ങളിലും അയവ് വരുത്തി. പ്രതിരോധ രംഗത്ത് നേരിട്ടുള്ള വിദേശ നിക്ഷേപ പരിധി 26 ശതമാനത്തിൽ നിന്നും 49 ശതമാനമായി ഉയർത്തി. അത്യാധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്ന പ്രതിരോധ ഉല്പന്ന പദ്ധതികളിൽ അതത് പദ്ധതികൾ പരിശോധിച്ച് 100 ശതമാനം വരെയും നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദനീയമാണ്. റെയിൽവേയിൽ നിശ്ചിത റെയിൽ അടിസ്ഥാന സൗകര്യ പദ്ധതികളുടെ നിർമ്മാണം, നടത്തിപ്പ്, അറ്റകുറ്റപ്പണി എന്നീ പദ്ധതികളിൽ 100 ശതമാനം നേരിട്ടുള്ള വിദേശ നിക്ഷേപം അനുവദിച്ചിട്ടുണ്ട്. ഇത്തരം നീക്കങ്ങളിലൂടെ ഉന്നത മൂല്യമുള്ള ഉത്പാദന പദ്ധതികളിൽ ഇന്ത്യക്ക് പ്രാവീണ്യം നേടാൻ കഴിയും.

**തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ**

അപായ സാധ്യതയില്ലാത്ത വ്യവസായങ്ങളിൽ സ്വയം സാക്ഷ്യപ്പെടുത്തൽ സംവിധാനം ഏർപ്പെടുത്തിയത് ചെറുകിട സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണെന്നു പറയാം. നമ്മുടെ തൊഴിൽ സേനയുടെ കേവലം 5 ശതമാനത്തിന് മാത്രം നൈപുണ്യ വികസന പരിശീലനം ലഭ്യമാകുന്ന സാഹചര്യത്തിൽ ഗ്രാമീണ യുവാക്കൾക്കായി ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജനയ്ക്ക് ഗവൺമെന്റ് തുടക്കമിട്ടത് മാറ്റത്തിന് നാന്ദി കുറിക്കും. വിവിധ മന്ത്രാലയങ്ങളിലായി വ്യാപിച്ചു കിടക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ധനമന്ത്രി ബജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ ദേശീയ നൈപുണ്യ ദൗത്യത്തിന് കീഴിൽ ക്രോഡീകരിക്കേണ്ടത് അനിവാര്യമാണ്.

**ചെറുകിട-ഇടത്തരം നിർമ്മാണ സ്ഥാപനങ്ങൾ മേയ്ക്ക് ഇൻ ഇന്ത്യയിൽ വഹിക്കുന്ന പങ്ക്**

തൊഴിലവസര സൃഷ്ടി, ജിഡിപിയിൽ ഉത്പാദന മേഖലയുടെ പങ്ക് വർദ്ധിപ്പിക്കൽ, കയറ്റുമതി പ്രോത്സാഹനം തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നതിലൂടെ ചെറുകിട-ഇടത്തരം ഉല്പന്ന സ്ഥാപനങ്ങൾക്ക് മെയ്ക്ക് ഇൻ ഇന്ത്യ ദൗത്യത്തെ ശക്തിപ്പെടുത്താൻ കഴിയും. ഇപ്പോൾ തന്നെ മൊത്തം വ്യവസായ ഉത്പാദനത്തിൽ ചെറുകിട-ഇടത്തരം മേഖല 45 ശതമാനം വിഹിതം നൽകുന്നുണ്ട്. കയറ്റുമതിയിൽ 40 ശതമാനവും.

സമ്പദ് വ്യവസ്ഥ മൊത്തത്തിൽ, ഉത്പാദന മേഖല പ്രത്യേകിച്ച്, മാന്ദ്യം നേരിടുന്ന കാലത്ത് ഉത്പാദനത്തിന്റെയും തൊഴിലവസരത്തിന്റെയും കാര്യത്തിൽ ചെറുകിട-ഇടത്തരം മേഖല സ്ഥിരമായ സംഭാവന നൽകുന്നുണ്ട്. എന്നിരുന്നാലും, മേഖല നേരിടുന്ന വെല്ലുവിളികൾ ആശങ്ക നൽകുന്നുണ്ട്. മൂലധന-വായ്പാ സൗകര്യങ്ങളുടെ പോരായ്മ, നവീന സാങ്കേതികവിദ്യയുടെ അഭാവം, ആഗോള വിപണിയിലേക്കുള്ള പരിമിതമായ അടുപ്പവും അവബോധവും ആശയവിനിമയവും, റോഡ്, വൈദ്യുതി, ജലവിതരണം തുടങ്ങി അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിൽ നിയമങ്ങളുടെ ബാഹുല്യം, വിദഗ്ധ തൊഴിലാളികളുടെ അഭാവം തുടങ്ങി മേഖല നേരിടുന്ന വെല്ലുവിളികൾ പലതാണ്.

ദേശീയ ഉത്പാദന മത്സരക്ഷമതാ പരിപാടി, വായ്പാ ഗാരന്റി പദ്ധതി, വ്യവസായ കൂട്ടങ്ങളുടെ വികസനം, 20,000 കോടി രൂപ സഞ്ചിത നിധിയോടെ ബജറ്റിൽ പ്രഖ്യാപിച്ച മുദ്ര ബാങ്ക് തുടങ്ങിയ ഗവൺമെന്റ് പദ്ധതികൾ മേയ്ക്ക് ഇൻ ഇന്ത്യയിൽ ചെറുകിട-ഇടത്തരം മേഖലയുടെ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതാണ്. അപ്രന്റീസ് പ്രോത്സാഹൻ യോജന ചെറുകിട ഇടത്തരം മേഖലക്ക് ഉത്തേജനം പകരും. ദേശീയ ചെറുകിട വ്യവസായ കോർപ്പറേഷൻ വഴി ചെറുകിട ഇടത്തരം മേഖലയുടെ ഉല്പന്നങ്ങൾ ഓൺലൈൻ മാർഗം ലഭ്യമാക്കുന്നത് തികച്ചും നവീനമായ വിപണന മാർഗമാണ്. www.msmeshopping.com എന്ന വെബ് സൈറ്റ് വഴിയാണ് വിലകുറഞ്ഞതും ഗുണമേന്മയേറിയതുമായ ഉല്പന്നങ്ങൾ ഉപഭോക്താക്കളിൽ നേരിട്ട് എത്തുക.

**അനായാസം വ്യവസായം നടത്തുന്നതിനുള്ള സാഹചര്യം**

ആയാസരഹിതമായി വ്യവസായം നടത്തുന്നത് സംബന്ധിച്ച് ലോകബാങ്ക് 2015 ൽ പുറത്തിറക്കിയ പട്ടികയിൽ ഇന്ത്യക്ക് 189 രാജ്യങ്ങളിൽ 142-ാം സ്ഥാനം മാത്രമാണുള്ളത്. ഇത് ഉത്കണ്ഠാജനകമായ വസ്തുതയാണെന്നതിൽ തർക്കമില്ല. വ്യവസായം നടത്താനുള്ള അന്തരീക്ഷം ഒരുക്കുന്നതിൽ മെയ്ക്ക് ഇൻ ഇന്ത്യ സവിശേഷ ശ്രദ്ധ കൊടുക്കുന്നുണ്ട്. ഈ രംഗത്തേക്ക് ആദ്യമായി കടന്നുവരുന്ന സംരംഭകരെ മാർഗനിർദ്ദേശം നൽകി വഴി നടത്തുന്നതിൽ നൽകുന്ന പ്രാധാന്യം ഉത്പാദന മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കും. കൂടാതെ, ലളിതവും നിയത രൂപമുള്ളതും ആയ നികുതി ഘടന കൊണ്ടുവരുന്നതിലും വിട്ടുവീഴ്ചയില്ല. ചരക്കുസേവന നികുതി (GST) എത്രയും വേഗം നടപ്പിൽ വരുന്നതോടെ ഇന്ത്യയിലെ വ്യവസായ അന്തരീക്ഷം തന്നെ മാറ്റത്തിന് വിധേയമാകും.

**ഉത്പാദന മേഖലയുടെ മുന്നോട്ടുള്ള പ്രയാണം**

ആഗോള വ്യാപകമായി തന്നെ പരിസ്ഥിതി സൗഹൃദ ഉല്പന്നങ്ങൾക്ക് അനുകൂലമായ സാഹചര്യം ഉരുത്തിരിഞ്ഞ് വന്നത് നമ്മുടെ ഉത്പാദന മേഖലക്ക് പ്രയോജനം ചെയ്യും. നമ്മുടെ സ്വന്തം തുണിത്തരങ്ങൾ, ചണം ഉല്പന്നങ്ങൾ എന്നിവയും കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിക്കാവുന്ന ഉപകരണങ്ങളും നിർമ്മിക്കാൻ പ്രോത്സാഹനം നൽകാൻ ഈ അവസരം ഉത്തമമാണ്.

രാജ്യത്തിനകത്തും പുറത്തും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതും അനിവാര്യമാണ്. റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗത മാർഗങ്ങൾ എന്നിവ വികസിപ്പിക്കുന്നതും വിശാലമായ കടൽത്തീരം വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതും ഉത്പാദന മേഖലക്ക് ശക്തമായ അടിത്തറ പാകും. നിർദ്ദിഷ്ട ചരക്ക്- വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വേഗത്തിലാക്കണം. ഇങ്ങനെ വ്യവസായ ഉത്പാദന രംഗത്ത് സുസ്ഥിരമായി ആവശ്യം നില നിർത്താൻ സാധിക്കും.

തദ്ദേശീയമായ സംസ്കാരവും പാരമ്പര്യവും തൊഴിലവസരങ്ങൾക്കും ഉത്പാദന മേഖലക്ക് മൊത്തത്തിലും പ്രയോജനപ്പെടുത്തണം. വിവിധ കലാരൂപങ്ങളും കരകൗശല വസ്തുക്കളും സംബന്ധിച്ച് സമഗ്രമായ അറിവ് ഉണ്ടായിരുന്നാൽ മികച്ച വിപണന തന്ത്രങ്ങളുടെ പിൻബലത്തോടെ അവ ആഭ്യന്തര ഉപഭോക്താക്കൾക്ക് എത്തിക്കാനാവും. കശ്മീരിന്റെ കമ്പിളി ഉല്പന്നങ്ങൾ, പഞ്ചാബിലെ ഫുൽക്കാരി, രാജസ്ഥാനിലെ ബന്ധേജ്, ആന്ധ്രാപ്രദേശിലെ പോച്ചംപ്പള്ളി, ബംഗാളിലെ ജംദാനിയും ടാന്റും, യുപിയിലെ ബനാറസ് എന്നിവ തദ്ദേശീയമായ തുണിത്തരങ്ങളിൽ ചിലതാണ്. പ്രദർശനങ്ങൾ, മേളകൾ തുടങ്ങിയവയിലൂടെ ഇന്ത്യയുടെ സവിശേഷമായ ഇത്തരം തുണി ഉല്പന്നങ്ങൾ ലോക ഫാഷൻ വേദികളിൽ എത്തിക്കാം. കൂടാതെ പുതിയ തലമുറ ഓൺലൈൻ വ്യാപാരത്തിൽ താല്പര്യം കാണിക്കുന്നതു മുതലെടുക്കാൻ ഓൺലൈൻ വിപണന കമ്പനികളുമായി സഹകരിച്ചും ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്താം. യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ ഇത്തരം നടപടികൾ സഹായിക്കും. ഗുണമേന്മ ഉറപ്പ് വരുത്താനും വിപണന സൗകര്യം ലഭ്യമാക്കാനും ഗവൺമെന്റ് സന്നദ്ധമായാൽ ഗ്രാമീണ മേഖലകളിൽ അത് പുതിയ വരുമാന ഉപാധിയാകും. ഇങ്ങനെ വളർച്ചയുടെ നേട്ടം ജനസംഖ്യയുടെ എല്ലാ തട്ടുകളിലും പരമാവധി എത്തിക്കാനും കഴിയും.

**കസ്തൂരി ചക്രബർത്തി നിതി ആയോഗിലെ റിസർച്ച് ഓഫീസറും മനീഷ് മിശ്ര ഇന്ത്യൻ റവന്യു സർവ്വീസ് ഉദ്യോഗസ്ഥനുമാണ്**

# നിങ്ങൾക്കറിയാമോ

## വിസ

വിസിറ്റേഴ്സ് ഇന്റർനാഷണൽ സ്റ്റേറ്റ് അഡ്മിഷൻ എന്നാണ് വിസ എന്ന വാക്കിന്റെ അർത്ഥം. ചാർട്ടവിസ എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് വിസ എന്ന വാക്കുണ്ടായത്. വിദേശ പൗരന്മാർക്ക് ഏതെങ്കിലും ഒരാവശ്യത്തിനായി താത്ക്കാലികമായി ഒരു രാജ്യത്തേക്കു സന്ദർശനാനുമതി നൽകുന്ന സമ്മതപത്രമാണ് വിസ. ഇന്ത്യാ ഗവൺമെന്റ് പ്രധാനമായും നൽകുന്ന നാലു വിസകൾ താഴെ പറയുന്നവയാണ്.

### ടൂറിസ്റ്റ് വിസ

ഇന്ത്യയിൽ വിനോദ സഞ്ചാരത്തിനായും സൗഹൃദ സന്ദർശത്തിനായും എത്തുന്ന വിദേശീയർക്ക് നൽകുന്നതാണ് ടൂറിസ്റ്റ് വിസ. അപേക്ഷകരുടെ പൗരത്വത്തിനനുസരിച്ച് ആറുമാസം വരെ വിസ അനുവദിക്കാറുണ്ട്. ടൂറിസ്റ്റ് വിസയിൽ വന്ന ഒരാൾക്ക് ആറുമാസത്തിലധികം ഇന്ത്യയിൽ നിൽക്കാനുള്ള അനുമതി ഉണ്ടായിരിക്കുകയില്ല. രണ്ടു സന്ദർശനത്തിനിടെ രണ്ടുമാസത്തെ ഇടവേള ഉണ്ടായിരിക്കണമെന്ന നിയമം നവംബർ 2012 ൽ എടുത്തുമാറ്റി.

### എംപ്ലോയ്മെന്റ് വിസ

ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത ഒരു സ്ഥാപനത്തിൽ ജോലി ചെയ്യുന്നതിനായി വിദേശ പൗരനു നൽകുന്ന അനുമതിയാണ് എംപ്ലോയ്മെന്റ് വിസ. ഇന്ത്യയിൽ വിസ ലഭിക്കുന്നതിന് ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള തെളിവുകൾ ഹാജരാക്കേണ്ടതാണ്. അതിൽ ജോലിയുടെ സ്വഭാവം, കരാർ, കാലാവധി എന്നിവ വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപേക്ഷകന് വർഷത്തിൽ 25000 ഡോളർ ശമ്പളമായി ലഭിക്കേണ്ടതുണ്ട്. എന്നാൽ സന്നദ്ധ പ്രവർത്തകർ, പാചകവിദഗ്ദർ, പരിഭാഷകർ, ഇംഗ്ലീഷ് ഇതര ഭാഷാധ്യാപകർ, വിദേശ ഹൈകമ്മീഷൻ അംഗങ്ങൾ ഇന്ത്യൻ എംബസിയിലുള്ളവ എന്നിവർക്ക് ഈ നിബന്ധനകൾ ബാധകമല്ല.

### ബിസിനസ് വിസ

ഇന്ത്യയിൽ ബിസിനസ്സ് ചെയ്യാൻ ഉദ്ദേശിക്കുന്ന വിദേശീയർക്കുള്ളതാണ് ബിസിനസ്സ് വിസ. ഇത് എംപ്ലോയ്മെന്റ് വിസയിൽ നിന്നും വ്യത്യസ്തമാണ്. കാരണം ബിസിനസ് വിസയിൽ വരുന്നവർ ഇന്ത്യയിലെ ഒരു സ്ഥാപനത്തിലും ജോലി ചെയ്യുന്നവരോ നിശ്ചിത വരുമാനം കൈപറ്റുന്നവരോ അല്ല. ഈ വിസയിൽ വരുന്നവർ അവർ ചെയ്യാനുദ്ദേശിക്കുന്ന ബിസിനസ്സുമായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ജോലിയുടെ സ്വഭാവം, ബിസിനസ്സ് ചെയ്യുന്ന കാലയളവിലെ താമസം, ബിസിനസ്സുമായി ബന്ധപ്പെട്ട് യാത്ര ചെയ്യാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ, ഇന്ത്യയിൽ താമസത്തിനുവേണ്ട ചെലവിനുള്ള പണം സ്വരൂപിക്കുന്നതെങ്ങനെ തുടങ്ങിയവ രേഖപ്പെടുത്തുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

### (X)എൻട്രി വിസ

മേൽപ്പറഞ്ഞ ഒരു ഗ്രൂപ്പിലും ഉൾപ്പെടാത്ത വിദേശ സഞ്ചാരികൾക്ക് നൽകുന്നതാണ് X വിസ. ഇന്ത്യയിൽ ജനിച്ച വിദേശ പൗരൻ, ഇന്ത്യൻ വംശജനായ വിദേശിയുടെ ഭാര്യ/ഭർത്താവ് കുട്ടികൾ, നീണ്ട കാലാവധിയുള്ള വിസയിൽ (എംപ്ലോയ്മെന്റ് വിസയോ ബിസിനസ്സ് വിസയോ) ഇന്ത്യയിൽ താമസിക്കുന്ന വിദേശ പൗരന്റെ ഭാര്യ/ഭർത്താവ്, കുട്ടികൾ എന്നിവർക്കാണ് X വിസ നൽകുന്നത്. X വിസയുള്ളവർക്ക് രണ്ടു സന്ദർശനത്തിനിടയിൽ രണ്ടു മാസത്തെ ഇടവേള ആവശ്യമില്ല. അതിനാൽ ഇന്ത്യൻ വംശജരായവർ ഈ വിസക്കാണ് അപേക്ഷ നൽകേണ്ടത്. X വിസയിൽ ഇന്ത്യയിൽ താമസിക്കുന്നവർക്ക് ഇവിടെ ജോലി ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കില്ല. X വിസയുടെ കാലാവധി എത്ര വേണമെങ്കിലും നീട്ടിയെടുക്കാവുന്നതാണ്. അതിനാൽ ആറുമാസം കൂടുമ്പോൾ തിരിച്ചു പോകേണ്ടതില്ല.

# പ്രഗതി

പ്രധാനമന്ത്രി ഈയിടെ ഉദ്ഘാടനം ചെയ്ത വിവിധോദ്ദേശ്യ മാതൃകാ സംവിധാനമാണ് പ്രഗതി(പ്രോ - ആക്ടീവ് ഗവേണൻസ് ആൻഡ് ടൈമിലി ഇംപ്ലിമെന്റേഷൻ). സാധാരണക്കാരുടെ പരാതികൾ പരിഹരിക്കുക, കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികൾ നിരീക്ഷിക്കുക, വിലയിരുത്തുക എന്നിവയാണ് ഈ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്.

### പ്രഗതിയുടെ പ്രധാന സവിശേഷതകൾ

1. മാസം തോറും പ്രധാന മന്ത്രി നേരിട്ട് എല്ലാ ഗവൺമെന്റ് സെക്രട്ടറിമാരും ചീഫ് സെക്രട്ടറിമാരുമായി വീഡിയോ കോൺഫ്രൺസിലൂടെ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തും

2. ഇത്തരത്തിലുള്ള ആദ്യ പരിപാടി 2015 മാർച്ച് 25 ന് ആരംഭിച്ചു. പ്രഗതിദിനം എന്ന് അറിയപ്പെടുന്ന എല്ലാ മാസത്തിലെയും നാലാമത്തെ ബുധനാഴ്ച്ചകളിൽ ഉച്ചകഴിഞ്ഞ് 3.30 ന് ഈ പരിപാടി തുടർന്നു നടക്കും.

3. പൊതുജനങ്ങളുടെ പരാതികൾ, നടന്നുകൊിരിക്കുന്ന പദ്ധതികൾ, പൂർത്തിയാകാത്ത പദ്ധതികൾ തുടങ്ങിയവയുടെ വിവരശേഖരത്തിൽ നിന്നായിരിക്കും പ്രധാനമന്ത്രിയെ അറിയിക്കാനുള്ള പ്രശ്നങ്ങൾ തെരഞ്ഞെടുക്കുക.

4. പരാതികളുടെ വിവരശേഖരണം, പ്രോജക്ട് മോണിറ്ററിംങ് ഗ്രൂപ്പ്, സ്ഥിതിവിവര മന്ത്രാലയം, അതിലെ പദ്ധതി നടത്തിപ്പ് എന്നിവയെ ഈ സംവിധാനം ഭാവിയിൽ ശക്തിപ്പെടുത്തും.

5. സാധാരണക്കാരും, സംസ്ഥാന നേതാക്കൾ, പൊതു പദ്ധതികളുടെ നടത്തിപ്പുകാർ തുടങ്ങിയവരും പ്രധാനമന്ത്രിയുടെ ഓഫീസുമായുള്ള കത്തിടപാടുകളും ഇതിലൂടെ പരിഗണിക്കും.

6. പരിഗണിക്കേ വിഷയങ്ങൾ പ്രഗതി ദിനത്തിന് ഏഴുദിവസം മുമ്പെ തയാറാക്കിയിരിക്കും.

7. ഇവ കേന്ദ്ര ഗവൺമെന്റ് സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിമാർക്കും പ്രത്യേക കമ്പ്യൂട്ടർ ആപ്ലിക്കേഷൻ വഴി പരിശോധിക്കാവുന്നതാണ്.

8. കേന്ദ്ര ഗവൺമെന്റ് സെക്രട്ടറിമാർക്കും ചീഫ് സെക്രട്ടറിമാർക്കും മൂന്നു ദിവസത്തിനുള്ളിൽ ഇതു സംബന്ധിച്ച അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്താം.

9. കേന്ദ്ര ഗവൺമെന്റ് സെക്രട്ടറിമാരും ചീഫ് സെക്രട്ടറിമാരും നല്കുന്ന അഭിപ്രായങ്ങൾ പ്രധാനമന്ത്രിയുടെ ഓഫീസ് ടീമിന് തലേ ദിവസം പരിശോധിക്കാം.

10. വിഷയം പ്രധാനമന്ത്രി ചർച്ച ചെയ്യാൻ തുടങ്ങുമ്പോൾ അതു സംബന്ധിച്ച് അതുവരെയുള്ള എല്ലാ വിശദാംശങ്ങളും സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്ന തരത്തിലാണ് ഈ പ്രോഗ്രാം സംവിധാനം ചെയ്തിരിക്കുന്നത്.

11. പ്രധാനമന്ത്രിയുടെ ഓഫീസ് ടീമിനൊപ്പം നാഷണൽ ഇൻഫർമാറ്റിക് സെന്ററും ചേർന്നാണ് ഈ പ്രോഗ്രാം വികസിപ്പിച്ചത്.

Yojana (Malayalam) May 2015 Rs. 10 RNI. 22588/72 Postal Regn. Regd. KL/TV (S) 29/2015-17
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1/5/2015




ഇന്ത്യാ ഗവൺമെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
സെന്റ് ജോസഫ്സ് പ്രസിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ് റോഡിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ – ദീപിക കച്ചൽ, സീനിയർ എഡിറ്റർ – ഡോ. നീതു സോണ എം.**